# പഞ്ചായത്ത് രാജ്

പുസ്തകം 50 ലക്കം 6 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം സെപ്റ്റംബർ 2010

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ്




## ഒക്ടോബർ 23 ഉം 25

- കാസർകോഡ്
- കണ്ണൂർ
- വയനാട്
- കോഴിക്കോട്
- പത്തനംതിട്ട
- കൊല്ലം
- തിരുവനന്തപുരം

- മലപ്പുറം
- പാലക്കാട്
- തൃശ്ശൂർ
- എറണാകുളം
- ഇടുക്കി
- കോട്ടയം
- ആലപ്പുഴ

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ്
കെ. പ്രശാന്ത് കുമാർ

10 തദ്ദേശഭരണ തെരഞ്ഞെടുപ്പ്: നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
എൻ. സുരാജ്

14 കാലാവസ്ഥാ വ്യതിയാനം എന്ത്? എന്തുകൊണ്ട്?
ഡോ. പ്രദീപ് കുമാർ പി.കെ



17 ഗ്രാമലക്ഷ്മിയുടെ പാദമുദ്ര അനന്തപുരിയിലും
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



18 പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപേക്ഷിക്കേണ്ടത് എന്തുകൊണ്ട് ?
പ്രൊഫ. പി കെ രവീന്ദ്രൻ



20 സിങ്കപ്പൂരിലെ വികസന മാതൃകകൾ
ജി. പത്മകുമാർ





24 വിദേശ ഇന്ത്യാക്കാരനുമായി വിവാഹം നടത്തുന്നതിനു മുൻപ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

26 അധികാര വികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

28 വേറിട്ട കാഴ്ചകൾ
ആർ. വേണുഗോപാൽ

30 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

32 പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്



35 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

38 സ്ത്രീയായി പിറന്നത് ആഘോഷമാക്കണം
വിദ്യാ ബാലൻ



40 പാലക്കാടിന്റെ മുറ്റം നിറച്ച റംലത്തിന്റെ കോഴിക്കുഞ്ഞുങ്ങൾ
ഡോ: മരിയ ലിസ മാത്യൂ

41 പെൺമനസ്സ്
ശശി മാവിൻമൂട്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### സ്മരണകളുണർത്തി

ആഗസ്റ്റ് ലക്കം പഞ്ചായത്ത് രാജ് മാസികയിലെ 'പൂവേ പൊലി പൂവേ' എന്ന ഓണത്തെപ്പറ്റിയുള്ള ലേഖനം പൂർവ്വസ്മരണകളെ ഉണർത്തുന്നതായിരുന്നു. അതിന്റെ ചരിത്ര പശ്ചാത്തലം, ആചാര ആഘോഷ രീതികൾ എല്ലാം പുതുതലമുറയ്ക്ക് അറിവ് പകരുന്നതാണ്. സമത്വ സുന്ദരമായ - കളവും ചതിയുമില്ലാത്ത മാവേലിയുടെ ഭരണം - ആ പഴയകാലത്തെ സങ്കൽപ്പിക്കുവാനും ജനങ്ങളുടെ ഒത്തൊരുമയെപ്പറ്റി ചിന്തിപ്പിക്കുവാനും ഡോ. വിളക്കുടി രാജേന്ദ്രന് കഴിഞ്ഞു എന്നതിൽ തർക്കമില്ല. ആശംസകളോടെ.

*ബാലചന്ദ്രൻ*
*മേപ്പാടത്ത്, തൃശൂർ*

### ഇനിയും സമ്പുഷ്ടമാക്കണം

പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിക്കുന്ന 'ഞാൻ കണ്ട ഡൽഹി' എന്ന ലേഖന പരമ്പര വളരെ വിജ്ഞാനപ്രദമാണ്. ഡൽഹിയുടെ സാമൂഹികവും സാംസ്കാരികവുമായ മേഖലകളിലേയ്ക്കും ജനങ്ങളുടെ ജീവിതരീതികളെക്കുറിച്ചും വെളിച്ചം വീശുന്ന ലേഖനപരമ്പര വായനക്കാർക്ക് വളരെ അറിവ് നൽകുന്നതാണ്. എന്നാൽ ഡൽഹിയുടെ ചരിത്രവും ചരിത്രസ്മരണകളെക്കുറിച്ചുള്ള വിശകലനങ്ങളും ഇതുവരെ പരമ്പരയിൽ കണ്ടില്ല. ഡൽഹിയെക്കുറിച്ചുള്ള കാതലായ ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി ഈ പരമ്പര സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*എ. സലീലാ ബീവി*
*കരമന, തിരുവനന്തപുരം*

### ഭൂജലപോഷണം : ഗൗരവമായി കാണണം

ഭൂജല സംരക്ഷണത്തെക്കുറിച്ച് പഞ്ചായത്ത് രാജ് മാസികയുടെ ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെല്ലാം മികവുറ്റതായി. ഭൂജല സംരക്ഷണത്തെക്കുറിച്ചും ജലത്തിന്റെ ഗുണമേന്മയെക്കുറിച്ചുമൊക്കെ ധാരാളം അറിവുകൾ ലഭ്യമായി. ഇന്ത്യയുടെ ശരാശരി വാർഷിക മഴ ലഭ്യത 1190 മില്ലിമീറ്ററായിരിക്കെ, കേരളത്തിൽ ലഭിക്കുന്ന 3000 മില്ലിമീറ്റർ മഴ വേണ്ടത്ര ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല എന്ന വസ്തുത ഗൗരവമായി നാം കാണേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് വരൾച്ച ബാധിത പ്രദേശങ്ങൾ ധാരാളമായി ഉണ്ട്. ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി ഭൂജല പോഷണം പരമാവധി നടത്തുന്നതിനുള്ള പദ്ധതികൾ അവിടങ്ങളിൽ കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. കുടിവെള്ളത്തിന്റെ സ്വഭാവഗുണങ്ങളുടെ വിശകലനം പ്രസിദ്ധീകരിച്ചത് ഉചിതമായി. കേരളത്തിൽ ഇത്തരം പരിശോധനകൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൂടി പ്രസിദ്ധീകരിച്ചാൽ നന്നായിരുന്നു.

*എസ്. സക്കീർഹുസൈൻ*
*പെരുമ്പറമ്പ്, പാലക്കാടൻ*

## ഇന്ത്യൻ രൂപയുടെ ചിഹ്നം ഉപയോഗിക്കണം

₹

സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരും ജീവനക്കാരും മേൽ കാണുന്ന ഇന്ത്യൻ രൂപയുടെ ചിഹ്നം ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നംപർ 77/2010/ഫിൻ, തീയതി 12.08.2010).

## "മധുരകേരളം-ഹരിതകേരളം"

### ആകാശവാണിയിൽ പുതിയ കൃഷിപാഠപരമ്പര

തേനീച്ച വളർത്തലിനെ ആധാരമാക്കി സമസ്തതല സ്പർശിയായ ഒരു സമഗ്ര കൃഷിപാഠപരമ്പര ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നു. തിരുവനന്തപുരം നിലയം തയ്യാറാക്കി അവതരിപ്പിക്കുന്ന 32 അദ്ധ്യായങ്ങളുള്ള ഈ പ്രക്ഷേപണ പരമ്പര ചെറു തേനീച്ച വളർത്തലിനും തേനധിഷ്ഠിത ഉല്പന്നങ്ങൾക്കും ഭക്ഷ്യോല്പാദന വർദ്ധനവിൽ തേനീച്ച വളർത്തലിനുള്ള പ്രാധാന്യമടക്കം എല്ലാ വിഷയങ്ങളും ഏറെ പ്രായോഗികതയോടെ ചർച്ച ചെയ്യുന്നുണ്ട്. ഈ പഠനപരമ്പരയ്ക്ക് ശീർഷകം നിർദ്ദേശിച്ചത് ശ്രോതാക്കളാണ്. എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും വൈകുന്നേരം 6.50ന് വയലും വീടും പരിപാടിയിലാണ് കൃഷിപാഠം പ്രക്ഷേപണം ചെയ്യുന്നത്.

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2010
പുസ്തകം 50
ലക്കം 6
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ് തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


എഡിറ്ററുടെ പേജ്

# പടിയിറങ്ങുകയായി, ചാരിതാർത്ഥ്യത്തോടെ

പുതിയ ഭരണസമിതികൾക്കുവേണ്ടി കേരളത്തിലെ തദ്ദേശഭരണ രംഗം വീണ്ടും ഒരു പൊതു തെരഞ്ഞെടുപ്പിന് സാക്ഷ്യം വഹിക്കുകയാണ്. 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപദവി ലഭിച്ചതിന് ശേഷം നടക്കുന്ന നാലാമത്തെ പൊതുതെരഞ്ഞെടുപ്പാണിത്. 2005ലെ ഗാന്ധിജയന്തി ദിനത്തിൽ അധികാരമേറിയ ഭരണസമിതികൾ അഞ്ച് വർഷത്തെ കാലയളവ് പൂർത്തിയാക്കി പടിയിറങ്ങുകയാണ്; ചാരിതാർത്ഥ്യത്തോടെ.

സംസ്ഥാനത്തിന്റെ പ്രാദേശിക ഭരണ രംഗത്തെ സമസ്തമേഖലകളിലും വളർച്ചയും പുരോഗതിയും ദൃശ്യമായ അഞ്ച് വർഷങ്ങളാണ് ഈ ഒക്ടോബർ 2 ന് അവസാനിക്കുന്നത്. നൂതനവും ഭാവനാപൂർണ്ണവും വൈവിദ്ധ്യം നിറഞ്ഞതും മാതൃകാപരവുമായ നിരവധി വികസന-ക്ഷേമ പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇക്കാലയളവിൽ ഇതൾ വിരിഞ്ഞത്. ശുദ്ധവും രോഗാണുവിമുക്തവുമായ പാൽ, സമ്പൂർണ്ണ തരിശുരഹിത ഗ്രാമം, പാതയോരങ്ങളിലെ വൃക്ഷവത്ക്കരണം, ഗ്രാമശ്രീ, ജൈവ പച്ചക്കറി ഗ്രാമം, സമ്പൂർണ്ണ ജൈവ ഗ്രാമം, ജനകീയ പച്ചക്കറി കൃഷി, ശുചീകരണ പട, ലേബർ ബാങ്ക്, സമഗ്ര വിദ്യാഭ്യാസം, ഗാർഹിക മാലിന്യ സംസ്ക്കരണം, ബഡ്സ് സ്ക്കൂളുകൾ, സാന്ത്വന ചികിത്സ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത സുസ്ഥിര വികസന മാതൃകകൾ. ഒരു വികസന പരീക്ഷണമെങ്കിലും പറയാനില്ലാത്ത സ്ഥാപനങ്ങൾ അപൂർവ്വമായിരിക്കും.

കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-ഉല്പാദന മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദികുറിക്കാനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. തകർന്നടിയുന്ന കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി ത്രിതല പഞ്ചായത്തുകൾ നടത്തിയ ചുവടുവെയ്പ് വളരെ പ്രാധാന്യമർഹിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത ഉറപ്പുവരുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റാനും ഭൂ ഉടമകൾ കൃഷി ചെയ്യാൻ തയ്യാറാകാതിരുന്ന ഭൂമിയിൽ കൃഷി നടത്താനും കഴിഞ്ഞിട്ടുണ്ട്. വർഷങ്ങളായി അരിയുടെ ഉല്പാദനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിരുന്ന നമ്മുടെ സംസ്ഥാനത്ത്, 2009-10 ൽ നെല്ലുല്പാദനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായത് കാർഷികരംഗത്ത് പഞ്ചായത്തുകൾ നടത്തിയ ശക്തമായ ഇടപെടലിന്റെ ഫലമാണെന്ന കാര്യം നിസ്തർക്കമാണ്. പച്ചക്കറി, പാൽ, മുട്ട തുടങ്ങിയവയുടെ ഉല്പാദനത്തിലും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ പലപ്പോഴും നിർണ്ണായകമായി. കേരളമാകെ പടർന്ന പകർച്ചപനിയെ വരുതിയിലാക്കുവാൻ നടത്തിയ പ്രതിരോധ-ശുചീകരണ പ്രവർത്തനങ്ങൾ കാര്യങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ ചിട്ടയായും തുടർപ്രക്രിയയായും മാറിയപ്പോൾ കേരളം നിർമ്മൽ സംസ്ഥാന പദവിയിലേയ്ക്ക് അടുത്തു. 85 ശതമാനം പഞ്ചായത്തുകളും കേന്ദ്ര സർക്കാരിന്റെ നിർമ്മൽ ഗ്രാമപുരസ്ക്കാരം കരസ്ഥമാക്കി. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയെന്ന ചുമതല സ്തുത്യർഹമായി നിറവേറ്റിയപ്പോൾ പലയിടങ്ങളിലും ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് സേവനത്തിന്റെ ഗുണമേന്മയും ഉയർന്നു. സർക്കാർ സ്ക്കൂളുകൾ പലതും സ്വകാര്യ മേഖലയുമായി കിടപിടിക്കത്തക്കതും അതിനു മുകളിലുമായത് വിദ്യാർത്ഥികളുടെ തിരിച്ചുവരവിനും അക്കാദമിക നിലവാരം ഉയരുന്നതിനും കാരണമായി. കേരളത്തെ ഭവനരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റുന്നതിനുള്ള പരിപാടിയുൾപ്പെടെ നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും ഇക്കാലയളവിലാണ്.

പൂർണ്ണമായും അഴിമതിരഹിതമായി തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിൽ നടപ്പാക്കുന്ന സംസ്ഥാനം എന്ന ഖ്യാതി കേരളത്തിന് നേടികൊടുത്തതിൽ പഞ്ചായത്തുകൾ വഹിച്ച പങ്ക് വലുതാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളും ഫ്രണ്ട് ആഫീസ് സംവിധാനം സജ്ജമാക്കിയതോടെ ജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനം വലിയൊരളവിൽ അഴിമതിരഹിതവും സുതാര്യവും സമയബന്ധിതവുമായി മാറിയിട്ടുണ്ട്. വിമർശനങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും സധൈര്യം അഭിമുഖീകരിച്ച് കക്ഷിരാഷ്ട്രീയ ഭേദമന്യേ കൊച്ചുകൊച്ചു പ്രവൃത്തികളിലൂടെ വലിയ കാര്യങ്ങൾ നാടിന് കൈവന്ന വർഷങ്ങളാണ് കടന്നുപോകുന്നത്. അധികാരവികേന്ദ്രീകരണ സ്മരണകളിൽ ഈ ഏട് എക്കാലവും പൂത്തുലഞ്ഞ് നില്ക്കും.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ്

## ഒക്ടോബർ 23,25

**കെ. പ്രശാന്ത് കുമാർ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിനുള്ള സമയക്രമം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ പ്രഖ്യാപിച്ചു. ഇനി ഏതാണ്ട് ഒന്നര മാസത്തോളം കേരളം തെരഞ്ഞെടുപ്പു നടപടികളിൽ മുഴുകുകയാണ്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് ഈ വർഷം തെരഞ്ഞെടുപ്പ് നടക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ ഒക്ടോബർ 23 നും മറ്റു ജില്ലകളിൽ 25 നുമാണ് തെരഞ്ഞെടുപ്പ് നടക്കുക. രാവിലെ 7 മുതൽ വൈകുന്നേരം 5 മണിവരെയാണ് പോളിംഗ്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും ഒക്ടോബർ 27-ന് നടക്കും. തദ്ദേശസ്ഥാപനങ്ങളിലെ 40000-ത്തോളം പോളിംഗ് സ്റ്റേഷനുകളിൽ ഒരേസമയം വോട്ടിംഗിനുള്ള സുരക്ഷാക്രമീകരണങ്ങളൊരുക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് വോട്ടെടുപ്പ് രണ്ട് ദിവസമായി നടത്തുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ മാതൃകാ പെരുമാറ്റചട്ടം നിലവിൽവന്നു. കണ്ണൂർ ജില്ലയിൽ




*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് തീയതികൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പി. കമാൽകുട്ടി പ്രഖ്യാപിക്കുന്നു.*

## തെരഞ്ഞെടുപ്പ് തീയതി

| തീയതി | ജില്ല | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ആകെ | ആകെ വാർഡുകൾ |
|---|---|---|---|---|---|---|---|---|
| 2010 ഒക്ടോബർ 23 | തിരുവനന്തപുരം | 73 | 11 | 1 | 4 | 1 | 90 | 1727 |
| | കൊല്ലം | 70 | 11 | 1 | 3 | 1 | 86 | 1610 |
| | പത്തനംതിട്ട | 54 | 8 | 1 | 3 | | 66 | 1033 |
| | കോഴിക്കോട് | 75 | 12 | 1 | 2 | 1 | 91 | 1697 |
| | വയനാട് | 25 | 4 | 1 | 1 | | 31 | 560 |
| | കണ്ണൂർ | 81 | 11 | 1 | 5 | | 98 | 1736 |
| | കാസർകോട് | 38 | 6 | 1 | 3 | | 48 | 875 |
| | **ആകെ** | **416** | **63** | **7** | **21** | **3** | **510** | **9238** |
| 2010 ഒക്ടോബർ 25 | ആലപ്പുഴ | 73 | 12 | 1 | 5 | | 91 | 1553 |
| | കോട്ടയം | 73 | 11 | 1 | 4 | | 89 | 1492 |
| | ഇടുക്കി | 53 | 8 | 1 | 1 | | 63 | 969 |
| | എറണാകുളം | 84 | 14 | 1 | 11 | 1 | 111 | 2023 |
| | തൃശ്ശൂർ | 88 | 16 | 1 | 6 | 1 | 112 | 2031 |
| | പാലക്കാട് | 91 | 13 | 1 | 4 | | 109 | 1903 |
| | മലപ്പുറം | 100 | 15 | 1 | 7 | | 123 | 2439 |
| | **ആകെ** | **562** | **89** | **7** | **38** | **2** | **698** | **12410** |
| | **മൊത്തം** | **978** | **152** | **14** | **59** | **5** | **1208** | **21648** |

## തെരഞ്ഞെടുപ്പ് സമയക്രമം

| | |
|---|---|
| തെരഞ്ഞെടുപ്പ് വിജ്ഞാപനം | 2010 സെപ്തംബർ 27 |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കൽ | സെപ്തംബർ 27 മുതൽ ഒക്ടോബർ 4 വരെ |
| സൂക്ഷ്മ പരിശോധന | ഒക്ടോബർ 5 |
| പത്രിക പിൻവലിക്കൽ | ഒക്ടോബർ 7 വരെ |
| വോട്ടെടുപ്പ് | ഒക്ടോബർ 23,25 |
| വോട്ടെണ്ണലും ഫലപ്രഖ്യാപനവും | ഒക്ടോബർ 27 |
| സത്യപ്രതിജ്ഞ | നവംബർ 1 |

മട്ടന്നൂർ നഗരസഭയിലെ തെരഞ്ഞെടുപ്പ് 2007-ൽ നടന്നതിനാൽ അവിടെ 2012 ലേ തെരഞ്ഞെടുപ്പ് നടക്കൂ. വേളം ഗ്രാമ പഞ്ചായത്തിന്റെ വോട്ടർ പട്ടിക സംബന്ധിച്ച് നടപടികൾ പൂർത്തിയാകാത്തതിനാൽ വേളം ഗ്രാമപഞ്ചായത്തിലും അതിന്റെ വാർഡുകൾ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മേൽപ്പറഞ്ഞ തീയതികളിൽ തെരഞ്ഞെടുപ്പ് നടക്കാനിടയില്ല.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വോട്ടിംഗ് യന്ത്രമുപയോഗിച്ചാണ് വോട്ടെടുപ്പ്. ഗ്രാമപഞ്ചായത്തിലേയ്ക്ക് വെള്ള നിറവും, ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പിങ്ക് നിറവും, ജില്ലാ പഞ്ചായത്തിലേയ്ക്ക് നീല നിറവുമുള്ള ബാലറ്റ് പേപ്പറാണ് ഉപയോഗിക്കുക.

തെരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. കേസുകൾമൂലം വാർഡ് പുനർവിഭജനം വൈകിയ സ്ഥലങ്ങളിലൊഴികെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. തെരഞ്ഞെടുപ്പിനുശേഷം നിലവിൽ വരുന്ന ഭരണസമിതിയിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ സംവരണം നിശ്ചയിച്ച് വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഇ-ഡ്രോപ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പ് ജോലിക്കായി രണ്ടരലക്ഷത്തോളം ഉദ്യോഗസ്ഥരെ നിയോഗിക്കുക.

### പഞ്ചായത്തുകളും നഗരസഭകളും

ഭരണഘടനയുടെ 73, 74 ഭേദഗതികളെത്തുടർന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും കേരള മുനിസിപ്പാലിറ്റി ആക്റ്റും നിലവിൽ വന്ന ശേഷം നടന്ന ഓരോ തെരഞ്ഞെടുപ്പിലും സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം വ്യത്യസ്തമായിരുന്നു. 1995 ൽ 991 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും ഉണ്ടായിരുന്നെങ്കിലും ഗ്രാമ പഞ്ചായത്തായി മാറ്റിയ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

**പ്രസിഡന്റ്/ചെയർമാൻ/മേയർ സ്ഥാനം സംവരണം: 2010**

| സ്ഥാപനം | എണ്ണം | സംവരണം | | | | | |
|---|---|---|---|---|---|---|---|
| | | സ്ത്രീ സംവരണം | പട്ടിക ജാതി | പട്ടിക വർഗ്ഗം | പട്ടിക ജാതി സ്ത്രീ | പട്ടിക വർഗ്ഗ സ്ത്രീ | ജനറൽ |
| ഗ്രാമ പഞ്ചായത്ത് | 978 | 432 | 50 | 7 | 50 | 7 | 432 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 67 | 8 | 1 | 8 | 1 | 67 |
| ജില്ലാ പഞ്ചായത്ത് | 14 | 7 | 1 | | | | 6 |
| മുനിസിപ്പാലിറ്റി | 60 | 28 | 2 | | 2 | | 28 |
| കോർപ്പറേഷൻ | 5 | 3 | | | | | 2 |
| **ആകെ** | **1209** | **537** | **61** | **8** | **60** | **8** | **535** |

വീണ്ടും മുനിസിപ്പാലിറ്റിയായി മാറിയതിനാൽ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം 990 ആയി കുറഞ്ഞു. 2000 ൽ 19 ഗ്രാമ പഞ്ചായത്തുകളെ തൊട്ടടുത്ത നഗരസഭകളിൽ ലയിപ്പിക്കുകയും 20 ഗ്രാമ പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കുകയും ചെയ്തതോടെ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം 991 ആയി. 2005ൽപുതിയ 8 ഗ്രാമ പഞ്ചായത്തുകൾ കൂടി രൂപീകരിച്ചപ്പോൾ ഇത് 999 ആയും വർദ്ധിച്ചു. എന്നാൽ 2010 ഒക്ടോബർ 1 പ്രാബല്യത്തിൽ 7 ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളാക്കുകയും നിലവിലുള്ള 15 പഞ്ചായത്തുകളെ നഗരസഭകളിൽ കൂട്ടിച്ചേർക്കുകയും ചെയ്തതിനാലും പുതിയ ഒരു ഗ്രാമ പഞ്ചായത്ത് രൂപീകരിച്ചതിനാലും ഈ തെരഞ്ഞെടുപ്പിൽ 978 ഗ്രാമ പഞ്ചായത്തുകളാണ് ഉണ്ടാവുക.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ എണ്ണത്തിൽ മാറ്റമൊന്നുമുണ്ടായിട്ടില്ലെങ്കിലും 2010 ൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടനയിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിൽ ഓരോ ബ്ലോക്കു പഞ്ചായത്ത് വീതവും കൊല്ലത്ത് രണ്ടു ബ്ലോക്ക് പഞ്ചായത്തുകളും ഇല്ലാതാവുകയും മലപ്പുറം, വയനാട് ജില്ലകളിൽ ഓരോന്നും കണ്ണൂർ, കാസർകോട് ജില്ലകളിൽ രണ്ടു വീതവും ബ്ലോക്ക് പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കഴക്കൂട്ടം ഗ്രാമ പഞ്ചായത്ത് കോർപ്പറേഷനിൽ കൂട്ടിച്ചേർത്തതിനെത്തുടർന്ന് ആ ബ്ലോക്ക് പഞ്ചായത്തിന്റെ പേര് പോത്തൻകോട് എന്ന്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം - തെരഞ്ഞെടുപ്പുകളിൽ**

| തദ്ദേശസ്വയംഭരണ സ്ഥാപനം | 1995 | 2000 | 2005 | 2010 |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 990 | 991 | 999 | 978 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 152 | 152 | 152 |
| ജില്ലാ പഞ്ചായത്ത് | 14 | 14 | 14 | 14 |
| മുനിസിപ്പാലിറ്റി | 55 | 53 | 53 | 60 |
| കോർപ്പറേഷൻ | 3 | 5 | 5 | 5 |
| **ആകെ** | **1214** | **1215** | **1223** | **1209** |

**വാർഡുകളുടെ എണ്ണം- തെരഞ്ഞെടുപ്പുകളിൽ**

| തദ്ദേശസ്വയംഭരണ സ്ഥാപനം | 1995 | 2000 | 2005 | 2010 |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 8-15 | 10-20 | 12-22 | 13-23 |
| ബ്ലോക്ക് പഞ്ചായത്ത് | 8-15 | 10-20 | 12-22 | 13-23 |
| ജില്ലാ പഞ്ചായത്ത് | 15-25 | 15-30 | 16-32 | 16-32 |

**ആകെ വാർഡുകളുടെ എണ്ണം - തെരഞ്ഞെടുപ്പുകളിൽ**

| തദ്ദേശസ്വയംഭരണ സ്ഥാപനം | 1995 | 2000 | 2005 | 2010 |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 10270 | 13259 | 16139 | 16680 |
| ബ്ലോക്ക് പഞ്ചായത്ത് | 1543 | 1638 | 2004 | 2095 |
| ജില്ലാ പഞ്ചായത്ത് | 300 | 307 | 339 | 332 |

### പുതിയ ഗ്രാമ പഞ്ചായത്തുകൾ-2010

| ക്രമ നമ്പർ | പുതിയ പഞ്ചായത്ത് | വിഭജിക്കപ്പെട്ട പഞ്ചായത്ത് | ജില്ല |
|---|---|---|---|
| 1 | ഇടമലക്കുടി | മൂന്നാർ | ഇടുക്കി |

### പുതിയ ഗ്രാമ പഞ്ചായത്തുകൾ-2005

| ക്രമ നമ്പർ | പുതിയ പഞ്ചായത്ത് | വിഭജിക്കപ്പെട്ട പഞ്ചായത്ത് | ജില്ല |
|---|---|---|---|
| 1 | ചിറക്കര | ചാത്തന്നൂർ | കൊല്ലം |
| 2 | കുമ്മിൾ | കടക്കൽ | കൊല്ലം |
| 3 | കോരുത്തോട് | മുണ്ടക്കയം | കോട്ടയം |
| 4 | ദേവികുളം | മൂന്നാർ | ഇടുക്കി |
| 5 | തെങ്കര | മണ്ണാർക്കാട് | പാലക്കാട് |
| 6 | മുതുവല്ലൂർ | ചീക്കോട് | മലപ്പുറം |
| 7 | കാലടി | തവനൂർ | മലപ്പുറം |
| 8 | കട്ടിപ്പാറ | താമരശ്ശേരി | കോഴിക്കോട് |

### പുതിയ ഗ്രാമ പഞ്ചായത്തുകൾ-2000

| ക്രമ നമ്പർ | പുതിയ പഞ്ചായത്ത് | വിഭജിക്കപ്പെട്ട പഞ്ചായത്ത് | ജില്ല |
|---|---|---|---|
| 1 | ഇളംപള്ളൂർ | കൊറ്റങ്കര | കൊല്ലം |
| 2 | പനയം | പെരിനാട് | കൊല്ലം |
| 3 | അമ്പലപ്പുഴ | അമ്പലപ്പുഴ | ആലപ്പുഴ |
| 4 | പുന്നപ്ര നോർത്ത് | പുന്നപ്ര | ആലപ്പുഴ |
| 5 | മണർകാട് | വിജയപുരം | കോട്ടയം |
| 6 | മാങ്കുളം | മൂന്നാർ | ഇടുക്കി |
| 7 | ഒക്കൽ | കൂവപ്പടി | എറണാകുളം |
| 8 | നിറമരുതൂർ | താനാളൂർ | മലപ്പുറം |
| 9 | പെരുവള്ളൂർ | തേഞ്ഞിപ്പലം | മലപ്പുറം |
| 10 | കണ്ണമംഗലം | വേങ്ങര | മലപ്പുറം |
| 11 | ചോക്കാട് | കാളികാവ് | മലപ്പുറം |
| 12 | പെരുമണ്ണക്ലാരി | പൊൻമുണ്ടം | മലപ്പുറം |
| 13 | മംഗലം | പുറത്തൂർ, വെട്ടം | മലപ്പുറം |
| 14 | പോത്തുകൽ | ചുങ്കത്തറ, എടക്കര | മലപ്പുറം |
| 15 | പെരുമണ്ണ | പെരുവയൽ | കോഴിക്കോട് |
| 16 | മൂപ്പൈനാട് | മേപ്പാടി | വയനാട് |
| 17 | ഉളിക്കൽ | പടിയൂർ കല്യാട് | കണ്ണൂർ |
| 18 | ചെറുപുഴ | പെരിങ്ങോം വയക്കര | കണ്ണൂർ |
| 19 | കള്ളാർ | പനത്തടി | കാസർകോട് |
| 20 | കുറ്റിക്കോൽ | ബേഡഡുക്ക | കാസർകോട് |

### നിലവിലില്ലാതായ ഗ്രാമ പഞ്ചായത്തുകൾ

**2000**

പെരുമ്പഴുതൂർ, നേമം, ഉള്ളൂർ, തിരുവല്ലം, കടകമ്പള്ളി, ആറ്റിപ്ര (തിരുവനന്തപുരം ജില്ല); കിളികൊല്ലൂർ, ശക്തികുളങ്ങര, ഇരവിപുരം, വടക്കേവിള (കൊല്ലം ജില്ല); അർത്താട്ട്, ഒല്ലുക്കര, വിൽവട്ടം, അയ്യന്തോൾ, കൂർക്കഞ്ചേരി, ഒല്ലൂർ (തൃശ്ശൂർ ജില്ല); എഴുവത്തിരുത്തി (മലപ്പുറം ജില്ല); ആണ്ടൂർ, കോടിയേരി (കണ്ണൂർ ജില്ല).

**2010**

കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, ശ്രീകാര്യം, കഴക്കൂട്ടം, വിഴിഞ്ഞം (തിരുവനന്തപുരം ജില്ല); കരുനാഗപ്പള്ളി (കൊല്ലം ജില്ല); നാട്ടകം, കുമാരനല്ലൂർ (കോട്ടയം ജില്ല); ഏലൂർ, മരട്, തിരുവാങ്കുളം, തൃക്കാക്കര (എറണാകുളം ജില്ല); പൂക്കോട്, തൈക്കാട്, പൊറത്തിശ്ശേരി, മേത്തല (തൃശൂർ ജില്ല); നിലമ്പൂർ, കോട്ടക്കൽ (മലപ്പുറം ജില്ല); ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, എലത്തൂർ (കോഴിക്കോട് ജില്ല); നീലേശ്വരം (കാസർകോട് ജില്ല).

### പുതിയ ബ്ലോക്ക് പഞ്ചായത്തുകൾ

**2010**

കാളികാവ് (മലപ്പുറം ജില്ല), പനമരം (വയനാട് ജില്ല), കല്ല്യാശേരി, പാനൂർ (കണ്ണൂർ ജില്ല), കാറഡുക്ക, പരപ്പ(കാസർകോട് ജില്ല).

### നിലവിലില്ലാതാകുന്ന ബ്ലോക്ക് പഞ്ചായത്തുകൾ

**2010**

തിരുവനന്തപുരം റൂറൽ (തിരുവനന്തപുരം ജില്ല), കരുനാഗപ്പള്ളി, അഞ്ചാലുംമൂട് (കൊല്ലം ജില്ല), കുളനട (പത്തനംതിട്ട ജില്ല), വൈറ്റില (എറണാകുളം ജില്ല), കൊടുങ്ങല്ലൂർ (തൃശൂർ ജില്ല).

മാറ്റിയിട്ടുമുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ നഗരസഭകളിൽ കൂട്ടിച്ചേർത്തതുമൂലം 2000, 2010 വർഷങ്ങളിൽ ജില്ലാ പഞ്ചായത്തുകളുടെ വിസ്തൃതിയിലും വ്യത്യാസം വന്നിട്ടുണ്ട്. എന്നാൽ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട് എന്നിവ 1995 മുതൽ ഇതുവരെ മാറ്റം വന്നിട്ടില്ലാത്ത ജില്ലാ പഞ്ചായത്തുകളാണ്.

നഗരസഭകളുടെ എണ്ണത്തിൽ 1995 നു ശേഷം 8 എണ്ണം വർദ്ധനവുണ്ടാകുകയും കൊല്ലം, തൃശ്ശൂർ മുനിസിപ്പാലിറ്റികൾ 2000 ൽ കോർപ്പറേഷനുകളായതിനാൽ 2 എണ്ണത്തിന്റെ കുറവു വരുകയും ചെയ്തിട്ടുണ്ട്.

**വാർഡുകളുടെ എണ്ണം**

1995 മുതലുള്ള തെരഞ്ഞെടുപ്പുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായ

## തദ്ദേശഭരണ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പ്ലാസ്റ്റിക് ഒഴിവാക്കണം

തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ പ്ലാസ്റ്റിക്കും പോളിത്തീനുമുപയോഗിച്ചുള്ള പ്രചാരണ സാമഗ്രികൾ ഒഴിവാക്കണമെന്ന് രാഷ്ട്രീയ കക്ഷികളോട് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ നിർദ്ദേശിച്ചു. പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്ന പ്രചാരണ വസ്തുക്കൾ ഒഴിവാക്കാൻ പ്രാദേശികഘടകങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ രാഷ്ട്രീയകക്ഷികളോട് അഭ്യർത്ഥിച്ചു. പ്രചാരണ സാമഗ്രികൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കാനാണ് തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുൻപുതന്നെ കമ്മീഷൻ ഇതു സംബന്ധിച്ച അറിയിപ്പ് നൽകിയത്. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കാൻ ജില്ലാ കളക്ടർമാരെ കമ്മീഷൻ ചുമതലപ്പെടുത്തി.

ത്തുകളിലെ വാർഡുകളുടെ എണ്ണം 1995 ൽ 8 മുതൽ 15 വരെയും 2000 ൽ 10 മുതൽ 20 വരെയും 2005 ൽ 12 മുതൽ 22 വരെയുമായിരുന്നു. 2010 ൽ അത് 13 മുതൽ 23 വരെയായി ഉയർന്നിട്ടുണ്ട്. ബ്ലോക്കു പഞ്ചായത്തുകളിലും ഇതേ കണക്കു തന്നെയാണ് ബാധകം. ആകെ വാർഡുകളുടെ എണ്ണം ഗ്രാമ പഞ്ചായത്തുകളിൽ 10720, 13250, 16139, 16680 എന്ന കണക്കിലാണ് വർദ്ധിച്ചത്.

ബ്ലോക്ക് പഞ്ചായത്തുകളിൽ 13 മുതൽ 23 വരെ സ്ഥാനങ്ങളാണ് ആക്റ്റിലെ വ്യവസ്ഥ അനുസരിച്ച് ഉണ്ടാകാവുന്നതെങ്കിലും ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ ( തിരൂരങ്ങാടി, കൊടുവള്ളി, കുന്ദമംഗലം) 18 സ്ഥാനങ്ങൾ മാത്രമാണുള്ളത്. ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 92 ലും 13 സ്ഥാനങ്ങൾ മാത്രമേയുള്ളു.

ജില്ലാ പഞ്ചായത്തുകളിൽ ഏറ്റവും കൂടിയ അംഗസംഖ്യയുള്ളത് മലപ്പുറത്തും (32) കുറവ് വയനാട്, കാസർകോട്, ഇടുക്കി എന്നിവിടങ്ങളിലുമാണ്(16).

**സംവരണം**

സീറ്റുകൾ, അദ്ധ്യക്ഷ സ്ഥാനം എന്നിവയുടെ സംവരണത്തിലും 2010ൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യാസം വന്നിട്ടുണ്ട്. ആകെ സ്ഥാനങ്ങളുടെ മൂന്നിലൊന്ന് സ്ത്രീകൾക്ക് സംവരണം ചെയ്തിരുന്നത് 50 ശതമാനമായി മാറിയതു കൂടാതെ മറ്റു സ്ഥലങ്ങളിലെ ഉപാദ്ധ്യക്ഷ സ്ഥാനങ്ങളും സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു. മാത്രമല്ല സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അദ്ധ്യക്ഷ പദവിയിലും അംഗത്വത്തിലും ആദ്യമായി സ്ത്രീ സംവരണം ഏർപ്പെടുത്തിയെന്നതും ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ഓരോ സ്ഥാനവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അദ്ധ്യക്ഷ പദവിയിൽ 50 ശതമാനവുമാണ് സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളത്. ■

*ലേഖകൻ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനിൽ സൂപ്രണ്ടാണ്*

## ആരാധനാലയങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കരുത്

ആരാധനാലയങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുപയോഗിക്കുന്നത് കുറ്റകരമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ആസന്നമായ തദ്ദേശതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഏതാനും ജാതി-മത സംഘടനകൾ ആരാധനാലയങ്ങൾ ഉപയോഗിച്ച് വോട്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷന്റെ പ്രസ്താവന. സ്വതന്ത്രവും നിക്ഷ്പക്ഷവുമായി തങ്ങൾക്കിഷ്ടമുള്ള സ്ഥാനാർത്ഥികൾക്ക് വോട്ട് രേഖപ്പെടുത്താൻ എല്ലാ പൗരന്മാർക്കും അവകാശമുണ്ട്. തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി സ്ഥാനാർത്ഥികൾക്കോ, രാഷ്ട്രീയകക്ഷികൾക്കോ വോട്ടർമാരോട് വോട്ട് അഭ്യർത്ഥിക്കാവുന്നതാണ്. സമ്മതിദായകനോ, സ്ഥാനാർത്ഥിക്കോ, അവർക്ക് താത്പര്യമുള്ള വ്യക്തികൾക്കോ എതിരായി സാമൂഹ്യബഹിഷ്കരണം, സാമൂഹിക-ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ പുറപ്പെടുവിക്കുന്നത് പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമത്തിലെ 120,144 വകുപ്പ് പ്രകാരമുള്ള കുറ്റമാണ്. ജാതിയുടേയോ, സമുദായത്തിന്റേയോ പേരിൽ വോട്ടു ചോദിക്കുന്നതും കുറ്റകരമായ പ്രവൃത്തിയാണ്. പള്ളികൾ. ചർച്ചുകൾ, ക്ഷേത്രങ്ങൾ, മറ്റ് ആരാധനാലയങ്ങൾ എന്നിവ തെരഞ്ഞെടുപ്പ് പ്രചാരവേദിയായി ഉപയോഗിക്കരുതെന്ന് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*? സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനും തമ്മിൽ എന്താണ് ബന്ധം?*

ഇന്ത്യയുടെ പാർലമെന്റിലേയ്ക്കും ഓരോ സംസ്ഥാന നിയമ നിർമ്മാണ മണ്ഡലത്തിലേയ്ക്കും നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകൾക്കും ആവശ്യമായ സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിന്റേയും അവയിലേയ്ക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും നടത്തുന്നതിന്റേയും രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങളിലേയ്ക്ക് നടത്തുന്ന തെരഞ്ഞെടുപ്പുകളുടേയും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്ന ഭരണഘടനാ സ്ഥാപനമാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ (ഇന്ത്യൻ ഭരണഘടന അനുഛേദം 324). രാഷ്ട്രപതിയാണ് കമ്മീഷനെ നിയമിക്കേണ്ടത്. എന്നാൽ പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകളുടെ സമ്മതിദായകപട്ടിക തയ്യാറാക്കുക, തെരഞ്ഞെടുപ്പു നടത്തുക എന്നീ ചുമതലകൾ അതത് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന ഗവർണ്ണർ ആണ് ഈ കമ്മീഷനെ നിയമിക്കേണ്ടത്. (ഭരണഘടന 243,S,243,യ ക)

*? പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കാലാവധി എത്രയാണ്? ഇത് ദീർഘിപ്പിച്ചു നൽകുന്ന പതിവുണ്ടല്ലോ? അപ്രകാരം ദീർഘിപ്പിച്ചു നൽകാൻ ആർക്കാണ് അധികാരം?*

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ നിലവിൽ വരുന്നതിന് മുമ്പ് ഇപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ 1.6.1993 ൽ പ്രാബല്യത്തിൽ വന്ന ഭേദഗതിക്ക് ശേഷം അപ്രകാരം ദീർഘിപ്പിച്ചു നൽകാൻ ആർക്കും അധികാരമില്ല. ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും അതിന്റെ ആദ്യ യോഗത്തിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷത്തേയ്ക്ക് തുടരുന്നതും അതിനപ്പുറത്തേയ്ക്ക് തുടരാൻ പാടില്ലാത്തതാണെന്നും ഭരണഘടനയിലെ 243 ങ, പ എന്നീ വകുപ്പുകളിൽ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത കാലാവധി ദീർഘിപ്പിച്ചു നൽകാൻ കഴിയുകയില്ല.

*? സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്.?*

2009 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് പ്രകാരം സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സംവരണ വ്യവസ്ഥകൾ സമൂലമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ഇത് 06.10.2009 ന് പ്രാബല്യത്തിൽ വന്നു. ഇനി നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ ഈ സംവരണ




## തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

# നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

തത്വങ്ങൾ പാലിക്കേണ്ടതുണ്ട്. അവയുടെ സംക്ഷിപ്തവും ചുവടെ ചേർക്കുന്നു.

ആകെ വാർഡുകളുടെ എണ്ണം ഗ്രാമ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ പാടില്ല. ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ നിലവിലുള്ള പ്രകാരം 16 ൽ കുറയാനോ 32ൽ കവിയാനോ പാടില്ല.

ആകെ വാർഡുകളിൽ അൻപത് ശതമാനം വാർഡുകൾ അഥവാ സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അൻപതു ശതമാനം കണക്കാക്കുമ്പോൾ ഭിന്ന സംഖ്യ വരുന്ന പക്ഷം തൊട്ടടുത്ത ഉയർന്ന പൂർണ്ണസംഖ്യയായി നിജപ്പെടുത്തണം. അതായത് 17 വാർഡുകൾ ഉള്ള ഒരു പഞ്ചായത്തിൽ 9 വാർഡുകൾ വനിതകൾക്കായി സംവരണം ചെയ്യുന്നതാണ്. എന്നാൽ ആ പഞ്ചായത്തിൽ പട്ടികജാതി, പട്ടിവർഗ്ഗം എന്നീ വിഭാഗത്തിൽപെട്ട വനിതകൾക്കായി ഏതെങ്കിലും വാർഡുകൾ സംവരണം ചെയ്യുന്ന പക്ഷം ആ വാർഡുകൾ ഉൾപ്പെടെ 50 ശതമാനം വനിതാ സംവരണം ഉണ്ടായാൽ മതിയാവും.

ഓരോ പഞ്ചായത്തിലേയ്ക്കും പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയും ആ പഞ്ചായത്തിലെ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ആ അനുപാതം കഴിയാവുന്നിടത്തോളം പാലിച്ചുകൊണ്ട് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വാർഡുകൾ സംവരണം ചെയ്യേണ്ടതാണ്. ഇപ്രകാരം സംവരണം ചെയ്യുന്ന വാർഡുകൾ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അതിന്റെ 50 ശതമാനം ആ വിഭാഗത്തിൽപെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ സംവരണം ചെയ്യുന്ന വാർഡുകൾ ആ പഞ്ചായത്തിലെ വിവിധ വാർഡുകൾക്ക് ആവർത്തന ക്രമമനുസരിച്ച് നീക്കിവയ്ക്കണം.

*? സംവരണ വാർഡിലേയ്ക്ക് മത്സരിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്?*

ഏതെങ്കിലും പ്രത്യേക വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള വാർഡിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ, സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തി- അതായത് മത്സരിക്കുന്ന ആൾ ആ വിഭാഗത്തിൽ പെട്ടയാളാണെന്ന് ഉറപ്പ് വരുത്തണം. ഏത് പഞ്ചായത്തിലേയ്ക്കാണോ മത്സരിക്കാൻ ആഗ്രഹിക്കുന്നത് ആ പഞ്ചായത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള വാർഡിലേയ്ക്ക് മത്സരിക്കുന്നതിന് നാമനിർദ്ദേശപത്രിക സമർപ്പിക്കുമ്പോൾ, സ്ഥാനാർത്ഥി ആ വിഭാഗത്തിലോ, ജാതിയിലോ, വർഗ്ഗത്തിലോ, ഉൾപ്പെട്ട അംഗമാണെന്ന് രേഖപ്പെടുത്തിക്കൊണ്ട് ആധികാരികതയുള്ള ഉദ്യോഗസ്ഥൻ നല്കിയ ജാതി സർട്ടിഫിക്കറ്റ് നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കിയിരിക്കണം. അതോടൊപ്പം ജാതി/ വർഗ്ഗം സംബന്ധിച്ച ഒരു സത്യപ്രസ്താവന നാമനിർദ്ദേശ പത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുകയും ചെയ്യണം.

വനിതകൾക്ക് സംവരണം ചെയ്ത വാർഡാണെങ്കിൽ സ്ഥാനാർത്ഥി വനിതയാണെന്ന സത്യപ്രസ്താവന നാമനിർദ്ദേശ പത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.

*? സംവരണം ചെയ്യാത്ത സ്ഥാനങ്ങളിലേയ്ക്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ടവർക്ക് മത്സരിക്കാൻ കഴിയുമോ? പട്ടികജാതിക്കായി സംവരണം ചെയ്ത വാർഡിൽ പട്ടികജാതി വനിതയ്ക്ക് മത്സരിക്കാമോ?*

തീർച്ചയായും മത്സരിക്കാം. സംവരണം ചെയ്യാത്ത വാർഡുകൾ ജനറൽ വാർഡായാണ് കണക്കാക്കുക. അതിൽ മറ്റ് യോഗ്യതകൾ ഉള്ള ആർക്കും മത്സരിക്കാം. പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ സംവരണം ചെയ്ത വാർഡിൽ ആ വിഭാഗത്തിലെ സ്ത്രീക്കും പുരുഷനും മത്സരിക്കാം. എന്നാൽ ഏതെങ്കിലും വിഭാഗത്തിൽപെട്ട വനിതകൾക്ക് സംവരണം ചെയ്തതാണെങ്കിൽ വനിതയ്ക്ക് മാത്രമേ മത്സരിക്കാൻ കഴിയൂ.

*? നഗരസഭയിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ പഞ്ചായത്തിൽ മത്സരിക്കാൻ കഴിയില്ലേ?*

കഴിയില്ല. തെരഞ്ഞെടുപ്പ് നടക്കുന്നതിന്റെ മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും സർക്കാരിലേയ്ക്കോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കോ താൻ കൊടുക്കേണ്ടതായ ഏതെങ്കിലും ഇനം സംബന്ധിച്ച കുടിശ്ശിക വരുത്തുകയും അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാളുടെ മേൽ യഥാവിധി നടത്തുകയും അതിൽ വല്ല കാലാവധിയും നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ കാലാവധി കഴിയുകയും ചെയ്തിട്ടുണ്ടെങ്കിൽ അയാൾ മത്സരിക്കാൻ യോഗ്യനല്ല. (പഞ്ചായത്ത് രാജ് നിയമം 34 ജെ - 2009 ൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരം) നാമനിർദ്ദേശ പത്രിക സൂക്ഷ്മപരിശോധന നടത്താൻ നിശ്ചയിച്ച തീയതിക്ക് മുമ്പായി യോഗ്യത നേടിയാൽ മതിയാവുന്നതാണ്.

*? അങ്കണവാടി വർക്കർമാർക്ക് മത്സരിക്കാമോ?*

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 30-ാം വകുപ്പ് പ്രകാരം സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾ മുതലായവയിലെ ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത കല്പിച്ചിട്ടുണ്ട്. 2010ലെ കേരള പഞ്ചായത്ത് രാജ് (2-ാം ഭേദഗതി) ഓർഡിനൻസ് പ്രകാരം പാർട്ട്-ടൈം ജീവനക്കാരെയും ഓണറേറിയം കൈപ്പറ്റുന്നവരെയും ജീവനക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*? വികലാംഗർക്ക് സംവരണമുണ്ടോ?*

ഭിന്നശേഷിയുള്ളവർ (differently abled) എന്നു വേണം ഇത്തരത്തിലുള്ളവരെ സംബോധന ചെയ്യേണ്ടത്. ഇവരിൽ 'ബധിരമൂകൻ' ആയിട്ടുള്ളവർക്ക് മത്സരിക്കാൻ യോഗ്യതയില്ല. മറ്റുള്ളവർക്ക് മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ ഭിന്നശേഷിയുള്ളയാൾ എന്നത് അയോഗ്യതയല്ല. പ്രത്യേക സംവരണം നിലവിലില്ല. സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലും മത്സരിക്കാൻ കഴിയില്ല.

*?വക്കീലായി പ്രാക്ടീസ് ചെയ്യുന്നവർക്ക് മത്സരിക്കാൻ കഴിയുമോ?*

മത്സരിക്കാം. എന്നാൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുന്ന ആൾക്ക് മത്സരിക്കാൻ യോഗ്യതയില്ല. മാത്രമല്ല സർക്കാരിനു വേണ്ടിയോ അഥവാ ബന്ധപ്പെട്ട പഞ്ചായത്തിന് വേണ്ടിയോ, പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനായി ജോലി ചെയ്യുന്നു എങ്കിൽ അത് അയോഗ്യതയാണ്.

*? സഹകരണ സംഘം ജീവനക്കാർക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യതയുണ്ടോ? മത്സരിച്ച് വിജയിച്ചാൽ ജോലി രാജിവെയ്ക്കണമോ?*

സംസ്ഥാന സർക്കാരിന്റേയോ, കേന്ദ്രസർക്കാരിന്റേയോ അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റേയോ അല്ലെങ്കിൽ സംസ്ഥാനസർക്കാരോ കേന്ദ്രസർക്കാരോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലേയോ, അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള ഏതെങ്കിലും കമ്പനിയിലേയോ, സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ ഏതെങ്കിലും സർവ്വകലാശാലയിലേയോ യാതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അർഹതയില്ല. ഇതിൽ കമ്പനി എന്ന് പരാമർശിച്ചിരിക്കുന്നതിൽ കേരള സഹകരണസംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതുന്നതോ ആയ സഹകരണസംഘവും ഉൾപ്പെടുന്നതാണ്.

മേൽ പ്രകാരമല്ലാത്ത സഹകരണ സംഘത്തിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും മത്സരിക്കാവുന്നതാണ്. അവർ വിജയിച്ചു വന്നാൽ അവധി എടുക്കണമെന്ന് നിബന്ധനയില്ല. എന്നാൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടാൽ മുഴുവൻ സമയ പ്രവർത്തനം ആവശ്യമാണ്. ആ കാലയളവിൽ ശമ്പളമില്ലാത്ത പ്രത്യേക അവധി അനുവദിക്കുന്നതാണ്. ഈ പ്രത്യേക അവധിക്കാലം ഇംക്രിമെന്റിനും ശമ്പള വർദ്ധനവിനും പ്രൊമോഷനും പെൻഷനും 'നോഷണലായി' കണക്കാക്കുകയും ചെയ്യും. പക്ഷേ ഇതുമൂലമുള്ള സാമ്പത്തിക ആനുകൂല്യത്തിന് അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്ക് മാത്രമേ അർഹതയുള്ളു. അർഹതയുള്ള മറ്റ് അവധികൾ ഉണ്ടെങ്കിൽ അതും എടുക്കാവുന്നതാണ്.

*? എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള നിബന്ധനകൾ എന്താണ്?*

മത്സരിക്കാം. മറ്റ് നിബന്ധനകൾ സഹകരണ സംഘം ജീവനക്കാർക്ക് ഉള്ളതു പോലെ തന്നെയാണ്.

*? മറ്റ് ജോലി ചെയ്യുന്ന ആൾക്കാർ പഞ്ചായത്ത് മെമ്പറായാൽ ഓണറേറിയവും മറ്റ് ജോലിയിലെ വരുമാനവും സ്വീകരിക്കാമോ?*

സ്വീകരിക്കാം.

*? പഞ്ചായത്ത് പ്രസിഡന്റുമാരും നഗരസഭാ ചെയർപേഴ്സൺമാരും അവരുടെ ഭരണകാലത്ത് മറ്റ് തൊഴിലുകൾ ചെയ്യുന്നത് ശരിയാണോ?*

അവരുടെ പദവിയിൽ തുടരുമ്പോൾ അവർ മറ്റ് യാതൊരു തൊഴിലിലും ഏർപ്പെടാൻ പാടില്ല എന്ന് നിഷ്കർഷിക്കേണ്ടതില്ല. എന്നാൽ അവരുടെ പ്രവൃത്തികളോടു നീതി പുലർത്താൻ കഴിയുക എന്നത് പ്രധാനകാര്യമാണ്.

*? പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഉയർന്ന പ്രായപരിധി എത്രയാണ്?*

ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ കുറഞ്ഞ പ്രായം 21 വയസ്സാണ്. ഇത് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന തീയതിയിൽ പൂർത്തിയായിരിക്കണം.

*? ഓംബുഡ്സ്മാൻ മുമ്പാകെ ഒരു കേസ് നിലവിലുള്ളപ്പോൾ ആ കേസിലെ പ്രതിയായ ആൾക്ക് മത്സരിക്കാൻ കഴിയുമോ?*

കേസിൽ എതിർകക്ഷിയായി എന്നതുകൊണ്ട് മത്സരിക്കാൻ അയോഗ്യതയില്ല. എന്നാൽ ഒരു പഞ്ചായത്തിന്റെ ധനമോ മറ്റ് വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം നടത്തുകയോ ചെയ്തെന്ന് ഓംബുഡ്സ്മാൻ കണ്ടിട്ടുണ്ടെങ്കിൽ അത് അയോഗ്യതയാണ്.

*? കഴിഞ്ഞ ഭരണസമിതിയിൽ കാലുമാറ്റം നടത്തിയ വ്യക്തിക്ക് ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കാമോ?*

1999 ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) നിയമം പ്രകാരമാണ് ഒരു അംഗം കൂറുമാറ്റം നടത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടത്. ഇത് സംബന്ധിച്ച ഹർജി പരിഗണിക്കാനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമാണ്. ഹർജി ലഭിച്ചാൽ കമ്മീഷൻ ആവശ്യമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണവിചാരണ നടത്തിയതിന് ശേഷം അങ്ങനെയുള്ള അംഗം കൂറുമാറ്റം നടത്തിയതായി തീരുമാനിക്കുന്നപക്ഷം അങ്ങനെ തീരുമാനിക്കുന്ന തീയതി മുതൽ അയാൾ അംഗമായി തുടരുന്നതിന് അയോഗ്യനായിത്തീരും എന്ന് മാത്രമല്ല പ്രസ്തുത തീയതി മുതൽ ആറുവർഷക്കാലത്തേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള യാതൊരു തെരഞ്ഞെടുപ്പിലും മത്സരിക്കാൻ യോഗ്യതയില്ലാത്തതുമാകുന്നതാണ്.

*? വൈസ് പ്രസിഡണ്ട് സ്ഥാനത്തിനും സംവരണമുണ്ടോ?*

ഉണ്ട്. പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത ഒരു പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

*? സ്റ്റാന്റിംഗ് കമ്മിറ്റി സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്?*

സ്റ്റാന്റിംഗ് കമ്മിറ്റി സംവിധാനത്തിലും കൃത്യമായ മാറ്റങ്ങൾ 2009 ലെ ഭേദഗതി മുഖാന്തരം വരുത്തിയിട്ടുണ്ട്. അതുപ്രകാരം ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും പുതിയതായി ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി കൂടി നിലവിൽ വന്നു. അങ്ങനെ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് ഉണ്ടാവുക. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഒരു വനിതയെങ്കിലും നിർബന്ധമായും ഉണ്ടാവണമെന്നും നിബന്ധനയുണ്ട്. മാത്രമല്ല, വൈസ് പ്രസിഡന്റ് സ്ഥാനം വനിതാ സംവരണം ആണെങ്കിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വൈസ് പ്രസിഡന്റ് സ്ഥാനം ജനറൽ ആണെങ്കിൽ രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ചെയർമാൻ സ്ഥാനവും വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ സംവരണം ജില്ലാ പഞ്ചായത്തിൽ യഥാക്രമം രണ്ട് മൂന്ന് എന്ന് നിശ്ചയിച്ചിട്ടുണ്ട്.

*? തെരഞ്ഞെടുപ്പ് ദിവസം സർക്കാർ ഉദ്യോഗസ്ഥർക്ക് അവധിയാണ്. സ്വകാര്യ മേഖലയിലെ തൊഴിലാളികൾ എന്ത് ചെയ്യണം? അവധി ലഭിക്കുമോ?*

ലഭിക്കും. സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും വാണിജ്യ സ്ഥാപനത്തിലോ വ്യാപാരസ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അർഹതയുള്ളതുമായ ഓരോ ആൾക്കും പൊതു തെരഞ്ഞെടുപ്പ് ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകണമെന്ന് പഞ്ചായത്ത് രാജ് നിയമം 145 എ വകുപ്പിൽ നിർദ്ദേശിച്ചിട്ടുണ്ട്.

*? ഒരാൾക്ക് ഒരു പഞ്ചായത്തിലെ ഒന്നിൽ കൂടുതൽ വാർഡുകളിൽ മത്സരിക്കാൻ കഴിയുമോ?*

കഴിയില്ല. ഒരു പഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡിൽ മാത്രമേ മത്സരിക്കാൻ കഴിയൂ. ഒന്നിൽ കൂടുതൽ വാർഡുകളിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നത് നിയമത്തിൽ നിരോധിച്ചിട്ടുണ്ട്. എന്നാൽ ഒരേ വാർഡിലേയ്ക്ക് ഒന്നിൽ കൂടുതൽ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാം. ഇത് മൂന്നിൽ കൂടാനും പാടില്ല.

പക്ഷേ ഒരു പഞ്ചായത്തിൽ മത്സരിക്കുന്ന ആൾക്ക് മറ്റ് രണ്ടു തലത്തിലുമുള്ള ഓരോ പഞ്ചായത്തിൽ കൂടി മത്സരിക്കുന്നതിന് തടസ്സമില്ല. അതായത് ഒരേ സമയം ജില്ലാ പഞ്ചായത്തിലേയ്ക്കും ബ്ലോക്ക് പഞ്ചായത്തിലേയ്ക്കും ഗ്രാമ പഞ്ചായത്തിലേയ്ക്കും മത്സരിക്കാം. ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിൽ വിജയിച്ചു കഴിഞ്ഞാൽ ഏതെങ്കിലും ഒന്ന് നിലനിർത്തുകയും മറ്റുള്ളവ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

*? കഴിഞ്ഞ തെരഞ്ഞെടുപ്പിലെ കണക്കുകൾ ബോധിപ്പിക്കാത്ത ആൾക്ക് മത്സരിക്കാൻ കഴിയുമോ?*

ഇക്കാര്യത്തിൽ അയോഗ്യത കല്പിക്കേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ്. അപ്രകാരം അയോഗ്യത നിശ്ചയിച്ചശേഷം കമ്മീഷൻ ഗസറ്റിൽ പേരുവിവരം വിജ്ഞാപനം ചെയ്തു കഴിഞ്ഞാൽ ഉത്തരവിന്റെ തീയതി മുതൽ അഞ്ചുവർഷക്കാലം മത്സരിക്കുന്നതിന് അയോഗ്യതയുണ്ടായിരിക്കും.

*? എന്താണ് പെരുമാറ്റച്ചട്ടം? എന്തിനാണ് അതു നടപ്പാക്കുന്നത്?*

സ്വതന്ത്രവും നീതിപൂർവ്വവുമായി തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുള്ള ഒരു ആശയസംവിധാനമാണ് മാതൃകാപെരുമാറ്റച്ചട്ടം. രാഷ്ട്രീയ പാർട്ടികളുമായി കൂടിയാലോചിച്ചശേഷം അവരുടെ കൂടി അഭിപ്രായത്തോടെയും പൊതുവായ അംഗീകാരത്തോടെയും ആണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അത് രൂപപ്പെടുത്തുന്നത്. തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ തീയതികൾ-ഇലക്ഷൻ ഷെഡ്യൂൾ- ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരും. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും ഇത് ബാധകമാണ്. ഔദ്യോഗിക സംവിധാനം തെരഞ്ഞെടുപ്പിന് വേണ്ടി ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും നാട്ടിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ജനാധിപത്യ പ്രക്രിയയുടെ അന്തസ്സത്തയും മൂല്യവും സംരക്ഷിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു.

*? ദേശസാൽക്കൃത ബാങ്കിൽ നിന്നും വായ്പ എടുത്തു. കുടിശ്ശിക ആയതിനാൽ റവന്യൂറിക്കവറിക്ക് നോട്ടീസ് വന്നു. ഇതുമൂലം അയോഗ്യത വരുമോ?*

ഇല്ല. ദേശസാൽക്കൃത ബാങ്കിലേയ്ക്കുള്ള കുടിശ്ശികയ്ക്കാണ് റവന്യൂറിക്കവറി നടപടി. സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ കുടിശ്ശിക വന്നാൽ ഉണ്ടാവുന്ന അയോഗ്യതയുടെ കൂട്ടത്തിൽ ഇത് പെടുത്താവുന്നതല്ല.



*? നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത കല്പിക്കപ്പെട്ട ആൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാമോ?*




കഴിയില്ല. നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്ക് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ നിയമത്തിൻ കീഴിലോ ഒരാൾ അപ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുന്നു എങ്കിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും അയോഗ്യനായി കണക്കാക്കുന്നതാണ്.

*? ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള ആൾക്ക് മത്സരിക്കുന്നതിന് തടസ്സമുണ്ടോ?*

പ്രതിസ്ഥാനത്ത് ചേർത്തിരിക്കുന്നു എന്ന കാരണത്താൽ മാത്രം അയോഗ്യത വരുന്നില്ല. എന്നാൽ ഒരു കോടതിയാലോ ഒരു ട്രൈബ്യൂണലായോ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്ന് മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിച്ചിട്ടുണ്ടെങ്കിൽ അയോഗ്യനാണ്. മാത്രമല്ല അഴിമതിക്കുറ്റത്തിന് തത്സമയം പ്രാബല്യത്തിലുള്ള നിയമമനുസരിച്ച് തക്കതായ അധികാര സ്ഥാനം കുറ്റക്കാരനായി വിധിച്ചിട്ടുണ്ടെങ്കിലും ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ വിധിച്ചിട്ടുണ്ടെങ്കിലും അയോഗ്യതയുണ്ട്.

*? ഏതൊക്കെ കാരണങ്ങളാലാണ് ഒരാളുടെ നാമനിർദ്ദേശപത്രിക തള്ളിക്കളയുന്നത്?*

ഗുരുതരമായ സ്വഭാവത്തോടുകൂടിയ ഏതെങ്കിലും ന്യൂനതയുടെ കാരണത്തിൽമേലല്ലാതെ ഏതെങ്കിലും നാമനിർദ്ദേശപത്രിക തിരസ്കരിക്കുവാൻ പാടില്ല. അതിനാൽ വെറും സാങ്കേതിക പിശകുകളും എഴുത്ത് പിശകുകളും അവഗണിക്കപ്പെടേണ്ടതാണ്. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 55 (2) വകുപ്പിൽ ഏതെല്ലാം കാരണത്തിന്മേൽ ഒരു നാമനിർദ്ദേശ പത്രിക തിരസ്ക്കരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമല്ലാതെ യാതൊരു നാമനിർദ്ദേശപത്രികയും തിരസ്കരിക്കുവാൻ വരണാധികാരിക്ക് അധികാരമില്ല. ■

തയ്യാറാക്കിയത് : **എൻ. സുരാജ്,**
*ജോയിന്റ് ഡയറക്ടർ,*
*പഞ്ചായത്ത് വകുപ്പ്*



# കാലാവസ്ഥാ വ്യതിയാനം
## എന്ത്? എന്തുകൊണ്ട്?

ഡോ. പ്രദീപ് കുമാർ പി.കെ

കാലാവസ്ഥയും കാലാവസ്ഥാ വ്യതിയാനവും ഇന്ന് ആഗോളതലത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് ലോകത്ത് പലയിടത്തും ഇപ്പോൾ വളരെ ഗൗരവമേറിയതും വിശദവുമായ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. മനുഷ്യനിർമ്മിതമായ അനേകം ഉപഗ്രഹങ്ങളും അത്യന്താധുനികവുമായ ശാസ്ത്രോപകരണങ്ങളും ഇത്തരം പഠനങ്ങൾക്കായി ആഗോളതലത്തിൽ ഉപയോഗിക്കുന്നുമുണ്ട്. നാം വസിക്കുന്ന ഗ്രഹമായ ഭൂമിയുടെ അന്തരീക്ഷ താപനിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇതിന്റെ ആഘാതങ്ങൾ നമ്മുടെ അന്തരീക്ഷത്തിലും സമുദ്രത്തിലും മഞ്ഞുമലകളിലുമൊക്കെ വളരെ വ്യക്തമായി പ്രകടമാകാൻ തുടങ്ങിയിട്ടുണ്ട്.

കാലാവസ്ഥയുമായി ബന്ധപ്പെട്ട അന്തീരക്ഷ ഘടകങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണങ്ങൾ തുടങ്ങിയിട്ട് ഏകദേശം നൂറ്റമ്പത് കൊല്ലമേ ആയിട്ടുള്ളൂ. അന്നു മുതലുള്ള സ്ഥിതിവിവരക്കണക്കുകൾ അപഗ്രഥിച്ചാണ് താപവ്യതിയാനമുൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് വളരെ ആധികാരികമായി പറയുന്നത്. കാലാവസ്ഥാ വ്യതിയാനത്തിൽ പ്രധാനമായിട്ടുള്ളത് താപവ്യത്യാസമാണ്. ഇതിനോടനുബന്ധിച്ചിട്ടാണ് മറ്റുള്ള മാറ്റങ്ങൾ. അതായത് കാലവർഷങ്ങളിലുള്ള മാറ്റങ്ങൾ, ചുഴലിക്കാറ്റുകളുടെ എണ്ണത്തിലും തീവ്രതയിലുമുള്ള വർദ്ധന, ധ്രുവപ്രദേശങ്ങളിലുള്ള മഞ്ഞുമലകളും പർവ്വതനിരകളിലെ മഞ്ഞും പണ്ടത്തേതിനേക്കാളും അധികം ഉരുകുന്നത്, സമുദ്രനിരപ്പിന്റെ ക്രമേണയുള്ള ഉയർച്ച മുതലായവ.

**എന്താണ് അന്തരീക്ഷ താപനില ഉയരാനുള്ള കാരണം?**

മുഖ്യ കാരണക്കാർ നാം തന്നെ. മനുഷ്യർ. അനുദിനം മനുഷ്യന്റെ ജീവിത നിലവാരവും ക്രമങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ പെരുപ്പം ദിവസം ചെല്ലുന്തോറും കൂടി വരികയാണ്. മിക്ക വാഹനങ്ങളിലും ചില ഫാക്ടറികളിലും താപവൈദ്യുത നിലയങ്ങളിലും പ്രകൃതിവാതകം, പെട്രോളിയം ഉൽപ്പന്നങ്ങൾ, കൽക്കരി തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. ഇത്തരം ഇന്ധനങ്ങൾ കത്തിക്കുമ്പോൾ കാർബൺഡയോക്സൈഡും അതുപോലുള്ള മറ്റു വാതകങ്ങളും അന്തരീക്ഷവായുവിൽ കലരുന്നു. പ്രസ്തുത ഇന്ധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്തു നിന്നും അത് ഉപയോഗിക്കുന്ന ദിക്കിലേയ്ക്കോ അഥവാ അതിനിടയിൽ ഏതെങ്കിലും വിധത്തിലുള്ള ശുദ്ധീകരണത്തിനോ കൊണ്ടുപോകുമ്പോൾ പോലും മീഥേൻ, കാർബൺഡയോക്സൈഡ് തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് എത്തിച്ചേരാറുണ്ട്. ചില തരം ഇന്ധനങ്ങളുടെ ശുദ്ധീകരണ സമയത്തും മേൽസൂചിപ്പിച്ച വാതകങ്ങൾ അന്തരീക്ഷത്തിൽ കലരുന്നു.

**ഹരിതഗൃഹ വാതകങ്ങൾ**

സൗരോർജ്ജം കാരണം ഭൂമിയുടെ പ്രതലം ചൂടുപിടിക്കുന്നു. എന്തെങ്കിലും വസ്തുക്കൾ കത്തിയാൽ അതും പ്രതലത്തെ ചൂടുകൂട്ടാൻ സഹായിക്കും. ഇങ്ങിനെ ഭൂമിയുടെ പ്രതലം ചൂടുപിടി





ച്ചുണ്ടാകുന്ന ഊർജ്ജമാണ് ഭൗമോർജ്ജം. ഭൂമിയിൽ നിന്നും പുറത്തേയ്ക്ക് പോകുന്ന താപോർജ്ജത്തെ തടഞ്ഞു നിർത്തി ആഗിരണം ചെയ്യുകയോ ഭൂമിയിലേയ്ക്ക് തന്നെ പ്രതിഫലിപ്പിക്കുകയോ ചെയ്യുന്ന വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്നാണ് പറയുന്നത്. തണുത്ത കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ കണ്ണാടി പാളികൾ കൊണ്ടുണ്ടാക്കിയ കെട്ടിടങ്ങൾക്കും ഷെഡ്ഡുകൾക്കുമാണ് ഹരിതഗൃഹം എന്ന് പറയാറുള്ളത്. ഇപ്രകാരമുള്ള ഗ്ലാസ്സ് കെട്ടിടത്തിനുള്ളിലേയ്ക്ക് സൂര്യനിൽ നിന്നുള്ള പ്രകാശരശ്മികളും അൾട്രാവയലറ്റ് രശ്മികളും കടക്കുന്നു. അൾട്രാവയലറ്റ് രശ്മികൾ കൊണ്ട് ഭൂമിയുടെ പ്രതലത്തിൽ ഊർജ്ജം ഉൽപാദിപ്പിക്കപ്പെടുന്നു. ഈ ഊർജ്ജത്താൽ ഭൂമിയുടെ പ്രതലത്തിൽ നിന്നും ഇൻഫ്രാറെഡ് റേഡിയേഷൻ ഉണ്ടാകുകയും അത് അന്തരീക്ഷത്തിലേയ്ക്ക് കടക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ഗ്ലാസ്പാളികൾ ഇൻഫ്രാറെഡ് റേഡിയേഷനെ പുറത്തേയ്ക്ക് കടക്കാൻ അനുവദിക്കാത്തതിനാൽ ഊർജ്ജം അതിനുള്ളിൽ തന്നെ തങ്ങി നിൽക്കുന്നു. അതിനാൽ ഹരിതഗൃഹത്തിൽ താപനില പുറത്തുള്ളതിനേക്കാൾ കൂടുതലായിരിക്കും.

ഹരിതഗൃഹ വാതകങ്ങളും ഇപ്രകാരം ഭൂമിയിൽ നിന്നും ഉണ്ടാകുന്ന താപോർജ്ജത്തെ തടഞ്ഞു നിർത്തുകയാണ് ചെയ്യുന്നത്. ഹരിതഗൃഹത്തിന്റെ ഗ്ലാസ്സ് പാളികൾ പോലെ പാളികളായിട്ടല്ല നമ്മുടെ അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങൾ ഉള്ളത്. മറ്റുള്ള വാതകങ്ങൾക്കൊപ്പം മിശ്രിതമായിട്ടാണുള്ളത്. ഹരിതഗൃഹവാതകങ്ങൾക്കാണ് ഭൂമിയിൽ നിന്നുമുള്ള ഇൻഫ്രാറെഡ് റേഡിയേഷനെ ആഗിരണം ചെയ്യാനുള്ള കഴിവുള്ളത്. ഹരിതഗൃഹ വാതകങ്ങളുടെ കാഠിന്യമനുസരിച്ച് ആഗിരണ തോത് മാറിക്കൊണ്ടിരിക്കും. ഹരിതഗൃഹവാതകങ്ങൾ വില്ലന്മാരാണെന്ന് തെറ്റിദ്ധരിക്കരുത്. അന്തരീക്ഷത്തിൽ ഈ വാതകങ്ങൾ ഉള്ളതുകൊണ്ടു മാത്രമാണ് നമ്മുടെ ഗ്രഹം മനുഷ്യവാസയോഗ്യമായത്. ഭൂമിയിൽ താരതമ്യേന സമശീതോഷ്ണമായ കാലാവസ്ഥയുണ്ടാവാൻ കാരണം ഭൗമാന്തരീക്ഷവും അതിലെ ഹരിതഗൃഹവാതകങ്ങളുമാണ്. ഹരിതഗൃഹ വാതകങ്ങളുടെ അഭാവത്തിൽ ഭൂമിയിലും കഠിനമായ താപവ്യതിയാനങ്ങളുണ്ടാവുകയും ജീവൻ തന്നെ അസാദ്ധ്യമാകുകയും ചെയ്തേനെ. എന്നാൽ കഴിഞ്ഞ നൂറ്റൻപത് വർഷങ്ങൾക്കുള്ളിൽ അന്തരീക്ഷത്തിൽ അവയുടെ തോത് ഉയരാൻ തുടങ്ങി.

അന്തരീക്ഷവായുവിൽ 78.08% നൈട്രജനും 20.94% ഓക്സിജനും 0.93% ആർഗണും ആണ്. ഇവ മാത്രം 99.95 ശതമാനമായി. ബാക്കിയുള്ള എല്ലാ വാതകങ്ങളും കൂടി 0.05 ശതമാനത്തിലും താഴെ മാത്രമാണുള്ളത്. ഇതിനുള്ളിലാണ് ഹരിതഗൃഹ വാതകങ്ങളുടെ ആകെത്തുക. ഇത്ര ചെറിയ അളവിനുള്ളിൽ ഉണ്ടായ വ്യതിയാനങ്ങളാണ് ഇന്ന് നമ്മെ ആകാംക്ഷാഭരിതരാക്കുന്ന വിധത്തിലുള്ള കാലാവസ്ഥാ മാറ്റത്തിന് വഴിയൊരുക്കുന്നത്.

കാർബൺ ഡയോക്സൈഡ് ($CO_2$), മീഥേൻ ($CH_4$), നൈട്രസ് ഓക്സൈഡ് ($N_2O$), ഫ്ളൂറിൻ കലർന്ന വാതകങ്ങൾ ഇവയാണ് പ്രധാന ഹരിതഗൃഹവാതകങ്ങൾ. പെട്രോളിയം, കൽക്കരി, പ്രകൃതിവാതകം, വിറക് എന്നുവേണ്ട ഒട്ടുമിക്ക എല്ലാ ഇന്ധനങ്ങളും (ആണവ ഇന്ധനവും ഹൈഡ്രജനും ഒഴിച്ച്) കത്തുമ്പോൾ കാർബൺഡൈയോക്സൈഡ് ഉത്പാദിപ്പിക്കുന്നു. ഇതൊരു വാതകമാണെങ്കിലും ജലത്തിൽ നന്നായി ലയിക്കുമെന്നതിനാൽ സമുദ്രജലത്തിൽ ഇതിന്റെ വലിയൊരു ശേഖരമുണ്ട്. സമുദ്രജലത്തിന്റെ ചൂട് ക്രമാതീതമായി ഉയർന്നാൽ അതിൽ ലയിച്ചിരിക്കുന്ന കാർബൺഡൈയോക്സൈഡ് വൻതോതിൽ അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളാൻ സാദ്ധ്യതയേറെയാണ്.

ജൈവ വസ്തുക്കൾ ചീഞ്ഞളിയുമ്പോഴാണ് മീഥേൻ വാതകം ഉത്പാദിപ്പിക്കപ്പെടുക. ഓക്സിജന്റെ അഭാവത്തിൽ പ്രവർത്തിക്കുന്ന ആനെയ്റോബിക് ബാക്ടീരിയകൾ ആണ് ഇതിന്റെ കാരണക്കാർ. മീഥേൻ വാതകം പെട്രോളിയം വാതകം പോലെ വേഗം തീപിടിക്കുന്ന ഒരു സംഗതിയാണ്. അതിനാൽ ഇത് നല്ലൊരു ഇന്ധനവുമാണ്. ബയോഗ്യാസിൽ ഏകദേശം 65 ശതമാനം ഈ വാതകമാണ്. കടലിനടിയിൽ മീഥേൻ ഹൈഡ്രേറ്റ് പരലുകളായി മീഥേനിന്റെ വൻ നിക്ഷേപം തന്നെയുണ്ട്. സമുദ്രജലത്തിൽ അലിഞ്ഞു ചേർന്ന നിലയിലും മീഥേൻ ശേഖരമുണ്ട്. ജലാശയങ്ങൾ, പ്രത്യേകിച്ചും ജീവജാലങ്ങൾ വളർന്നു ചീഞ്ഞളിയാൻ സാദ്ധ്യതയുള്ള ജലാശയങ്ങൾ, മീഥേന്റെ ഉത്പാദനത്തിൽ വലിയൊരു പങ്ക് വഹിക്കുന്നു. ചില വ്യവസായശാലകളിൽ നിന്നും ചെറിയ തോതിൽ മീഥേൻ വാതകം അന്തരീക്ഷത്തിലേയ്ക്കെത്താറുണ്ട്.

നൈട്രേഡ് ഓക്സൈഡ് ഒരു ഹരിതഗൃഹ വാതകമാണ്. രാസവള ഉപയോഗം മൂലം കാർഷിക മണ്ണിൽ നിന്നാണ് ഈ വാതകം ഉടലെടുക്കുന്നത്. ചില ഇന്ധന ഉപയോഗമാണ് മറ്റൊരു പ്രധാന സ്രോതസ്സ്. അന്തരീക്ഷത്തിൽ നൈട്രസ് ഓക്സൈഡിന്റെ അളവ് കാർബൺ ഡയോക്സൈഡിനെ അപേക്ഷിച്ച് കുറവാണെങ്കിലും ആഗോള താപനശേഷി കാർബൺ ഡയോക്സൈഡിനേക്കാൾ കൂടുതലാണ്. ഫ്ളൂറിൻ കലർന്ന വാതകങ്ങളും ഹരിതഗൃഹവാതകമാണ്. ചില

**ആഗോളതാപം വർദ്ധിച്ചാൽ ഒരിടത്ത് കിട്ടേണ്ട മഴ വേറൊരു ദിക്കിലേയ്ക്ക് വഴിമാറിപ്പോകുമെന്നത് സംഭവ്യമാണ്. മഴയുണ്ടാകുന്നതിന് കാറ്റ് പ്രധാന പങ്കാണ് വഹിക്കുന്നത്. അന്തരീക്ഷ താപ വ്യത്യാസത്തിനനുസരിച്ച് മർദ്ദവ്യത്യാസമുണ്ടാകുകയും ഈ മർദ്ദവ്യത്യാസം കാറ്റിന്റെ ഗതിയെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഭൂമിയുടെ അന്തരീക്ഷത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന താപവ്യത്യാസങ്ങൾ കാറ്റിന്റെ ഗതിയെയും മാറ്റിമറിക്കുന്നു. ചൂടു കൂടുന്നതിനനുസരിച്ച് വായുവിലെ ഈർപ്പത്തിന്റെ അളവും കൂടും. ഇങ്ങിനെ, ഇത്തരം സാഹചര്യങ്ങളുള്ള പ്രദേശങ്ങളിൽ അപ്രതീക്ഷിതമായി വലിയ മഴ മേഘങ്ങൾ രൂപം കൊള്ളുകയും ശക്തമായ മഴയുണ്ടാകുകയും ചെയ്യും.**



**ഹരിതഗൃഹവാതകങ്ങൾ വില്ലന്മാരാണെന്ന് തെറ്റിദ്ധരിക്കരുത്. അന്തരീക്ഷത്തിൽ ഈ വാതകങ്ങൾ ഉള്ളതുകൊണ്ടു മാത്ര മാണ് നമ്മുടെ ഗ്രഹം മനുഷ്യവാസയോഗ്യമായത്. ഭൂമിയിൽ താരതമ്യേന സമശീതോഷ്ണമായ കാലാവസ്ഥയുണ്ടാവാൻ കാരണം ഭൗമാന്തരീക്ഷവും അതിലെ ഹരിതഗൃഹവാതകങ്ങ ളുമാണ്. ഹരിതഗൃഹ വാതകങ്ങളുടെ അഭാവത്തിൽ ഭൂമി യിലും കഠിനമായ താപവ്യതിയാനങ്ങളുണ്ടാവുകയും ജീവൻ തന്നെ അസാദ്ധ്യമാകുകയും ചെയ്തേനെ. എന്നാൽ കഴിഞ്ഞ നൂറ്റൻപത് വർഷങ്ങൾക്കുള്ളിൽ അന്തരീക്ഷത്തിൽ അവ യുടെ തോത് ഉയരാൻ തുടങ്ങി.**

വ്യവസായശാലകളിൽ നിന്നാണ് ഇത് പുറംതള്ളപ്പെടുന്നത്. കാർബൺഡയോക്സൈഡിനെ അപേക്ഷിച്ച് തോത് കുറവാണെങ്കിലും അപകടകാരിയാണ്.

### ശരാശരി താപനില

വ്യാവസായിക വിപ്ലവത്തിന്റെ തുടക്കത്തോടുകൂടിയാണ് ഹരിതഗൃഹ വാതകങ്ങളുടെ അളവിൽ കാര്യമായ മാറ്റമുണ്ടാവാൻ തുടങ്ങിയത്. ചില റിപ്പോർട്ടുകൾ പ്രകാരം ആയിരത്തി എഴുന്നൂറ്റി അൻപതിൽ (1750) 0.7 പി.പി.എം (പാർട്സ് പെർ മില്യൺ=ദശലക്ഷത്തിലൊരംശം) ആയിരുന്നു മീഥേനിന്റെ അന്തരീക്ഷത്തിലെ തോത്. എന്നാൽ ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് (1998) ആയപ്പോഴേയ്ക്കും ഇത് 1.75 പി.പി.എം ആയി ഉയർന്നു. ഇതേ കാലയളവിൽ നൈട്രസ് ഓക്സൈഡിന്റെ തോത് 0.27 പി.പി.എം ൽ നിന്നും 0.314 പി.പി.എം ആയി ഉയർന്നു. കാർബൺ ഡയോക്സൈഡാവട്ടെ 280 പി.പി.എം ൽ നിന്നും 377 പി.പി.എം ആയി ഉയർന്നു. ചിലർ കരുതുന്നതുപോലെ ഈ കാലയളവിൽ അന്തരീക്ഷത്തിലെ താപം അത്ര ഭയങ്കരമായി വർദ്ധിച്ചിട്ടൊന്നുമില്ല. കഴിഞ്ഞ ആറു കൊല്ലത്തിനുള്ളിൽ ഭൂമിയുടെ ഉപരിതലത്തിലെ ശരാശരി താപനില ഏകദേശം 0.74 ഡിഗ്രി സെന്റി ഗ്രേഡ് ഉയർന്നിട്ടുള്ളു എന്നും ഇന്നത്തെ നില തുടർന്നാൽ 2100 ആകുമ്പോഴേയ്ക്കും ഇത് 1.4 സെന്റിഗ്രേഡിനും 5.8 സെന്റിഗ്രേഡിനും ഇടയിൽ വർദ്ധന രേഖപ്പെടുത്തുമെന്നുമാണ് ശാസ്ത്രപഠനങ്ങൾ വെളിപ്പെടുത്തുന്നത്. അളവിൽ ഇത് ചെറുതായി തോന്നാമെങ്കിലും ഭൂമിയിൽ വൻതോതിലുള്ള പാരസ്ഥിതിക ആഘാതം ഉണ്ടാക്കാൻ ഇത് ധാരാളം മതി.

എല്ലാ ജീവജാലങ്ങൾക്കും ആവശ്യമായ പ്രകൃതി വിഭവങ്ങളെയും സൗകര്യങ്ങളെയുമാണ് ഇത് മാറ്റിമറിക്കാൻ പോകുന്നത്. സമുദ്രജല നിരപ്പിന്റെ ഉയർച്ചയിലാണ് വിപത്ത് പെട്ടെന്ന് പ്രകടമാകുക. ഭൂമിയുടെ പ്രതലത്തിലും അന്തരീക്ഷത്തിലും ശരാശരി ഒന്നോ രണ്ടോ ഡിഗ്രി സെൽഷ്യസ് താപം ഉയരുമ്പോൾ സമുദ്രത്തിൽ രണ്ടു കാര്യങ്ങൾ സംഭവിക്കും. ഒന്നാമതായി ഉപരിതലത്തിലെ വെള്ളത്തിന്റെ വ്യാപ്തികൂടും. ഏത് പദാർത്ഥവും അതിന്റെ ചൂട് വർദ്ധിക്കുമ്പോൾ ഒരു നിശ്ചിത അളവിൽ വികസിക്കും. ഈ തത്വപ്രകാരമാണ് സമുദ്രജലം മൊത്തമായി വികസിക്കുന്നത്. ഇങ്ങനെ വികസിക്കുമ്പോൾ സമുദ്രനിരപ്പ് ഉയർന്നുവരും. രണ്ടാമതായി മഞ്ഞ് ഉരുകലാണ്. ഭൂമിയുടെ രണ്ട് ധ്രുവങ്ങളിലും വലിയ ഐസ് പാളികളും മഞ്ഞു മലകളുമുണ്ട്. ഈ ഐസ് പാളികളും മഞ്ഞുമലകളും ഹിമാലയം, ആൽപ്സ് തുടങ്ങിയ മലനിരകളിലെ ഹിമവും ക്രമാതീതമായി ഉരുകി ആ ജലവും സമുദ്രത്തിൽ എത്തിച്ചേരുന്നു. ഈ വിധത്തിലും സമുദ്രനിരപ്പ് ഉയരും. ഇപ്പോൾ പ്രതിവർഷം ഏകദേശം ഒരു മില്ലിമീറ്റർ എന്ന തോതിൽ ജലനിരപ്പ് ഉയരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അന്തരീക്ഷ താപം വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നാൽ 2100 ആകുമ്പോഴേയ്ക്കും സമുദ്രനിരപ്പ് ഒരു മീറ്ററോളം ഉയരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

സമുദ്രനിരപ്പിൽ നിന്നും ഉയരം അധികമില്ലാത്ത ദ്വീപുകൾക്കും അവിടുത്തെ ആവാസ വ്യവസ്ഥയ്ക്കും ഇത് വലിയൊരു ഭീഷണിയാണ്. വൻകരകളിൽ തീരപ്രദേശത്ത് താമസിക്കുന്നവരെയും ഇത് കാര്യമായി ബാധിക്കും. ലോകത്ത് കടൽത്തീരത്തിനെ തൊട്ടൊരുമ്മി അനേകലക്ഷം ജനത ആണ് അന്തിയുറങ്ങുന്നതും ജീവിതം കെട്ടിപ്പടുത്തുയർത്തിയിട്ടുള്ളതും. താണ തീരദേശത്തെ ബീച്ചുകളുടെ വിസ്തീർണ്ണം കുറയും. ഒപ്പം കടലോരത്തുള്ള വീടുകൾ, കൃഷികൾ എന്നിവയ്ക്കും നഷ്ടം വരും. ഉയരുന്ന സമുദ്രനിരപ്പിനാൽ കടലാക്രമണകാലത്ത് നഷ്ടങ്ങൾ പലമടങ്ങ് വർദ്ധിക്കും. തീരദേശ റോഡുകൾ, പാലങ്ങൾ, ജലവിതരണക്കുഴലുകൾ, അഴുക്കുചാലുകൾ ഇവയ്ക്കൊക്കെ ഇത് ഭീഷണിയാണ്. ഭൂജലത്തിൽ അധികതോതിൽ കലരുന്ന ഉപ്പുവെള്ളം (സമുദ്രജലം) തീരദേശ കുടിവെള്ളത്തിനെയും കൃഷിയേയും സാരമായി ബാധിക്കും. സമുദ്രനിരപ്പ് ഉയരുന്നത് തീരപ്രദേശത്തുള്ള കെട്ടിടങ്ങൾക്കും വലിയൊരു ഭീഷണിയാണ്. കടലാക്രമണം തന്നെ മുഖ്യം. കൂടാതെ സമുദ്രനിരപ്പ് ഉയരുന്നതുമൂലം തീരദേശ ഭൂജലത്തിന്റെ സ്വഭാവം മാറി, ഉപ്പുരസമുള്ള

*പേജ് 27ൽ തുടരുന്നു*



**അന്തരീക്ഷവായുവിൽ 78.08% നൈട്രജനും 20.94% ഓക്സിജനും 0.93% ആർഗണും ആണ്. ഇവ മാത്രം 99.95 ശതമാനമായി. ബാക്കിയുള്ള എല്ലാ വാതകങ്ങളും കൂടി 0.05 ശതമാനത്തിലും താഴെ മാത്രമാണുള്ളത്. ഇതിനുള്ളിലാണ് ഹരിതഗൃഹ വാതകങ്ങളുടെ ആകെത്തുക. ഇത്ര ചെറിയ അളവിനുള്ളിൽ ഉണ്ടായ വ്യതിയാനങ്ങളാണ് ഇന്ന് നമ്മെ ആകാംക്ഷാഭരിതരാക്കുന്ന വിധത്തിലുള്ള കാലാവസ്ഥാ മാറ്റത്തിന് വഴിയൊരുക്കുന്നത്.**




# ഗ്രാമലക്ഷ്മിയുടെ പാദമുദ്ര അനന്തപുരിയിലും





*തിരുവനന്തപുരം ജില്ലയിലെ കല്ലിയൂരിൽ ആരംഭിച്ച ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ രണ്ടാമത്തെ യൂണിറ്റ് ജോർജ്ജ് മേഴ്സിയർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

കേരളാ റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (KREWS)യുടെ സംരംഭമായ 'ഗ്രാമലക്ഷ്മി മുദ്രാലയ'ത്തിന്റെ രണ്ടാമത്തെ യൂണിറ്റ് തിരുവനന്തപുരം ജില്ലയിലെ കല്ലിയൂരിൽ ആരംഭിച്ചു. ജോർജ്ജ് മേഴ്സിയർ എം.എൽ.എ മുദ്രാലയം ഉദ്ഘാടനം ചെയ്തു.

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ രണ്ടാമതു യൂണിറ്റാണ് തിരുവനന്തപുരം ജില്ലയിൽ കല്ലിയൂരിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കല്ലിയൂർ ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകിയ 1.24 ഏക്കർ സ്ഥലത്താണ് 2.25 കോടി രൂപ മുതൽമുടക്കി KREWS ഈ യൂണിറ്റ് സ്ഥാപിച്ചത്. ഇതോടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രിന്റിംഗ് ജോലികൾക്കു പുറമേ മറ്റ് സർക്കാർ വകുപ്പുകളുടെ ജോലികളും ഏറ്റെടുത്തു നടത്താൻ ഈ സ്ഥാപനത്തിന് കഴിയും. നേരിട്ടും, പരോക്ഷമായും നൂറിൽപരം ആളുകൾക്ക് തൊഴിൽ നൽകാൻ ഉതകുന്ന ഈ സ്ഥാപനത്തിൽ വനിതകൾക്ക് ബുക്ക് ബൈന്റിംഗ്, പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തും.

സൊസൈറ്റി പ്രസിഡന്റ് ഡി. സദാശിവൻ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കല്ലിയൂർ ശ്രീധരൻ, കല്ലിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. അശോക് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് എസ്സ്. നാസ്സറുദ്ദീൻ സ്വാഗതവും എ.പി. മുരളി നന്ദിയും പറഞ്ഞു. ക്രൂസ്സ് സെക്രട്ടറി സി.റ്റി. ഹരികുമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവു വിളക്കുകൾക്കാവശ്യമായ ബൾബുകൾ, ട്യൂബുകൾ, മറ്റ് വൈദ്യുത ഉപകരണങ്ങൾ ഇവ ഉല്പാദകരിൽ നിന്നും നേരിട്ടു വാങ്ങി മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിച്ചു വരുന്നുണ്ട്. ഇതിനായി കാസർഗോഡ് ജില്ലയിൽ സീതാംഗോളി കിൻഫ്രാ പാർക്കിൽ ഒരു ഗോഡൗൺ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



പ്രൊഫ. പി കെ രവീന്ദ്രൻ



# പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപേക്ഷിക്കേണ്ടത് എന്തുകൊണ്ട്?

ഗുരുവായൂർ നഗരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ വേണ്ടെന്നുവെച്ചിരിക്കുകയാണ്. നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ നിർദ്ദേശത്തിന് മുഴുവൻ ജനവിഭാഗങ്ങളുടെയും പിന്തുണ ലഭിച്ചിരിക്കുന്നു. വ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, വീട്ടമ്മമാർ എന്നിങ്ങനെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഒഴിവാക്കിയിരിക്കുന്നു, തുണി സഞ്ചികളും പേപ്പർ ബാഗുകളും കൊണ്ട് അത്യാവശ്യം കാര്യങ്ങൾ നിർവ്വഹിക്കുന്നു. ഇതിന്റെ ഫലമെന്തെന്നല്ലെ? തെരുവുകൾ വൃത്തിയുള്ളതായിരിക്കുന്നു. ഒരു കാറ്റടിച്ചാൽ പറന്നുയരുന്ന പലവർണ്ണങ്ങളിലും വലിപ്പത്തിലുമുള്ള പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ കാണാനേയില്ല. നഗരസഭയിൽ ശേഖരിക്കുന്ന ഖരമാലിന്യത്തിന്റെ അളവ് മൂന്നിലൊന്നായി കുറഞ്ഞിരിക്കുന്നു. നഗരത്തിന്റെ ശുചിത്വശോഭ വർധിച്ചിരിക്കുന്നു. ഇത് ഗുരുവായൂരിന്റെ മാത്രം കാര്യമല്ല. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിരോധിച്ച കന്യാകുമാരി, ഊട്ടി എന്നീ സ്ഥലങ്ങളിലെയും സ്ഥിതിയിതാണ്.

പ്ലാസ്റ്റിക് അപകടകാരിയാണ്, പാടേ ഉപേക്ഷിക്കണം എന്നൊന്നും ആരും പറയില്ല. എന്നാൽ പരിസരം മലിനമാകാൻ കാരണമാകുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, കവറുകൾ, ഗ്ലാസ്സുകൾ, കുപ്പികൾ, പായ്ക്കിംഗ് മെറ്റീരിയൽസ് എന്നിവ ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നവയാണ് എന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. എന്നാൽ ക്യാരി ബാഗുകളും കവറുകളും ഒഴിവാക്കുന്ന കാര്യം വരുമ്പോൾ എന്തൊക്കെയോ തടസ്സങ്ങളുണ്ടാകുന്നു. ഇതിന്റെ ഫലമായി നിരത്തുകൾ പൊതുസ്ഥലങ്ങൾ മൈതാനങ്ങൾ ജലാശയങ്ങൾ എന്നിവയെല്ലാം പ്ലാസ്റ്റിക് ക്യാരിബാഗുകളും കവറുകളും കുപ്പികളും നിറഞ്ഞ് അരോചകമായ കാഴ്ചയൊരുക്കുന്നു. ജലസ്രോതസ്സുകളിലെ നീരൊഴുക്ക് തടയപ്പെട്ട് മലിനജലം കെട്ടിക്കിടക്കാനും ദുർഗന്ധം പടരാനും ഇടയാകുന്നു. കെട്ടിക്കിടക്കുന്ന മലിനജലം കൊതുക് പെരുകുന്നതിനും അതിന്റെ ഫലമായി പകർച്ചപ്പനികൾ വ്യാപിക്കുന്നതിനും കാരണമാകുന്നു. നഗരമാലിന്യങ്ങളിൽ പകുതിയിലേറെയും പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ രീതിയിലാണ് കാണപ്പെടുന്നത്. മാലിന്യക്കൂമ്പാരത്തിന്റെ അളവു കൂട്ടാനും മാലിന്യ സംസ്ക്കരണം ദുഷ്ക്കരമാക്കുന്നതിനും ഇത് ഇടയാക്കുന്നു.

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം

30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കേരളത്തിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. നിരോധനം നടപ്പാക്കിയ ഘട്ടത്തിൽ ക്യാരി ബാഗുകളുടെ ഉപയോഗത്തിൽ ഗണ്യമായ കുറവനുഭവപ്പെട്ടിരുന്നു. മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവിലും നല്ല കുറവുണ്ടായി. 50 മൈക്രോൺ വരെയുള്ള ക്യാരി ബാഗുകളും കവറുകളും നിരോധിച്ചുകൊണ്ട് ഈ പ്രവർത്തനം മുന്നോട്ടു പോകാനാണ് സർക്കാർ തീരുമാനിച്ചത്. എന്നാൽ ബഹു. ഹൈക്കോടതി, വിജ്ഞാപനം സ്റ്റേ ചെയ്തതുകൊണ്ട് ഈ രംഗത്ത് പിന്നോട്ടടിയുണ്ടായി. 30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം പോലും ഫലപ്രദമായി മുന്നോട്ടു പോകാത്ത അവസ്ഥയുണ്ടായി. പൊതുജന പിന്തുണ ഇല്ലാതെ ഈ രംഗത്ത് വിജയിക്കാൻ കഴിയില്ല എന്നു വ്യക്തമാണ്. പ്ലാസ്റ്റിക് മാലിന്യം ഉണ്ടാക്കുന്ന പരിസര ആരോഗ്യ പ്രശ്ന



> **തൽക്കാലത്തേയ്ക്ക് തോന്നാവുന്ന അസൗകര്യങ്ങൾ വിസ്മരിച്ച് നാളെ ലഭിക്കാൻ പോകുന്ന സാമൂഹിക ആരോഗ്യത്തിനുവേണ്ടി പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കവറുകൾ തുടങ്ങിയവ ഉപേക്ഷിക്കാൻ എല്ലാവരും തയ്യാറാകണം.**

ങ്ങൾ അറിഞ്ഞിട്ടുകൂടി ക്യാരി ബാഗുകൾ നൽകുന്ന സൗകര്യത്തിൽ ആകൃഷ്ടരായി പരിസ്ഥിതി ദുരന്തം ക്ഷണിച്ചു വരുത്തുകയാണ് ജനങ്ങൾ. സ്വന്തം ലാഭത്തിന് സാമൂഹിക ആരോഗ്യത്തേക്കാൾ പ്രാധാന്യം നൽകുന്ന വ്യാപാരികൾ നിരോധനത്തെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയാണ്. നിരോധനം നടപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അലംഭാവം കൂടിയായപ്പോൾ പ്ലാസ്റ്റിക് ക്യാരി ബാഗ് നിരോധനം നോക്കുകുത്തിയായ അവസ്ഥയാണുണ്ടായത്.

സെല്ലുലോസ്, സ്റ്റാർച്ച് തുടങ്ങിയ സ്വാഭാവിക പോളിമറുകളിൽ രൂപാന്തരം വരുത്തിയാണ് റയോണുണ്ടാക്കിയത്. പോളിമറുടെ ഘടനയും സ്വഭാവസവിശേഷതകളും വിശദമായി പഠിച്ചതിന്റെ തുടർച്ചയായാണ് കൃത്രിമ പോളിമറുകൾ നിർമ്മിക്കാൻ തുടങ്ങിയത്. ബേക്കലൈറ്റ് എന്ന പ്ലാസ്റ്റിക്കാണ് ഇത്തരത്തിൽ ആദ്യം നിർമ്മിക്കപ്പെട്ടത്. തുടർന്ന് പ്ലാസ്റ്റിക്കുകൾ, റെസിനുകൾ, നൈലോൺ, ടെറിലീൻ തുടങ്ങിയ കൃത്രിമ നാരുകൾ എന്നിങ്ങനെ എണ്ണമറ്റ കൃത്രിമ പോളിമറുകൾ നിർമ്മിക്കപ്പെട്ടു. പോളിത്തീനും, പോളി പ്രോപ്പിലീനും പി.വി.സിയും പോളിസ്റ്റൈറീനും ടെഫ്ളോണും എല്ലാം ഇക്കൂട്ടത്തിൽ പെടുന്നവയാണ്. രാവിലെ ഉപയോഗിക്കുന്ന ടൂത്ത്ബ്രഷ്, മുടിചീകുന്ന ചീർപ്പ് എന്നിവ മുതൽ കമ്പ്യൂട്ടറിന്റെയും ടിവിയുടെയും ഭാഗങ്ങൾ വരെ ....നാം നിത്യജീവിതത്തിലുപയോഗിക്കുന്ന പ്ലാസ്റ്റിക്കുൽപ്പന്നങ്ങൾക്ക് കണക്കില്ല.

പ്രത്യേക ആവശ്യങ്ങൾക്കു പറ്റിയ സവിശേഷ ഗുണങ്ങൾ തന്നെയാണ് പ്ലാസ്റ്റിക്കിനെ അപകടകാരിയാക്കുന്നതും. ചൂട്, ഈർപ്പം എന്നിവകൊണ്ട് കേടാവുകയില്ല, തീ പിടിക്കില്ല (ഉരുകുകയേ ഉള്ളൂ), ബാക്റ്റീരിയകളുടെയും ഫംഗസ്സുകളുടെയും ആക്രമണത്തെ ചെറുത്തു നിൽക്കും, വളരെ നേർത്ത പാളികളാക്കാം, എത്ര നേർത്ത പാളിയും വെള്ളത്തെയും കാറ്റിനെയും കടത്തി വിടില്ല, അങ്ങിനെ പോകുന്നു പ്ലാസ്റ്റിക്കുകളുടെ ഗുണവിശേഷങ്ങൾ. ഇത്തരം സവിശേഷതകളുള്ള ഒരു പ്ലാസ്റ്റിക് വസ്തു ഉപയോഗശൂന്യമായ ശേഷം ഉപേക്ഷിക്കേണ്ടി വന്നാലത്തെ അവസ്ഥ നോക്കൂ. മഴയും വെയിലും കൊണ്ടിട്ടും മണ്ണിലലിയാതെ അതേപോലെ കിടക്കും; നൂറ്റാണ്ടുകളോളം ഒരു നിരന്തര ശല്യമെന്ന നിലയ്ക്ക്.

പ്ലാസ്റ്റിക് ക്യാരിബാഗുകളാണെങ്കിൽ വളരെ കുറഞ്ഞ കനത്തിൽ, 5-10 മൈക്രോൺ (ഒരു മൈക്രോൺ- ഒരു മീറ്ററിന്റെ പത്തു ലക്ഷത്തിലൊന്ന്) കനത്തിൽ പോലും നിർമ്മിക്കാൻ കഴിയുന്നതുകൊണ്ട് നിസ്സാര വിലയ്ക്ക് നൽകാൻ കഴിയും. ഇത്രയും നേർത്ത ബാഗിൽ പോലും ഖരരൂപത്തിലോ ദ്രാവകരൂപത്തിലോ ഉള്ള വസ്തുക്കൾ കൊണ്ടുനടക്കാൻ കഴിയും. അതു കൊണ്ടാണ് ഖരവസ്തുക്കളോടൊപ്പം പാൽ, പഴച്ചാറുകൾ, അച്ചാറുകൾ എന്നു തുടങ്ങി പാചകം ചെയ്ത ഭക്ഷ്യ പദാർത്ഥങ്ങളും വെള്ളവുംവരെ പ്ലാസ്റ്റിക് കവറുകളിൽ പായ്ക്കു ചെയ്യുന്നത്. പാചകം ചെയ്ത ഭക്ഷണം പ്ലാസ്റ്റിക് ബാഗുകളിൽ നിറയ്ക്കുന്നത് അപകടകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും കൈകാര്യം ചെയ്യാനുള്ള സൗകര്യം മൂലം ഇക്കാര്യം അവഗണിക്കപ്പെടുന്നു.

പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ പൊതു ഇടങ്ങളിലും ജലമാർഗ്ഗങ്ങളിലും കൂടിക്കിടക്കുകയും നീരൊഴുക്കിനും നീർവാർച്ചയ്ക്കും തടസ്സമാകുകയും ചെയ്യുന്നു. ഇവ വെള്ളം കടത്തി വിടാത്തതുകൊണ്ടു തന്നെ പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിനടിയിൽ പെട്ടാൽ അവിടെ നീർവാഴ്ച തടയപ്പെടുന്നു. അങ്ങിനെ മണ്ണിന്റെ ആരോഗ്യവും ഈർപ്പവും നഷ്ടമാക്കി കൃഷി തന്നെ അസാധ്യമാക്കുന്ന അവസ്ഥയാണുണ്ടാക്കുന്നത്.

**ഉപയോഗം പരിമിതപെടുത്തണം**

എന്നാൽ ഇത്തരം പ്ലാസ്റ്റിക്കുകൾ വേണ്ടന്നു വെയ്ക്കുക എന്നത് അപ്രായോഗികമാണ്. അവയുടെ ഉപയോഗം പരിമിതപ്പെടുത്തുകയാണ് വേണ്ടത്. ഒഴിവാക്കാൻ കഴിയുന്ന അവസരങ്ങളിൽ പ്ലാസ്റ്റിക്കിനെ ഒഴിവാക്കിയേ പറ്റൂ. ക്യാരിബാഗുകൾ, കവറുകൾ എന്നിവ അത്തരത്തിൽ ഒഴിവാക്കേണ്ടവയാണ്. മണ്ണിൽ വിഘടിച്ചു ചേരുന്ന പേപ്പർ, തുണി എന്നിവകൊണ്ടുള്ള കവറുകളും സഞ്ചികളും ഉപയോഗിച്ച് പരിസ്ഥിതിക്കുണ്ടാകുന്ന അപകടം തടയാനാകും. ജൈവാവശിഷ്ടങ്ങൾ പ്ലാസ്റ്റിക് ബാഗുകളിലാക്കി വാമൂടിക്കെട്ടി വലിച്ചെറിയുന്നവരുണ്ട്. അകത്തെ മാലിന്യം ചീഞ്ഞളിഞ്ഞാലും പ്ലാസ്റ്റിക് കവർ പൊട്ടാത്തതുകൊണ്ട് അതിനകത്തു തന്നെ കിടക്കും. കാക്കയോ നായോ ബാഗ് പൊട്ടിക്കുമ്പോൾ പരിസരമാകെ ദുർഗന്ധം പരത്താനും മലിനമാക്കാനും ഇത് കാരണമാകുന്നു. ഈച്ച, കൊതുക്, എലി എന്നിവ പെരുകാൻ ഇത്തരം മാലിന്യക്കൂമ്പാരങ്ങൾ സഹായിക്കുന്നു. ഇതുകൊണ്ടു കൂടി പ്ലാസ്റ്റിക് ക്യാരിബാഗുകളും കവറുകളും ഉപയോഗിക്കുകയില്ലെന്നു തിരുമാനിച്ചേ പറ്റൂ. വീട്ടമ്മമാരും വിദ്യാർത്ഥികളും ഇത്തരത്തിൽ തീരുമാനിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്താൽ വ്യാപാരികൾക്ക് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിപണനം അവസാനിപ്പിക്കേണ്ടി വരും. ഗുരുവായൂരിലെ ജനങ്ങൾ ഇത്തരമൊരു മാതൃകയാണ് കേരളത്തിനു നൽകുന്നത്. തൽക്കാലത്തേയ്ക്ക് തോന്നാവുന്ന അസൗകര്യങ്ങൾ വിസ്മരിച്ച് നാളെ ലഭിക്കാൻ പോകുന്ന സാമൂഹിക ആരോഗ്യത്തിനുവേണ്ടി പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കവറുകൾ തുടങ്ങിയവ ഉപേക്ഷിക്കാൻ എല്ലാവരും തയ്യാറാകണം.

മറ്റു പ്ലാസ്റ്റിക്കുകളുടെ കാര്യത്തിൽ Reduce, Reuse, Recycle എന്ന തത്വം പ്രയോജനപ്പെടുത്തുകയും വേണം.

1. ഉപയോഗം കഴിയുന്നത്ര കുറയ്ക്കുക,
2. സാധ്യമായത്ര പുനരുപയോഗിക്കുക. പുനരുപയോഗ സാധ്യമായതരം കവറുകളുടെയും കണ്ടെയ്നറുകളുടെയും കാര്യത്തിൽ ഇത് പ്രധാനമാണ്.
3. ഉപയോഗയോഗ്യമല്ലാത്തവ കഴിയുന്നത്രയും പുനചംക്രമണം ചെയ്യുക. അത്യാവശ്യമില്ലാത്തവ ഉപേക്ഷിച്ചും ബാക്കിയുള്ളവയുടെ ഉപയോഗം പരിമിതപ്പെടുത്തിയും പ്ലാസ്റ്റിക് അവശിഷ്ടങ്ങളിൽ നിന്നുള്ള ദോഷം ഒഴിവാക്കേണ്ടത് എല്ലാവരുടെയും സാമൂഹിക കടമയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ■

*ലേഖകൻ*
*തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ*
*പ്രൈവറ്റ് സെക്രട്ടറിയാണ്*

ജി. പത്മകുമാർ

# സിങ്കപ്പൂരിലെ വികസനമാതൃകകൾ

നഗരസഭ ഭരണം മെച്ചപ്പെടുത്തുന്നതിനും നഗര വികസനത്തിനും വേണ്ടി സിങ്കപ്പൂർ കോ-ഓപ്പറേഷൻ എന്റർപ്രൈസസും കേരള സർക്കാരുമായി പരസ്പരം സഹകരിക്കുന്നതിനുമായി കേരളത്തിൽ നിന്നും നഗരകാര്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ 15 അംഗ സംഘം 2010 മെയ് മാസം സിങ്കപ്പൂർ സന്ദർശിച്ചു. കേരളത്തിലെ നഗരഭരണത്തിൻ കീഴിൽ വരുന്ന റോഡു വികസനം, ഗതാഗതം, ജലവിതരണം, ഭവന നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, ടൗൺ പ്ലാനിംഗ് എന്നീ മേഖലകളിൽ സിങ്കപ്പൂർ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ നേരിൽ കണ്ടു പഠിക്കുന്നതിനും അവ കേരളത്തിലെ പട്ടണങ്ങളിൽ എത്ര മാത്രം പ്രായോഗികമായി നടപ്പാക്കാമെന്നതിനെ കുറിച്ചും ചർച്ചകൾ നടത്തി.

## ചരിത്ര പശ്ചാത്തലം

സിങ്കപ്പൂർ ഒരു സ്വതന്ത്ര രാഷ്ട്രം ആകുന്നത് 1960 ലാണ്. അതിനു മുമ്പ് മലേഷ്യയുടെ ഭാഗമായിരുന്നു. വളരെക്കാലം ചൈനയുടെ ആധിപത്യത്തിലായിരുന്നു. 1960ൽ 535 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് ഉണ്ടായിരുന്നത്. തെക്ക് നിന്ന് വടക്കോട്ട് 23 കി.മീറ്ററും പടിഞ്ഞാറു നിന്നും കിഴക്കോട്ട് 45 കി.മീറ്ററും ദൂരമുണ്ട്. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സിങ്കപ്പൂർ മലേഷ്യയിലേയ്ക്ക് പാലം നിർമ്മിച്ച് റോഡു മാർഗ്ഗം ഗതാഗതം സാധ്യമാക്കിയിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ റോഡു മുഴുവനും കച്ചവടക്കാരെക്കൊണ്ട് നിറഞ്ഞിരുന്നു. കൈയ്യേറ്റക്കാർ ധാരാളം. ഒട്ടും മെച്ചമല്ലാത്ത ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലില്ലായ്മ, മലിനമായ നദി, മരങ്ങളുടേയും ചെടികളുടേയും അഭാവം എന്നിവയായിരുന്നു അവസ്ഥ. അന്നത്തെ ജനസംഖ്യ 3.7 ദശലക്ഷം ആയിരുന്നു. കുടിവെള്ളക്ഷാമം നന്നേ ഉണ്ടായിരുന്നു. ചവർ പൊതുസ്ഥലങ്ങളിൽ കത്തിക്കുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്.

## ഇന്നത്തെ അവസ്ഥ

സ്വതന്ത്ര രാഷ്ട്രമായി 50 വർഷം പിന്നിടുമ്പോൾ സിങ്കപ്പൂർ ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. ശക്തമായ രാഷ്ട്രീയ നേതൃത്വവും ദീർഘകാലത്തേയ്ക്കുള്ള സമഗ്രമായ ആസൂത്രണവും ജനങ്ങളുടെ അർപ്പണ മനോഭാവവും സിങ്കപ്പൂരിനെ ലോകരാഷ്ട്രങ്ങളുടെ





*സിങ്കപ്പൂർ പാർലമെന്റ്*

മുൻനിരയിൽ എത്തിച്ചിരിക്കുന്നു. ഇന്ന് ലോക രാഷ്ട്രങ്ങളിൽ ഏറ്റവും സമ്പന്ന മായ രാഷ്ട്രങ്ങളിൽ ഒന്നാണ് സിങ്കപ്പൂർ. രാജ്യ വിസ്തൃതി 710 സ്ക്വയർ കിലോ മീറ്ററായി ഉയർന്നു. ജനസംഖ്യ 5 മില്യൻ. മനോഹരമായ റോഡും ഉദ്യാനങ്ങളും ബഹുനില മന്ദിരങ്ങളും നഗരത്തെ സൗന്ദര്യവൽക്കരിച്ചിരിക്കുന്നു. 3325 കിലോമീറ്റർ റോഡുകൾ. 159 കി.മീറ്റർ മെട്രോ/ലോവർ റയിൽ സർവ്വീസ്. 5.9 മില്യൺ ആൾക്കാർ ദിവസേന പൊതു യാത്രാസൗകര്യം പ്രയോജനപ്പെടുത്തുന്നു. 4 ഇൻസിനറേഷൻ പ്ലാന്റുകൾ, 10 ലക്ഷം ഹൗസിംഗ് അപ്പാർട്ടുമെന്റുകൾ, ശുദ്ധജല വിതരണ സംവിധാനം, മെച്ചപ്പെട്ട ടൗൺ പ്ലാനിംഗ് സംവിധാനം.... നഗരവികസന കാര്യത്തിൽ ഒരു പുത്തൻ മാതൃക സൃഷ്ടിച്ച രാഷ്ട്രമാണ് സിങ്കപ്പൂർ. റോഡുകളിൽ ചപ്പുചവറുകൾ ഒന്നും തന്നെയില്ല. കൃഷിയുടെ അഭാവമാണ് സിങ്കപ്പൂരിന്റെ ഒരേഒരു ന്യൂനത. എയർപോർട്ട്, പോർട്ട്, വ്യവസായം, ടൂറിസം എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

### സിങ്കപ്പൂരിലെ നഗരഭരണം

സിങ്കപ്പൂരിൽ നഗരസഭകളോ കോർപ്പറേഷനോ ഇല്ല. രാജ്യത്താകമാനം ടൗൺ കമ്മിറ്റികളാണ് ഉള്ളത്. 81 പാർലമെന്റ് എം.പിമാർ ഉണ്ട്. ടൗൺ കമ്മിറ്റി അധികാരപരിധിയിൽ വരുന്ന എല്ലാ എം.പിമാരും (മന്ത്രിമാർ അടക്കം) ടൗൺ കമ്മിറ്റിയിലേയ്ക്കുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്. ഇവരിൽ ഒരാളെ ചെയർമാനായും മറ്റൊരാളെ വൈസ് ചെയർമാനായും അവരുടെ ഇടയിൽ നിന്നുതന്നെ തെരഞ്ഞെടുക്കും. മേൽപ്പറഞ്ഞ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കൗൺസിലർമാരെ നോമിനേറ്റ് ചെയ്യും. നോമിനേറ്റ് ചെയ്യപ്പെടുന്ന കൗൺസിലർമാരിൽ മൂന്നിൽ രണ്ട് ഭാഗം എങ്കിലും ആ പ്രത്യേക ടൗണിൽ നിന്നായിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. വളരെ കുറച്ച് അധികാരങ്ങൾ മാത്രമാണ് ടൗൺ കമ്മിറ്റികൾക്കുള്ളത്. സർക്കാരിൽ നിന്നുള്ള ഗ്രാന്റും ഫീസ് പിരിവ് ഇനത്തിലുള്ള വരുമാനവുമാണ് പ്രധാന ധന സ്രോതസ്സ്.

### ടൗൺ കമ്മിറ്റി സംവിധാനം

- ചെയർമാൻ (MP)
  - വൈസ് ചെയർമാൻ MP
  - മെമ്പർമാർ MP മാർ
- സെക്രട്ടറി & ജനറൽ മാനേജർ → സ്റ്റാഫ്
  - എസ്റ്റേറ്റ് മെയിന്റനൻസ് കമ്മിറ്റി
    - കൗൺസിലർമാർ
  - ടെക്നിക്കൽ കോൺട്രാക്റ്റ് കമ്മിറ്റി
  - എസ്റ്റേറ്റ് അപ്ഡേറ്റിംഗ് കോൺട്രാക്റ്റ് കമ്മിറ്റി
  - ഫൈനാൻസ് കമ്മിറ്റി
  - പബ്ലിസിറ്റി & PR കമ്മിറ്റി

### ചവർ നിർമ്മാർജ്ജന സംവിധാനങ്ങൾ

കേരളത്തിലെ എല്ലാ നഗരങ്ങളും ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ചവർ നിർമ്മാർജ്ജനം ചെയ്യുന്നതിലാണ്. എന്നാൽ സിങ്കപ്പൂർ വർഷങ്ങൾക്കു മുമ്പുതന്നെ ചവർ നിർമ്മാർജ്ജനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിരുന്നു.

ദേശീയ പരിസ്ഥിതി ഏജൻസി (NEA) ആണ് സിങ്കപ്പൂരിൽ പരിസ്ഥിതിയുടെ ചുമതലയുള്ള ഏജൻസി. ചവർ സംസ്ക്കരണം, പരിസ്ഥിതി സംരക്ഷണം, മരം നടീൽ എന്നിവ ഈ ഏജൻസിയുടെ ചുമതലയിൽപ്പെടുന്നു. ചവർ തരംതിരിച്ച് ശേഖരിക്കുന്നു. അതിന് പൊതു സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങളിലും വീടുകളിലും മൂന്ന് ബിന്നുകൾ വീതം നൽകിയിട്ടുണ്ട്. പബ്ലിക് വേസ്റ്റ് കളക്ടേഴ്സ് (PWC) നിരത്തുകളിലെ ചവറുകളും വീട്, കടകൾ എന്നിവിടങ്ങളിലെ ചവറുകളും ശേഖരിച്ച് മൂടിയുള്ളതും വൃത്തിയുള്ളതുമായ വാഹനങ്ങളിൽ കടത്തുന്നു. PWC കൾ പ്രൈവറ്റ് ഏജൻസികളാണ്. വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ ചവറുകൾ ജനറൽ വേസ്റ്റ് കളക്ടർമാരാണ് ശേഖരിക്കുന്നത് (GWC's). GWCകൾക്ക് NEA ലൈസൻസ് നൽകിയിട്ടുണ്ട്. സിങ്കപ്പൂരിൽ ഇപ്പോൾ 300 ലൈസൻസുള്ള GWCമാരുണ്ട്. രാജ്യത്ത് 4 ഇൻസിനറേഷൻ പ്ലാന്റുകൾ ഉണ്ട്. ദിവസേന 16739 ടൺ ചവറാണ് സിങ്കപ്പൂരിൽ ശേഖരിക്കപ്പെടുന്നത്. അതിൽ 57% റിസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നു. 41% ഇൻസിനറേഷന് ഉപയോഗിക്കുന്നു. 2% വേസ്റ്റും ഇൻസിനറേഷന് ശേഷമുള്ള ചാരവും സുമോക്കോ ഐലന്റിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലം നികത്തുന്നതിന് ഉപയോഗിക്കുന്നു.

രാജ്യത്ത് ആകെ 4 ഇൻസിനറേഷൻ പ്ലാന്റുകളാണ് ഇപ്പോൾ നിലവിലുള്ളത്.

1. TUAS-IP South Incineration Plant : 2000ൽ സ്ഥാപിച്ചു. 80 മെഗാവാട്ട് വൈ



**ഭവന നിർമ്മാണ രംഗത്ത് ഒരു പുത്തൻ മാതൃകയാണ് സിങ്കപ്പൂർ തുടർന്നു വരുന്നത്. വീടുവയ്ക്കുവാൻ സ്ഥലം ഇല്ലാത്തതിനാൽ ബഹുനില ഫ്ളാറ്റുകളാണ് വാസഗൃഹത്തിനായി നിർമ്മിക്കുന്നത്. ആകെയുള്ള സ്ഥലത്തിന്റെ 80 ശതമാനവും സർക്കാർ ഭൂമിയാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക നിർബന്ധമായും പ്രോവിഡന്റ് ഫണ്ടായി പിടിക്കുന്നു. ഫ്ളാറ്റുകൾ സർക്കാർ മേൽനോട്ടത്തിൽ നിർമ്മിച്ച് അറ്റകുറ്റപ്പണികളും നടത്തുന്നു.**

ദ്യുതി ദിവസേന ഉത്പാദിപ്പിക്കപ്പെടുന്നു. 3000 ടൺ ചവർ ദിവസേന സംസ്ക്കരിക്കപ്പെടുന്ന മാർട്ടിൻ ജർമ്മൻ ടെക്നോളജിയാണ്. 800 മില്യൺ സിങ്കപ്പൂർ ഡോളറാണ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ചെലവായിട്ടുള്ളത്.

2. TUAS-IP: 1986ൽ സ്ഥാപിച്ചു. 47.8 മെഗാവാട്ട് വൈദ്യുതി ദിവസേന ഉത്പാദിപ്പിക്കുന്നു. 1700 ടൺ ചവർ ദിവസേന സംസ്ക്കരിക്കപ്പെടുന്നു. 200 മില്യൺ സിങ്കപ്പൂർ ഡോളറാണ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ്. മാർട്ടിൻ ടെക്നോളജിയാണ്. NEA നേരിട്ട് നടത്തുന്നു.

c. SENEKO (WTE) : 1982ൽ സ്ഥാപിച്ചു. 54.4 MV വൈദ്യുതി ദിവസേന ഉത്പാദിപ്പിക്കുന്നു. 2400 ടൺ ചവർ ദിവസേന സംസ്ക്കരിക്കപ്പെടുന്നു. 560 മില്യൺ സിങ്കപ്പൂർ ഡോളറാണ് പ്ലാന്റിന് ചെലവ്. മാർട്ടിൻ ജർമ്മൻ ടെക്നോളജിയിലാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്.

d. KAPEL: 1975ൽ പ്രവർത്തിച്ചു തുടങ്ങി. 24.4 MV വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. 160 മില്യൺ സിങ്കപ്പൂർ ഡോളറാണ് പ്ലാന്റിന്റെ മൂലധന ചെലവ്. NEA നേരിട്ടാണ് ഈ പ്ലാന്റിന്റെ പ്രവർത്തനം നടത്തുന്നത്.

### ഭവന നിർമ്മാണം

ഭവന നിർമ്മാണ രംഗത്ത് ഒരു പുത്തൻ മാതൃകയാണ് സിങ്കപ്പൂർ തുടർന്നു വരുന്നത്. വീടുവയ്ക്കുവാൻ സ്ഥലം ഇല്ലാത്തതിനാൽ ബഹുനില ഫ്ളാറ്റുകളാണ് വാസഗൃഹത്തിനായി നിർമ്മിക്കുന്നത്. ആകെയുള്ള സ്ഥലത്തിന്റെ 80 ശതമാനവും സർക്കാർ ഭൂമിയാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക നിർബന്ധമായും പ്രോവിഡന്റ് ഫണ്ടായി പിടിക്കുന്നു. ഫ്ളാറ്റുകൾ സർക്കാർ മേൽനോട്ടത്തിൽ നിർമ്മിച്ച് അറ്റകുറ്റപ്പണികളും നടത്തുന്നു.

ഹൗസിംഗ് ഡവലപ്മെന്റ് ബോർഡ് 1960ൽ നിലവിൽ വന്നു. ബോർഡാണ് കെട്ടിട നിർമ്മാണവും മെയിന്റനൻസും നടത്തുന്നത്. നിർമ്മാണവും മെയിന്റനൻസും സ്വകാര്യ നിർമ്മാണ കമ്പനികളാണ് ചെയ്യുന്നത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സൗകര്യങ്ങൾ ഉള്ള അപ്പാർട്ടുമെന്റുകളാണ് നിർമ്മിച്ചു നൽകുന്നത്. ഇത്തരം സ്കീമിനെ പബ്ലിക് ഹൗസിംഗ് സ്കീം എന്ന പേരിൽ അറിയപ്പെടുന്നു. സിങ്കപ്പൂരിൽ ആകെ 9000 ബഹുനില കെട്ടിടങ്ങൾ ഉണ്ട്. അവയിൽ 10 ലക്ഷം അപ്പാർട്ടുമെന്റുകളാണുള്ളത്.

### കുടിവെള്ളം

സിങ്കപ്പൂരിലെ ദേശീയ ജല ഏജൻസി പബ്ലിക് അണ്ടർടേക്കിംഗ് ബോർഡ് (PUB) എന്ന പേരിൽ അറിയപ്പെടുന്നു. ജലവിതരണം, സംസ്ക്കരണം, മീറ്റർ സർവ്വീസിംഗ്, ലീക്ക് റക്റ്റിഫിക്കേഷൻ എന്നിവ ഈ ഏജൻസിയുടെ ചുമതലയിൽ വരുന്നു. ഇവ കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാന നടത്തിപ്പും ഈ ഏജൻസിക്കാണ്.

പ്രധാനമായും 4 ദേശീയ ജല ലഭ്യതാ സംവിധാനങ്ങളാണ് കുടിവെള്ളത്തിനായി സിങ്കപ്പൂരിൽ ഉള്ളത്.

**a. പ്രാദേശിക ജല സംഭരണികളിൽ നിന്നുള്ള ജലം**

സിങ്കപ്പൂർ നാലുവശവും സമുദ്രത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന രാജ്യം ആകയാൽ മഴവെള്ളം തോട്ടിലൂടെയും ആറ്റിലൂടെയും ഒലിച്ച് കടലിൽ പതിക്കുന്നു. പ്രധാന നദി സിങ്കപ്പൂർ നദിയാണ്. 1960 കാലഘട്ടത്തിൽ ഈ നദി വൃത്തിഹീനമായിരുന്നു. ഇപ്പോൾ അതിനെ വൃത്തിയാക്കി സുന്ദരമായ ജല ലഭ്യത





യുള്ള നദിയാക്കി മാറ്റിയിരിക്കുന്നു. ഇട യ്ക്കിടെ ബണ്ടുകൾ നിർമ്മിച്ച് വെള്ളം ഒഴുകി കടലിൽ പതിക്കുന്നത് നിയന്ത്രി ക്കുകയും വെള്ളപ്പൊക്കത്തെ നിയന്ത്രി ക്കുകയും ചെയ്യുന്നു. സിങ്കപ്പൂർ നദിയിലെ ജലം ശുദ്ധീകരിച്ച് കുടിക്കുവാൻ ഉപ യോഗിക്കുന്നു.

**b ഇറക്കുമതി ചെയ്യുന്ന ജലം**

ജല ലഭ്യത കുറവായതിനാൽ കുടി വെള്ളത്തിനായും മറ്റ് ആവശ്യങ്ങൾക്കു മായി മലേഷ്യയിൽ നിന്നും ജലം ഇറ ക്കുമതി ചെയ്യുന്നു.

**c. ഉപ്പുവെള്ളം സംസ്ക്കരിച്ച ജലം**

നാലുഭാഗവും കടലിനാൽ ചുറ്റപ്പെ ട്ടതിനാൽ ഭൂഗർഭ ജലം ഉപയോഗയോ ഗ്യമല്ല. അതിനാൽ ഉപ്പുവെള്ളം ശുദ്ധീ കരിച്ച് വീണ്ടും ഉപയോഗിക്കുന്നു. ഉപ്പു വെള്ള സംസ്ക്കരണത്തിന് താരതമ്യേന ചെലവ് കൂടുതലാണ്.

**d.പുതിയ വെള്ളം (റീക്ലേയിംഡ് വാട്ടർ)**

സിങ്കപ്പൂരിന്റെ ഭാഷയിൽ ഉപയോ ഗിച്ച ജലം ഒരു വിഭവമാണ്. സ്വീവേജ് സിസ്റ്റം വഴി ശേഖരിക്കുന്ന മലിനജലം സംസ്ക്കരിച്ച് ശുദ്ധജലമായി വീണ്ടും ഉപയോഗിക്കുന്നു.

ശരാശരി ജല ഉപയോഗം 150 ലിറ്റർ ആണ്. മുന്തിയ തരത്തിലുള്ള പൈപ്പു കളാണ് ഉപയോഗിക്കുന്നത്. ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ യാണ് പൈപ്പ് ലീക്കിംഗ് കണ്ടുപിടിക്കു ന്നത്. ലീക്ക് റിപ്പോർട്ട് ചെയ്തു കഴി ഞ്ഞാൽ 25 മിനിട്ടിനുള്ളിൽ അത് ശരി യാക്കുന്നതിന് നടപടി ഉണ്ടാകും. കൂടാ തെ ശരിയാക്കുന്ന സമയത്തേയ്ക്ക് 5 ലിറ്റർ പ്ലാസ്റ്റിക് ബാഗ് കുടിവെള്ളവും സൗജന്യമായി PUB ഉപഭോക്താവിന് നൽകും. ലീക്ക് പരാതികൾ ശേഖരിക്കു ന്നതിന് പ്രത്യേക കമ്പ്യൂട്ടർവൽകൃത സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരാതി ഇ-മെയിൽ ആയും നേരിട്ടും എസ്.എം.എസ് വഴിയും നൽകാം. പരാതി ലഭിച്ചുകഴിഞ്ഞാൽ ഉടൻ കൺട്രോൾ റൂമിൽ രജിസ്റ്റർ ചെയ്ത് ജോബ് കാർഡ് നൽകുന്നു. രാജ്യത്തെ 16 സോണുകളായി തിരിച്ച് ഓരോ സോണിലും പ്രത്യേക വാഹനവും പ്ലമ്പറും ഉപകരണങ്ങളും അടങ്ങിയ വാഹനം (ബ്ലൂബേർഡ് എന്ന് നാമക രണം ചെയ്തിരിക്കുന്നു) സദാ സന്ന ദ്ധമായി നില്ക്കുന്നുണ്ട്. വയർലെസ് മുഖേന കൺട്രോൾ റൂമിൽ നിന്നുള്ള നിർദ്ദേശാനുസരണം ആധുനിക ഉപക രണങ്ങളുടെ സഹായത്താൽ ലീക്ക് ശരി യാക്കി തിരികെ കൺട്രോൾ റൂമിൽ വിവരം അറിയിക്കുന്നു. സിങ്കപ്പൂരിൽ 100% സ്വീവേജ് സംവിധാനം ഉണ്ട്. ഡീപ്പ് ടണൽ സ്വീവേജ് സിസ്റ്റം ആണ് നില വിലുള്ളത്. ഇതുകൂടാതെ എല്ലാതരം വാട്ടർ മീറ്ററുകളും (ഗാർഹികം/വ്യാവ സായികം) നന്നാക്കുന്നതിനുള്ള യൂണിറ്റ് കൂടി PUB യുടെ വകയായി ട്ടുണ്ട്. വ്യാവസായിക സ്ഥാപനങ്ങൾ ക്കും ഗാർഹികാവശ്യത്തിനുമുള്ള വാട്ടർ ചാർജ്ജ് ഒരേ നിരക്കാണ്. ജലം ചോർ ത്തുന്നത് ജയിൽ വാസവും ഫൈനും ചുമ ത്താവുന്ന കുറ്റമാണ്.

**യാത്രാ സൗകര്യങ്ങൾ**

യാത്രാ സൗകര്യങ്ങൾ ഏർപ്പെടു ത്തുന്നതിന് അധികാരപ്പെട്ട സ്ഥാപനം സിങ്കപ്പൂർ ലാന്റ് ട്രാൻസ്പോർട്ട് അതോ റിറ്റിയാണ്. ഭൂലഭ്യത അനുസരിച്ച് കട ത്തുമാർഗ്ഗങ്ങൾ പ്ലാൻ ചെയ്യുക, സമ ഗ്രവും വേഗത കൂടിയതുമായ യാത്രാ സൗകര്യം ഏർപ്പെടുത്തുക, റോഡ് സംവിധാനവും ട്രാഫിക് സംവിധാനവും ഏർപ്പെടുത്തുക, പൊതുഗതാഗത സംവിധാനത്തെ (Public Transport System) ഉത്തേജിപ്പിക്കുക, പൊതു ഗതാ ഗത നിയന്ത്രണം, സ്വകാര്യ വാഹന ഉപ യോഗവും നിയന്ത്രണവും, രാജ്യത്തുട നീളം റോഡ് യാത്രാ സൗകര്യം ഏർപ്പെ ടുത്തുക എന്നിവയെല്ലാം ഈ അതോ റിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

സിങ്കപ്പൂർ പട്ടണത്തിൽ 130 കിലോ മീറ്റർ ദൂരം മെട്രോ റെയിൽ സൗകര്യം ഉണ്ട്. 84 സ്റ്റേഷനുകളും 334 ബസ് റൂട്ടു കളും 4031 ബസുകളും നിരത്തിൽ ഓടു ന്നുണ്ട്. രണ്ടു പ്രമുഖ പ്രൈവറ്റ് ബസ് ഏജൻസികളാണ് ബസ് സർവീസ് നട ത്തുന്നത്. 25,024 ടാക്സികൾ സിങ്കപ്പൂ രിൽ ഉണ്ട്. ലോവർ റയിൽ ട്രാൻസ് പോർട്ട് 29 കിലോ മീറ്റർ ദൂരം വരും. 33 സ്റ്റേഷനുകൾ ഉണ്ട്. 3325 കിലോ മീറ്റർ ദൂരത്തിൽ റോഡ് സൗകര്യം ഉണ്ട്. എക്സ്പ്രസ് ഹൈവേ 161 കിലോ മീറ്റർ ദൂരം വരും. 933225 വാഹനങ്ങളാണ് സിങ്കപ്പൂരിൽ ഉള്ളത്. 572982 കാറുകൾ ഉണ്ട്. കാൽനടക്കാർക്കായി പ്രത്യേക സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. കാൽനട ക്കാർക്ക് സൗകര്യപ്രഥമായ രീതിയിൽ മഴനനയാതെയും വെയിൽ ഏൽക്കാ തെയും ഉള്ള മേൽക്കൂര സംവിധാനം പല സ്ഥലങ്ങളിലും ഉണ്ട്.

ലാന്റ് ട്രാൻസ്പോർട്ട് മാസ്റ്റർ പ്ലാൻ (LTMP) സിങ്കപ്പൂർ സർക്കാർ നടപ്പാക്കി വരുന്നു. സ്ഥലം പൊതുവേ കുറവായ തിനാൽ യാത്രാ സൗകര്യത്തിനായി സമ ഗ്രമായ പ്ലാനിംഗ് സംവിധാനം ഏർപ്പെ ടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കായി ഇൻഫർമേഷൻ സംവിധാനവും ഏർപ്പെ ടുത്തിയിട്ടുണ്ട്. പാർക്കിംഗ് ഗൈഡൻസി നായും എക്സ് പ്രസ് റോഡുകളിലെ യാത്ര നിരീക്ഷിക്കുന്നതിനും മറ്റുമായി ട്രാഫിക് ഇൻസിഡന്റ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നു. തിര ക്കുള്ള റോഡുകളിൽ ഗതാഗത നിയ ന്ത്രണത്തിനായി Congestion Cost ഈടാ ക്കുന്നുണ്ട്. ഇലക്ട്രോണിക് റോഡ് പ്രൈസിംഗ് സംവിധാനത്തിലൂടെയാണ് ഇത് നടപ്പാക്കി വരുന്നത്. പൊതുജന ങ്ങൾക്കും ഡ്രൈവർ മാർക്കും നിർദ്ദേ ശങ്ങൾ നൽകുന്നതിന് E-Mas സംവി ധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന ഗതാഗതം നിരീക്ഷിക്കുന്നതിനായി ജംഗ്ഷനുകളിൽ J-Eyes സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. വാഹന പെരുപ്പം തടയുന്നതിന് വെഹിക്കിൾ ക്വാട്ട സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. 2008 വരെ 3% ഉം 2011 വരെ 1.5% നിര ക്കിലുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

**ധനാഗമ മാർഗ്ഗങ്ങൾ**

സിങ്കപ്പൂർ സർക്കാരിന്റെ പ്രധാന ധനാഗമ മാർഗ്ഗങ്ങൾ ടൂറിസം, എയർ പോർട്ട്, പോർട്ട്, വ്യവസായം, മത്സ്യ ബന്ധനം എന്നിവയിൽ നിന്നുള്ള വരു മാനമാണ്. സമ്പന്ന രാഷ്ട്രങ്ങളിൽ ഒന്നാണ് സിങ്കപ്പൂർ. എങ്കിലും കുടിവെള്ളം, ഭക്ഷ്യ ധാന്യങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രി കൾ എന്നിവയെല്ലാം ഇറക്കുമതി ചെയ്യ പ്പെടുകയാണ്. ലോകത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ ഒന്നുകൂടിയാണ് സിങ്കപ്പൂർ. ■

*ലേഖകൻ നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയാണ്. സിങ്കപ്പൂർ സന്ദർശിച്ച സംഘത്തിൽ അംഗമായിരുന്നു.*

# വിദേശ ഇന്ത്യാക്കാരനുമായി വിവാഹം നടത്തുന്നതിനു മുൻപ്

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



**വിദേശരാജ്യങ്ങളിൽ സാമൂഹികസമ്മർദ്ദം തീരെ കുറവാണ്. ഭർത്താവ് ഭാര്യയെ സ്പോൺസർ ചെയ്യാത്തപക്ഷം വിസ ലഭിക്കുക അത്ര എളുപ്പമല്ല. ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് ഭർത്താവിന് ഭാര്യയെ അവളുടെ നാട്ടിൽ തന്നെ ഉപേക്ഷിക്കാൻ കഴിയും. അതേസമയം മിക്കപ്പോഴും അവളുടെ പണമുപയോഗിച്ച് അയാൾക്ക് സ്വതന്ത്രമായി വിഹരിക്കാനും കഴിയും.**

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



വിദേശത്തുള്ള ഇന്ത്യാക്കാരനുമായി നടത്തുന്ന വിവാഹങ്ങൾ മുഴുവനും ദോഷകരമല്ല. എങ്കിലും അത്തരം ഒരു ബന്ധത്തിൽ ഏർപ്പെടുന്നതിനു മുൻപ് വേണ്ടത്ര ജാഗ്രത പുലർത്തുന്നത് സ്വന്തം കുടുംബത്തിന്റെയും മകളുടെയും താൽപര്യത്തിന് യോജിച്ചതായിരിക്കും.

വിദേശ ഇന്ത്യാക്കാർ ഇന്ത്യൻ വംശജരായ വിദേശികൾ ചതിയിൽ വിവാഹബന്ധത്തിലേർപ്പെടുന്ന അനേകം സംഭവങ്ങളുണ്ട്. അവയിൽ ചിലത് ഇപ്രകാരമാണ് പരിണമിക്കുക.

1. വിദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനു മുൻപ്തന്നെ വധു ഉപേക്ഷിക്കപ്പെടുന്നു. ചുരുങ്ങിയ കാലത്തെ മധുവിധുവിനുശേഷം യാത്രാടിക്കറ്റ് വൈകാതെ അയച്ചുതരാം എന്ന വാഗ്ദാനവുമായി വരൻ മടങ്ങിപ്പോകുന്നു. അയാൾ പിന്നീടൊരിക്കലും അവളുമായി സമ്പർക്കം പുലർത്തുന്നില്ല.
2. വിവാഹിതയായ സ്ത്രീ വിദേശത്ത് എത്തുന്നു. അവിടുത്തെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ തന്നെ കാത്തുനിൽക്കുന്ന ഭർത്താവ് ഇല്ലെന്ന തിരിച്ചറിവ് അവൾ നേടുന്നു.
3. വിവാഹിതയായ സ്ത്രീ വിദേശരാജ്യത്തേയ്ക്ക് പോകുന്നു. പക്ഷേ ഒരു വർഷത്തിനുശേഷം മടങ്ങിപ്പോരാൻ നിർബന്ധിതയാകുന്നു. തന്റെ കുഞ്ഞിനെ ഒപ്പം കൊണ്ടുപോരാൻ അവൾ അനുവദിക്കപ്പെടുന്നില്ല.
4. ക്രൂരമായ മർദ്ദനത്തിനു വിധേയയാക്കുക, പീഢിപ്പിക്കപ്പെടുക, മാനസികമായും ശാരീരികമായും ചൂഷണ വിധേയയാക്കുക, പോഷകാഹാരം ലഭിക്കാതിരിക്കുക, മുറിയിൽ അടയ്ക്കപ്പെടുക, മറ്റ് പലതരം അപമാനങ്ങൾ സഹിക്കുക

**കാര്യങ്ങൾ രഹസ്യമായി തീരുമാനിക്കരുത്- വിവാഹാലോചനയെപ്പറ്റി പരസ്യമാക്കുന്നത് സുഹൃത്തുക്കളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും പരമപ്രധാനമായ വിവരങ്ങൾ നേടാനായേക്കും. അങ്ങനെയല്ലെങ്കിൽ അവ ശേഖരിക്കാൻ ഒരിക്കലും കഴിയുകയില്ല.**

എന്നിവയ്ക്കായി മാത്രം വിവാഹിതയായ സ്ത്രീ വിദേശരാജ്യത്ത് എത്തുന്നു.

5. താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ കാര്യത്തിലോ എല്ലാത്തിന്റെയും കാര്യത്തിലോ ഭർത്താവ് തെറ്റായ വിവരങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിവാഹിതയ്ക്ക് ബോധ്യം വരുന്നു. വിവാഹത്തിന് സമ്മതിക്കാൻവേണ്ടി തന്റെ ജോലി, ഇമിഗ്രേഷൻ സ്ഥിതി, വരുമാനം, സ്വത്ത്, വിവാഹസ്ഥിതി, മറ്റ് ഭൗതിക കാര്യങ്ങൾ.
6. വിവാഹത്തിന് മുൻപും ശേഷവും സ്ത്രീധനമായി വൻതുക നൽകാൻ വധുവും അവളുടെ മാതാപിതാക്കളും നിർബന്ധിതരാക്കപ്പെടുന്നു. വിദേശരാജ്യത്ത് ജോലി ചെയ്യാൻ അവൾ നിർബന്ധിതയാകുകയും അതിൽനിന്നുള്ള വരുമാനം മുഴുവനും അവളുടെ ഭർത്താവ് തട്ടിയെടുക്കുകയും ചെയ്യുന്നു.
7. താൻ വിവാഹം കഴിച്ച വിദേശ ഇന്ത്യാക്കാരൻ നേരത്തെ തന്നെ വിവാഹിതനാണെന്നും മറ്റൊരു സ്ത്രീയുമൊത്ത് അയാൾ ജീവിക്കുകയാണെന്നും വിവാഹശേഷം വധു മനസ്സിലാക്കുന്നു.
8. വിദേശ രാജ്യത്തുവച്ച് ഭാര്യയുടെ അറിവോ സമ്മതമോ ഇല്ലാതെ വിവാഹമോചനത്തിന്റെ എക്സ്പാർട്ടി വിധി ഭർത്താവ് നേടുന്നു.
9. ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതെയും ആരും സഹായത്തിനില്ലാതെയും വിദേശരാജ്യത്ത് ഉപേക്ഷിക്കപ്പെടുക, അല്ലെങ്കിൽ രക്ഷിക്കപ്പെട്ട് വിസപോലുമില്ലാതെ ആ രാജ്യത്ത് കഴിയാൻ നിർബന്ധിതയാക്കുക.
10. ജീവനാംശം ലഭിക്കാനോ വിവാഹമോചനത്തിനോ സ്ത്രീ കോടതിയെ സമീപിക്കുകയും കോടതിയുടെ അധികാരപരിധി, നോട്ടീസ് അല്ലെങ്കിൽ വിധി നടപ്പാക്കിക്കിട്ടൽ എന്നിവയിൽ നിരന്തരം തടസ്സങ്ങൾ നേരിടുന്നു.
11. വിവാഹത്തിനു മുൻപുതന്നെ വിദേശരാജ്യത്തേയ്ക്ക് ചെല്ലാൻ പ്രതിശ്രുത വധു പ്രേരിപ്പിക്കപ്പെടുകയും വിദേശരാജ്യത്തുവെച്ച് വിവാഹം നടത്തുകയും ചെയ്യുക. ഇന്ത്യയിലെ കോടതികൾക്ക് അവിടെ പരിമിതമായ നിയമാധികാരങ്ങൾ മാത്രമെ ഉള്ളൂ എന്ന് വൈകാതെ അവൾ തിരിച്ചറിയുന്നു.

അത്തരം വിവാഹങ്ങൾ നിങ്ങളുടെ കുടുംബത്തിന് ക്ലേശമുണ്ടാക്കുകയും നിങ്ങളുടെ മകളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കുന്നത് നല്ലതായിരിക്കും.

1. നിങ്ങളുടെ മകളുടെ ഭാവിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിദേശ ഇന്ത്യാക്കാരനുമായുള്ള വിവാഹത്തിന്റെ കാര്യത്തിൽ ധൃതിപിടിച്ച് ഒരു തീരുമാനമെടുക്കരുത്.
2. വിവാഹം ഉറപ്പിക്കുന്നതിനു മുൻപ് വിദേശത്തുള്ള ഇന്ത്യാക്കാരനായ പ്രതിശ്രുതവരന്റെ പൂർവ്വ ചരിത്രം പരിശോധിക്കുക.
3. വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാകയാൽ വിദേശ ഇന്ത്യാക്കാരനുമായുള്ള വിവാഹകാര്യത്തിൽ മറ്റുള്ളവരുടെ പ്രേരണയ്ക്ക് വശംവദമാകരുത്.
4. വിദേശത്തുള്ളവരുമായി നടത്താനുദ്ദേശിക്കുന്ന വിവാഹകാര്യങ്ങൾ ടെലഫോൺ വഴിയോ ഇ-മെയിൽ മുഖേനയോ തീരുമാനമാക്കരുത്.
5. നിങ്ങളുടെ മകളുടെ വിവാഹം വിദേശത്തുവച്ച് നടത്താൻ ഏതെങ്കിലും ബ്യൂറോ, ഏജന്റ്, ദല്ലാൾ അഥവാ ഇടനിലക്കാരനെ കണ്ണടച്ച് വിശ്വസിക്കരുത്.
6. വിവാഹം വഴി മറ്റൊരു രാജ്യത്ത് കുടിയേറിപ്പാർക്കാനോ ഗ്രീൻ കാർഡ് നേടാനോ ഉള്ള വാഗ്ദാനങ്ങൾക്ക് ഇരയാകരുത്.
7. കാര്യങ്ങൾ രഹസ്യമായി തീരുമാനിക്കരുത്-വിവാഹാലോചനയെപ്പറ്റി പരസ്യമാക്കുന്നത് സുഹൃത്തുക്കളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും പരമപ്രധാനമായ വിവരങ്ങൾ നേടാനായേക്കും. അങ്ങനെയല്ലെങ്കിൽ അവ ശേഖരിക്കാൻ ഒരിക്കലും കഴിയുകയില്ല.
8. എപ്പോഴും വിവാഹം രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുകയും ഒപ്പം ഇന്ത്യയിൽ വെച്ച് മതാചാരപ്രകാരമുള്ള വിവാഹം നടത്തി വിവാഹത്തിനു മതിയായ പരസ്യം നൽകാനാവശ്യമായ ഫോട്ടോ തുടങ്ങിയ തെളിവുകൾ കരുതുക.
9. വരന്റെ വിവാഹസ്ഥിതി, ജോലി, പദവി, ശമ്പളം, തൊഴിലുടമ, ഇമിഗ്രേഷൻ സ്ഥിതി, വിസയുടെ തരം, ജീവിതപങ്കാളിയെ വിദേശത്ത് കൊണ്ടുപോകാനുള്ള അർഹത, കുടുംബപശ്ചാത്തലം, കുടുംബത്തിന്റെ തരം, കുറ്റകൃത്യ ചരിത്രം എന്നിവയെപ്പറ്റി മുഴുവൻ വിവരങ്ങളും നേടുക.
10. അടിയന്തര സാഹചര്യം നേരിട്ടാൽ സഹായത്തിന് എംബസ്സികളുടെ വിലാസവും ഫോൺ നമ്പരും, ഹെൽപ് ലൈനുകൾ, ബന്ധുക്കളുടെ വിവരങ്ങൾ തുടങ്ങിയവ നിങ്ങളുടെ മകൾക്ക് നൽകുക.
11. പാസ്പോർട്ട്/വിസ നിങ്ങളുടെ പക്കൽ തന്നെ സൂക്ഷിക്കുകയും എപ്പോഴും പാസ്പോർട്ട്/വിസയുടെ ഒരു കോപ്പി കരുതുകയും ചെയ്യുക.
12. ഒരു കാരണവശാലും എന്തെങ്കിലും വ്യാജ രേഖകളിലോ വ്യാജ ഇടപാടുകളിലോ ഒപ്പുവയ്ക്കാൻ സമ്മതിക്കരുത്.
13. വിസയ്ക്കും ആവശ്യമായ മറ്റ് നടപടിക്രമങ്ങൾക്കും വേണ്ട രേഖകൾ സ്വയം തയ്യാറാക്കി സമർപ്പിക്കുകയും അത് ഭർത്താവിനെക്കൊണ്ട് ചെയ്യിക്കാതിരിക്കുകയും ചെയ്യുക. എല്ലാ ഒറിജിനൽ രേഖകളും നിങ്ങളുടെ പക്കൽ സൂക്ഷിക്കുക.

വിദേശരാജ്യങ്ങളിൽ സമൂഹികസമ്മർദ്ദം തീരെ കുറവാണ്. ഭർത്താവ് ഭാര്യയെ സ്പോൺസർ ചെയ്യാത്തപക്ഷം വിസ ലഭിക്കുക അത്ര എളുപ്പമല്ല. ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് ഭർത്താവിന് ഭാര്യയെ അവളുടെ നാട്ടിൽ തന്നെ ഉപേക്ഷിക്കാൻ കഴിയും. അതേസമയം മിക്കപ്പോഴും അവളുടെ പണമുപയോഗിച്ച് അയാൾക്ക് സ്വതന്ത്രമായി വിഹരിക്കാനും കഴിയും. ■

അതിനാൽ ജാഗ്രത പുലർത്തുക.

*കടപ്പാട് : പ്രവാസികാര്യ മന്ത്രാലയം, ന്യൂഡൽഹി.*

*വെബ്സൈറ്റ് : www.moia.gov .in*

**വരന്റെ വിവാഹസ്ഥിതി, ജോലി, പദവി, ശമ്പളം, തൊഴിലുടമ, ഇമിഗ്രേഷൻ സ്ഥിതി, വിസയുടെ തരം, ജീവിതപങ്കാളിയെ വിദേശത്ത് കൊണ്ടു പോകാനുള്ള അർഹത, കുടുംബ പശ്ചാത്തലം, കുടുംബത്തിന്റെ തരം, കുറ്റകൃത്യ ചരിത്രം എന്നിവയെപ്പറ്റി മുഴുവൻ വിവരങ്ങളും നേടുക.**



# അധികാര വികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊ ണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **പഞ്ചായത്ത് രാജിനെ ബാധിക്കുന്ന സംസ്ഥാനങ്ങളുടെ നിയമനിർമ്മാണം**

- ഓരോ സംസ്ഥാനങ്ങളുടേയും നിയമത്തിൽ അധികാരവികേന്ദ്രീകരണത്തെ ബാധിക്കുന്നതും സംസ്ഥാനസർക്കാരുകൾക്ക് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും വേണ്ടി എന്തെല്ലാം വകുപ്പുകളാണ് നിലവിലുള്ളത്. ഇത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും സ്വാതന്ത്ര്യത്തേയും എങ്ങനെ ബാധിക്കുന്നു ?
- വേറെ എന്തൊക്കെ തരത്തിലുള്ള നിയമങ്ങളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ബാധിക്കുന്ന തരത്തിലുള്ളത് ?
- 73-ാം ഭരണഘടനാഭേദഗതിയുമായി യോജിച്ച് പോകുന്ന സംസ്ഥാനനിയമനിർമ്മാണത്തിന് ഉദാഹരണങ്ങൾ എന്തെല്ലാമാണ് ?

**പ്രതികരണങ്ങൾ ചുരുക്കത്തിൽ**

അധികാരവികേന്ദ്രീകരണത്തിന്റേയും പഞ്ചായത്തീരാജിന്റെയും അന്ത:സത്തയ്ക്ക് നിരക്കാത്ത വിധത്തിൽ പഞ്ചായത്ത് രാജ് നിയമങ്ങളും മറ്റനവധി നിയമങ്ങളും സംസ്ഥാനങ്ങളിൽ നിലവിലുള്ളതായി അംഗങ്ങൾ ചൂണ്ടിക്കാട്ടി.

ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന 29 വിഷയങ്ങളും 12-ാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന 18 വിഷയങ്ങളും സംബന്ധിച്ച് ഒരു പഠനം നടത്തേണ്ടതിന്റെ ആവശ്യകത അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. ഇത്തരത്തിലുള്ള ഒരു പഠനത്തിലൂടെ നിയമത്തിലേയും ചട്ടങ്ങളിലേയും പൊരുത്തക്കേടുകളുടെ ഒരു വ്യക്തമായ ചിത്രം ലഭിക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. നിയമനിർമ്മാണങ്ങൾ നടത്തുമ്പോൾ പഞ്ചായത്തുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. പ്രത്യേകിച്ച് 73, 74 ഭരണഘടനാ ഭേദഗതിയും PESA യും നിലവിലുള്ളപ്പോൾ.

പഞ്ചായത്തീരാജിന്റെയും അധികാരവികേന്ദ്രീകരണത്തിന്റെയും അന്ത:സത്തയ്ക്ക് നിരക്കാത്ത വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ധാരാളം വകുപ്പുകൾ വിവിധ സംസ്ഥാനങ്ങളിലെ നിയമത്തിലുള്ളതായി അംഗങ്ങൾ ചൂണ്ടിക്കാണിച്ചു.

ഉദാഹരണത്തിന് കേരളത്തിലെ തീരദേശപരിപാലനവുമായി ബന്ധപ്പെട്ട 2010 ലെ ടൂറിസം ബില്ല് പഞ്ചായത്തുകളുടെ അധികാരങ്ങളിലുള്ള കൈകടത്തലാണ്.

കർണ്ണാടകത്തിലാകട്ടെ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ സഹായിക്കുന്നതിനും പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമായി കൊണ്ടുപോകുന്നതിനും വേണ്ടി പഞ്ചായത്ത് ഡവലപ്പ്മെന്റ് ഓഫീസറെ (P.D.O) നിയമിച്ച് വരുന്നു. എന്നാൽ ഇത് ഒരു സർക്കാർ നിയമനമാണ്. എല്ലാ പദ്ധതികളുടേയും നടത്തിപ്പ് ചുമതല P.D.O യ്ക്കാണ്. അതുകൊണ്ടുതന്നെ അധികാ

രങ്ങളെല്ലാം P.D.O യിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പഞ്ചായത്തുകളുടെ യഥാർത്ഥ തലവൻ P.D.O ആയി മാറുന്നു.

ആന്ധ്രാപ്രദേശിലെ പഞ്ചായത്ത് രാജ് നിയമം 1994 അനുസരിച്ച് പഞ്ചായത്തുകളുടെ പ്രമേയങ്ങൾ റദ്ദ്ചെയ്യുന്നതിനും (സെക്ഷൻ 246) പഞ്ചായത്തുകളെ പിരിച്ചുവിടുന്നതിനും (സെക്ഷൻ 250) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ നീക്കം ചെയ്യുന്നതിനും (സെക്ഷൻ 249) സംസ്ഥാനത്തിന് അധികാരം ഉണ്ട്.

ഹിമാചൽ പ്രദേശിലെ പഞ്ചായത്ത് നിയമം അനുസരിച്ച് പണമിടപാട് നടത്തുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്ത് അദ്ധ്യക്ഷനാണ്. എന്നാൽ പൊതുചട്ടം പ്രകാരം പണത്തിന്റേയും റെക്കോർഡുകളുടേയും ചുമതലക്കാരൻ സെക്രട്ടറിയാണ്. എന്നിരുന്നാലും പണസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായാൽ പ്രധാൻ (പ്രസിഡന്റ്) ആയിരിക്കും പ്രതിസ്ഥാനത്ത്.

മൈനിംഗ്, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട കേന്ദ്രസംസ്ഥാന നിയമങ്ങളെല്ലാം തന്നെ PESA യുമായി പൊരുത്തമില്ലാത്തതാണെന്ന് കാണാവുന്നതാണ്.

പഞ്ചായത്തീരാജും അധികാരവികേന്ദ്രീകരണവും സംബന്ധിച്ച് കേരളത്തിലെ നിയമമാണ് താരതമ്യേന മെച്ചപ്പെട്ടതായി കണക്കാക്കുന്നത്. കേരള പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതിന്ശേഷം നാളിതുവരെ 15 ഭേദഗതികൾ നടത്തുകയുണ്ടായി. വ്യക്തമായ കാരണങ്ങളില്ലാതെ പഞ്ചായത്തുകളെ പിരിച്ചുവിടുന്നതിന് നിയമം സംസ്ഥാനത്തിന് അധികാരം നല്കുന്നില്ല. എന്നിരുന്നാലും, റെക്കോർഡുകൾ പരിശോധിക്കുന്നതിനും സാങ്കേതിക മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും അന്വേഷണങ്ങൾ നടത്തുന്നതിനും മറ്റുമുള്ള അധികാരം സംസ്ഥാനത്തിനുണ്ട്.

പഞ്ചായത്തീരാജുമായി ബന്ധപ്പെട്ട ധാരാളം നിയമനിർമ്മാണങ്ങളും അനുബന്ധചട്ടങ്ങളുമൊക്കെ ഈ ചർച്ചയിൽ ഉയർന്ന് വരികയുണ്ടായി. ഇതിൽ പലതും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, അനന്തിന്റെ സ്റ്റേറ്റ് പഞ്ചായത്തീരാജ് റിപ്പോർട്ട് – 3 ൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. പശ്ചിമബംഗാളിലെ പഞ്ചായത്ത് റോഡ്മാപ്പിൽ പഞ്ചായത്തീരാജിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി നിയമങ്ങളിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അതുപോലെതന്നെ രാജ്യത്തുടനീളമുള്ള പഞ്ചായത്തീരാജ് നിയമങ്ങളെക്കുറിച്ച് ഒരു താരതമ്യപഠനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക്ക് ഫൈനാൻസ് നടത്തിവരുന്നു.

പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ മിക്ക സംസ്ഥാനങ്ങളുടേയും പഞ്ചായത്തീരാജ് നിയമം ലഭ്യമാണ്. കൂടാതെ കേരളത്തിലെ 1952 മുതൽ 2008 വരെയുള്ള നിയമനിർമ്മാണങ്ങളും ലഭ്യമാണ്.

ചുരുക്കത്തിൽ വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് നിയമം സംബന്ധിച്ച് ഒരു താരതമ്യ പഠനം അനിവാര്യമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ■

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്റ്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊല്യൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*

*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*

**കാലാവസ്ഥാ വ്യതിയാനം എന്ത്? എന്തുകൊണ്ട്?** *പേജ് 16ൽ നിന്നും തുടർച്ച*

തായിത്തീരും. കെട്ടിടങ്ങൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവയുടെ അടിത്തറയ്ക്ക് കാലക്രമേണ കൂടുതൽ വേഗത്തിൽ ബലക്ഷയം വരും.

ആഗോളതാപം വർദ്ധിച്ചാൽ ഒരിടത്ത് കിട്ടേണ്ട മഴ വേറൊരു ദിക്കിലേയ്ക്ക് വഴിമാറിപ്പോകുമെന്നത് സംഭവ്യമാണ്. മഴയുണ്ടാകുന്നതിന് കാറ്റ് പ്രധാന പങ്കാണ് വഹിക്കുന്നത്. അന്തരീക്ഷ താപ വ്യത്യാസത്തിനനുസരിച്ച് മർദ്ദവ്യത്യാസമുണ്ടാകുകയും ഈ മർദ്ദവ്യത്യാസം കാറ്റിന്റെ ഗതിയെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഭൂമിയുടെ അന്തരീക്ഷത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന താപവ്യത്യാസങ്ങൾ കാറ്റിന്റെ ഗതിയെയും മാറ്റിമറിക്കുന്നു. ചൂടു കൂടുന്നതിനനുസരിച്ച് വായുവിലെ ഈർപ്പത്തിന്റെ അളവും കൂടും. ഇങ്ങിനെ, ഇത്തരം സാഹചര്യങ്ങളുള്ള പ്രദേശങ്ങളിൽ അപ്രതീക്ഷിതമായി വലിയ മഴമേഘങ്ങൾ രൂപം കൊള്ളുകയും ശക്തമായ മഴയുണ്ടാകുകയും ചെയ്യും. ഒരു പ്രദേശത്ത് പെയ്യേണ്ടിയിരുന്ന മഴ വേറൊരു ഭാഗത്ത് പെയ്യുമ്പോൾ ആദ്യം പറഞ്ഞ ഭാഗത്ത് വരൾച്ച അനുഭവപ്പെടുകയും ചെയ്യും. അവിചാരിതമായി പെട്ടെന്ന് ഒരു സ്ഥലത്ത് ശക്തിയായ മഴയുണ്ടായാൽ അതു ദോഷകരമാണ്. വേനൽക്കാലത്ത് അപ്രതീക്ഷിതമായുണ്ടാകുന്ന കൊടുംമഴ വിളവെടുപ്പിനെ ബാധിക്കും. വിളവെടുപ്പിനായി കാത്തുനിന്ന നെൽക്കതിരെല്ലാം നിരന്തരമായ മഴയാൽ നശിച്ചുപോകും. 2008 ൽ കേരളത്തിൽ അത്തരം കൊടുംമഴകൾ ഉണ്ടായിരുന്നു. അപ്രതീക്ഷിതമായ കനത്ത മഴയാൽ കനത്ത വെള്ളപ്പാച്ചിലുകൾ ഉണ്ടാകുകയും ഓടകൾ കവിഞ്ഞൊഴുകി ശുദ്ധജല സ്രോതസ്സുകളെ മലിനമാക്കുകയും ചെയ്യുന്നു. പാചകാവശ്യത്തിനും ദാഹശമനത്തിനും വേണ്ട ശുദ്ധജലം രോഗാണുക്കൾ കൊണ്ടും മണ്ണിൽ കലർന്നിരിക്കുന്ന കീടനാശിനികൾ കൊണ്ടും മലിനമാക്കുകയും രോഗങ്ങളെ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു.

അപ്രതീക്ഷിത മഴ മണ്ണിനേയും ബാധിക്കും. നിലയ്ക്കാത്ത വർഷപാതം അതിഭീമമായ രീതിയിലുള്ള മണ്ണൊലിപ്പിനും ഭൂമിയുടെ ഉപരിതല ഫലഭൂയിഷ്ടത കാര്യമായി കുറയ്ക്കുവാനും ഇട വരുത്തുന്നു. അങ്ങിനെയാകുമ്പോൾ ഭക്ഷ്യോൽപാദനത്തിൽ കുറവ് വരികയും ചെയ്യും. ഉരുൾപൊട്ടലും തന്മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ഇപ്രകാരമുള്ള കനത്ത മഴയിൽ ഉണ്ടാകുന്നത് അസാധാരണമല്ല. വന നശീകരണവും കാലാവസ്ഥാ വ്യതിയാനവുമായി വളരെയേറെ ബന്ധമുണ്ട്. സസ്യജാലങ്ങൾ അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിനെ വലിച്ചെടുത്ത് ജലത്തിന്റെയും സൂര്യപ്രകാശത്തിന്റെയും സഹായത്തോടെ ആഹാരമാക്കി മാറ്റുന്നു. അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ മുഖ്യ ഉപഭോക്താവ് സസ്യജാലങ്ങളാണ്. മരങ്ങൾ യാതൊരു തത്വദീക്ഷയുമില്ലാതെ മുറിക്കുമ്പോൾ കാർബൺഡയോക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ വർദ്ധിക്കാനുള്ള സാദ്ധ്യത ഏറെയാണ്. അതിനാൽ വനവൽക്കരണമാണ് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിനെ കുറയ്ക്കാനുള്ള മുഖ്യ ഉപാധി. വനനശീകരണത്തിന്റെ പ്രത്യാഘാതമാണ് ഓരോ വർഷവും കേരളം അനുഭവിക്കുന്ന വെള്ളപൊക്കവും മണ്ണൊലിപ്പും ഉരുൾപൊട്ടലുമൊക്കെ. പ്രകൃതിദത്ത വനങ്ങൾ നശീകരിക്കപ്പെടുന്നതിന്റെ ഫലമായി പെയ്യുന്ന മഴയെല്ലാം കുത്തിയൊലിച്ച് വളരെവേഗം കടലിൽ എത്തിച്ചേരുന്നു. അതിനാൽ ഭൂഗർഭജലത്തിന്റെ വിതാനം ഗണ്യമായി കുറയുകയും അരുവികളും തോടുകളും മഴക്കാലത്ത് മാത്രം വെള്ളമുള്ള സ്രോതസ്സായി മാറുകയും ചെയ്യുന്നു. വേനലാകുമ്പോഴേയ്ക്കും മിക്ക കിണറുകളും വരണ്ടുപോകുകയും ദൈനംദിനാവശ്യങ്ങൾക്ക് നാം ബുദ്ധിമുട്ടേണ്ടി വരികയും ചെയ്യുന്നു. മണ്ണിന്റെ ഈർപ്പം പിടിച്ചു നിർത്താൻ മരങ്ങൾക്കുള്ള കഴിവും പങ്കും അത്ഭുതാവഹമാണ്. ■

(തുടരും)

*ലേഖകൻ കോഴിക്കോട് CWRDMൽ ശാസ്ത്രജ്ഞനാണ്.*

ആർ. വേണുഗോപാൽ

# വേറിട്ട കാഴ്ചകൾ




**അടച്ച ഒരു മുറിയിൽ ഇരുട്ടുനിറഞ്ഞ കക്കൂസിൽ ഭീതിയോടെ മലവിസർജ്ജനം നടത്തേണ്ടിവരുന്ന ഒരു കുഞ്ഞിന്റെ മാനസികാവസ്ഥ ആലോചിച്ചുനോക്കു. ഇതിന് ഒരപവാദമാകുകയാണ് ഫെറോ സിമന്റിൽ രൂപകല്പന ചെയ്ത, കാറ്റും വെളിച്ചവും കയറുന്ന ശിശുസൗഹൃദ ടോയ്‌ലറ്റ്.**

കുഞ്ഞുങ്ങൾക്ക് നിരന്തരമായി ഉണ്ടാകുന്ന പലവിധ രോഗങ്ങളുടെയും കാരണം അന്വേഷിക്കുമ്പോൾ നാം ചെന്നെത്തുന്നത് ശുചിത്വമില്ലായ്മയിലാണ്. വിഷലിപ്തമായ ഭക്ഷണത്തിലൂടെയും ശുദ്ധമല്ലാത്ത ജലത്തിലൂടെയും വൃത്തിഹീനമായ ചുറ്റുപാടുകളിലൂടെയും രോഗാണുക്കൾ സംക്രമിച്ചുകൊണ്ടിരിക്കുന്നു. ശുദ്ധജലത്തിന്റെ അപര്യാപ്തത ഇന്ന് കേരളം നേരിടുന്ന വലിയൊരു പ്രശ്നമായിരിക്കുകയാണ്. കോളിഫോം ബാക്ടീരിയയുടെയും മറ്റും അളവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. മനുഷ്യമലം ജലത്തിൽ കലരുന്നുവെന്നതിന് പ്രകടമായ തെളിവാണിത്. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതുമൂലം അതിസാരവും മഞ്ഞപ്പിത്തവും കൊക്കോപ്പുഴു മൂലമുള്ള രോഗങ്ങളും ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇതുകൂടുതലും ബാധിക്കുന്നതും കുട്ടികളെയാണ്. അതിസാരം പിടിപെട്ട് ലോകത്ത് പ്രതിദിനം അയ്യായിരത്തിലധികം കുട്ടികൾ മരിക്കുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന പറയുന്നു. ശുചിത്വമിഷന്റെ നിരന്തരമായ ബോധവൽക്കരണത്തിലൂടെ തുറസ്സായ സ്ഥലത്തെ മലവിസർജ്ജനം കേരളത്തിൽ ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ശിശുക്കളുടെ കാര്യത്തിൽ ഇത് വേണ്ടത്ര വിജയിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇത്തരം സാഹചര്യത്തിൽ ശിശു മനസ്സിൽ മലവിസർജ്ജനത്തിന് കക്കൂസ് ആവശ്യമാണെന്ന ബോധം വളർത്തേണ്ടത് അനിവാര്യമാണ്.

ഓടുന്നതിലും ചാടുന്നതിലും അതീവ താല്പര്യം പ്രകടമാകുന്ന കുഞ്ഞിന്റെ മൂന്നാമത്തെ വയസ്സിൽ സംശയങ്ങൾ ചോദിക്കാനും ശാസന മനസ്സിലാക്കുവാനും അവനു കഴിയുന്നു. നാലാമത്തെ വയസ്സിൽ സ്വന്തം കാര്യങ്ങൾ ചെയ്യാൻ അവൻ ശ്രമിക്കുന്നു. കൈകാലുകൾ കഴുകാനും ഊണ് കഴിക്കാനും മുടി ചീകാനും കാര്യങ്ങൾ സൗമ്യമായി ഉൾക്കൊള്ളാനും കുഞ്ഞ് ശ്രമിക്കുന്നു. 'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം' എന്നത് അന്വർത്ഥമാക്കുന്ന തരത്തിൽ ഈ പ്രായത്തിൽ പിഞ്ചുമനസ്സിൽ ശുചിത്വത്തിന്റെ ബാലപാഠങ്ങൾ സന്നിവേശിപ്പിക്കാൻ ശ്രമിച്ചാൽ ചിന്തയിലും പ്രവർത്തിയിലും വൃത്തിയും ശുദ്ധിയും കാത്തുസൂക്ഷിക്കുന്ന ഒരു തലമുറയെ നമുക്ക് സൃഷ്ടിക്കാൻ കഴിയും.

ശിശുശുചിത്വം സാധ്യമാക്കുന്നതിൽ ആലപ്പുഴ ജില്ല മികച്ച പ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്. അംഗനവാടിയിലൂടെ ശുചിത്വസന്ദേശങ്ങൾ കവിതയായും കഥയായും പഴമൊഴികളായും ആംഗ്യപാട്ടായും പകർന്നു നൽകുവാൻ ആലപ്പുഴ ജില്ലാ ശുചിത്വമിഷന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചെലവുകുറഞ്ഞ ശിശുസൗഹൃദ കക്കൂസ് എന്ന ആവശ്യം മുൻനിർത്തി, ആലപ്പുഴ ജില്ലാ ശുചിത്വമിഷനുമായി ചേർന്ന് പരമ്പരാഗത സങ്കേതത്തിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു സമീപനം ഫീഡർ ടെക്നോളജി ആന്റ് ഹാബിറ്റേഷൻ ഗ്രൂപ്പ് വികസിപ്പിച്ചെടുക്കുകയും കുറഞ്ഞ ചെലവിൽ ശിശുസൗഹൃദ കക്കൂസുകളുടെ നിർമ്മാണത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

### ശിശുസൗഹൃദ കക്കൂസുകളുടെ പ്രത്യേകതകൾ എന്താണ്?

അടച്ച ഒരു മുറിയിൽ ഇരുട്ടുനിറഞ്ഞ കക്കൂസിൽ ഭീതിയോടെ മലവിസർജ്ജനം നടത്തേണ്ടിവരുന്ന ഒരു കുഞ്ഞിന്റെ മാനസികാവസ്ഥ ആലോചിച്ചു നോക്കൂ. ഇതിന് ഒരപവാദമാകുകയാണ് ഫെറോ സിമന്റിൽ രൂപകല്പന ചെയ്ത, കാറ്റും വെളിച്ചവും കയറുന്ന ശിശുസൗഹൃദ ടോയ്‌ലറ്റ്.

റിംഗ് കക്കൂസ് (Leach Pit) മാതൃകയിലാണ് ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിച്ചിരിക്കുന്നത്. എം.20 സമ്മർദ്ദബലമുള്ള സിമന്റ് കോൺക്രീറ്റ് റിംഗാണ് കക്കൂസ്. 85 സെ.മീ. ഉൾവ്യാസമുള്ളതും 100 സെ.മീ. ഉയരമുള്ളതും 5 സെ.മീ. ഭിത്തി കനമുള്ളതുമാണ് റിംഗുകൾ. ഭൂനിരപ്പിൽ നിന്നും 20 സെ.മീ. ഉയർന്നാണ് ഇത് നിൽക്കുന്നത്. രണ്ടോ മൂന്നോ ഭാഗങ്ങളായി നിർമ്മിക്കുന്ന റിംഗുകൾ പരസ്പരം വെള്ളം കടക്കാത്ത തരത്തിൽ കൂട്ടിയോജിപ്പിച്ചിരിക്കുന്നു. റിംഗിന് മുകളിൽ വൃത്താകൃതിയിൽ സ്ഥാപിച്ചിരിക്കുന്ന കോൺക്രീറ്റ് സ്ലാബാണ് ഫ്ളോർ. ടോയ്‌ലറ്റിനുവേണ്ട സിറാമിക് ബേബി പാൻ മുൻകൂട്ടിത്തന്നെ ഫ്ളോർസ്ലാബിൽ ഉറപ്പിച്ചിട്ടുണ്ട്. 30 മുതൽ 35 സെ.മീ. വരെ ചുറ്റളവിലുള്ള ഇന്ത്യൻ മാതൃകാ പാനോ, ഒറീസ മാതൃകാ പാനോ ആണ് ഉപയോഗിക്കുന്നത്. ഇതിന് മുകളിലാണ് ടോയ്‌ലറ്റ് സ്ഥാപിക്കുന്നത്. വൃത്താകൃതിയിലുള്ള ടോയ്‌ലറ്റ് യൂണിറ്റിന് 160 സെ.മീ. ഉയരമുണ്ട്. സ്റ്റീൽ ആർമേച്ചറിന് മുകളിൽ ആവർത്തിച്ച് സിമന്റ് പ്ലാസ്റ്റർ ചെയ്ത ഫെറോ സിമന്റിലാണ് ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിച്ചിരിക്കുന്നത്. യൂണിറ്റിന്റെ മേൽക്കൂര ഡോം ആകൃതിയിലാണ്. 125 സെ.മീ ആണ് ഡോമിന്റെ വ്യാസം. ഫൈബറിൽ തീർത്ത വില്ല് ആകൃതിയിലുള്ള കതകാണ് ഘടിപ്പിക്കുന്നത്. കുട്ടികൾ കതക് അടച്ച് ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഭീതിയും ഒറ്റപ്പെടലും ഒഴിവാക്കുന്നതിനായും പുറംകാഴ്ചകളുമായി അവരെ ബന്ധപ്പെടുത്തുന്നതിനുമായും ഒരു ഗ്ലാസ്, ഡോറിന്റെ താഴെഭാഗത്ത് പ്രത്യേകമായി ഘടിപ്പിച്ചിട്ടുണ്ട്.

ആന്റിഫംഗൽ എക്സ്റ്റീരിയർ, ഇന്റീരിയർ പെയിന്റ് ഉപയോഗിച്ചുകൊണ്ട് ടോയ്‌ലറ്റിന്റെ അകവും പുറവും മനോഹരമായി പെയിന്റ് ചെയ്തിട്ടുണ്ട്. കൂടാതെ അകത്തും പുറത്തും വാൾട്ട് ഡിസ്നിയുടെയും മിക്കിമൗസിന്റെയും മറ്റ് പക്ഷിമൃഗാദികളുടെയും ചിത്രങ്ങൾ ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നത് കുഞ്ഞുമനസ്സുകളിൽ ആനന്ദം പകരുന്ന കാഴ്ചയാണ്. 11900 രൂപയാണ് ഇതിന്റെ നിർമ്മാണചെലവ്.

ആര്യാട് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച 'ഹരിതകേരളം ശുചിത്വകേരളം' പരിപാടിയോടനുബന്ധിച്ച് നടന്ന എക്സിബിഷനിൽ ഏറ്റവും ആകർഷകമായ രണ്ട് മാതൃകകളായിരുന്നു ശിശുസൗഹൃദ കക്കൂസും സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് നിർമ്മിച്ച ചെലവുകുറഞ്ഞ സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസും. കൂടാതെ തിരുവനന്തപുരത്ത് കനകക്കുന്ന് ആഡിറ്റോറിയത്തിൽ വെച്ച് നടന്ന നിർമ്മൽ ഗ്രാമപുരസ്കാര അവാർഡുദാന ചടങ്ങിനോടനുബന്ധിച്ച് മ്യൂസിയത്തിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ സ്ഥാപിച്ചിരുന്ന ശിശുസൗഹൃദ ടോയ്‌ലറ്റ് ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഇതിന്റെ മാതൃക തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധിയിൽ നിന്നും സുനാമി പുനരധിവാസ പദ്ധതിക്കുവേണ്ടി ആലപ്പുഴ ജില്ലയിലെ അന്ധകാരനാഴിയിൽ 100 സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുകയുണ്ടായി. പുനരധിവാസ പദ്ധതിക്കായി ഫീഡർ ടെക്നോളജി ആന്റ് ഹാബിറ്റേഷൻ സവിശേഷമായ സാനിട്ടറി ലാട്രിന്റെ ഒരു രൂപകല്പന വികസിപ്പിച്ചെടുത്തു. 12500 രൂപയ്ക്ക് സാനിട്ടറി ലാട്രിൻ നിർമ്മിക്കുകയെന്നത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. അപരസാങ്കേതികവിദ്യ (Alternative Technology) ഉപയോഗിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കിയത്. അടിസ്ഥാന സാനിട്ടറി എഞ്ചിനീയറിംഗിൽ നിന്നുകൊണ്ട് ചതുരാകൃതിയിലുള്ള സെപ്റ്റിക്ടാങ്കും അതിനുമുകളിലായി ടോയ്‌ലറ്റ് റൂമും എന്ന നിലയിലാണ് രൂപകല്പന.



ഫെറോസിമന്റ് സാങ്കേതിക വിദ്യയിൽ മുൻകൂട്ടി വാർക്കുന്ന നിർമ്മാണ രീതിയാണ് (Prefabrication method) ഉപയോഗിച്ചത്. 120 സെ.മീ. നീളവും 90 സെ.മീ. വീതിയും 75 സെ.മീ. ഉയരവുമുള്ള സെപ്റ്റിക് ടാങ്ക്, മുൻകൂട്ടി വാർത്ത ഏഴ് പ്രബലിത സിമന്റ് കോൺക്രീറ്റ് സ്ലാബുകൾ (RCC) കൂട്ടിയോജിപ്പിച്ച് നിർമ്മിക്കുന്ന സ്ലാബിന് മുകളിൽ 500 മി.മീ. അളവിലുള്ള ഒറീസപാൻ വാട്ടർ ക്ലോസറ്റ് പിടിപ്പിച്ചിരിക്കുന്നു. ഇതോടുകൂടി മാൻഹോളും ഉണ്ട്. ഫെറോസിമന്റിലുള്ള 5 സ്ലാബുകൾ സെപ്റ്റിക് ടാങ്കിന്റെ മുകളിൽ കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കക്കൂസ് മുറി നിർമ്മിച്ചിരിക്കുന്നത്. വാതിലിന് മുകളിൽ ഫെറോസിമന്റ് സൺഷെയ്ഡ് സ്ലാബും സപ്പോർട്ട് സ്ലാബും ഘടിപ്പിച്ചിട്ടുണ്ട്.

കക്കൂസ്മുറിയിൽ ഉപയോഗിക്കുന്ന അധികജലം സെപ്റ്റിക് ടാങ്കിനുള്ളിൽ വീഴാതെ പുറത്തുകളയുന്നതിനുള്ള പ്രത്യേക സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. തടിക്കൂടിനുമുകളിൽ (Wood Frame) കട്ടിയുള്ള പി.വി.സി ഷീറ്റ് ഉറപ്പിച്ചുകൊണ്ടുള്ള വാതിലാണ് ഘടിപ്പിച്ചിരിക്കുന്നത്. സെപ്റ്റിക് ടാങ്കിനുള്ളിലെ ട്രീറ്റ് ചെയ്ത ജലം ശേഖരിക്കുന്നതിനുള്ള സോക്പിറ്റ് 60 സെ.മീ. വ്യാസത്തിലും 75 സെ.മീ. ഉയരത്തിലും ഫെറോ സിമന്റ് ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. ഇതിന്റെ വൃത്താകൃതിയിലുള്ള മൂടിയും ഫെറോസിമന്റിൽ തന്നെ ചെയ്തിരിക്കുന്നു. ടാങ്കിനുള്ളിലെ വാതകം പുറത്തോട്ടുവിടുന്നതിനുള്ള പൈപ്പ് ടാങ്കിനോടുചേർത്ത് ഘടിപ്പിച്ചിരിക്കുന്നു. വൈറ്റ് സിമന്റും സ്നോസവുമുപയോഗിച്ച് ഭിത്തി കമനീയമാക്കിയിട്ടുണ്ട്.

അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് കുറഞ്ഞത് അഞ്ച് വർഷം ഉപയോഗിക്കാനുതകുന്ന വ്യാപ്തിയാണ് ടാങ്കിനുള്ളത്. ടാങ്ക് ഉപയോഗിക്കുന്നതിനുമുമ്പായി വെള്ളം നിറയ്ക്കുകയും അല്പം പച്ചചാണകമോ ചാണകപ്പൊടിയോ നിക്ഷേപിക്കുന്നതും ടാങ്കിലെ ജൈവപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതാണ്.

ഒരു കുട്ടിയുടെ ജനനം മുതലുള്ള ശാരീരിക വളർച്ച ശ്രദ്ധ, ഭാവന, സ്മൃതി, യുക്തി, ബുദ്ധി എന്നിവയിലൂടെ കടന്നുപോകുമ്പോൾ ഇത്തരം അനുകരണീയ മാതൃകകൾ ശുചിത്വകേരളത്തിന് വേറിട്ട കാഴ്ചകളാവുകയാണ്. ■

*ലേഖകൻ*
*ആലപ്പുഴ ജില്ലയിലെ*
*സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ*
*അസിസ്റ്റന്റ് കോർഡിനേറ്ററാണ്*



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

അടുക്കള വീട്ടുപാചകത്തിനുള്ള ഇടം മാത്രമല്ല. പ്രഭാതം മുതൽ രാത്രി ചായുംവരെ ജീവിതം സ്പന്ദിക്കുന്ന ഇടമാണ്. അവിടെ വീഴുന്ന വിയർപ്പിനും അദ്ധ്വാനത്തിനും ആരും കണക്കെടുക്കാറില്ല, വിലയിടാറുമില്ല. ഓരോ പ്രദേശവും ഓരോ സംസ്കാരവും അതാതിന്റെ അടുക്കളകൾ സൃഷ്ടിച്ചു. പാചകം എന്ന പ്രവൃത്തിയെ അതാതിന്റെ നിലയിൽ ലളിതവും സുഗമവുമാക്കാൻ വേണ്ട ഉപകരണങ്ങൾ ഉണ്ടാക്കി. അടുക്കള നമുക്ക് പ്രിയങ്കരമാകുന്നത് മാറി നിന്ന് ആലോചിക്കുമ്പോൾ മാത്രമാണ്. അതിൽ നിരന്തരം ജീവിതം ഉഴിഞ്ഞുവച്ചവർക്ക് അങ്ങനെയാവില്ല. അടുപ്പുതീയൂതി ശ്വാസം മുട്ടിയവരും നിലത്തുവച്ച അടുപ്പുകളിൽ കുത്തിയിരുന്ന് ഉടൽ കടഞ്ഞവരുമായ പെൺജന്മങ്ങളെ ഓർക്കാൻ കൂടിയാണ് ഈ ഉപകരണങ്ങൾ സ്മൃതിയിലേയ്ക്ക് കൊണ്ടുവരുന്നത്.

കാലം മാറിയപ്പോൾ അടുക്കള യന്ത്രവല്കൃതമാവുകയും ആധുനിക സൗകര്യങ്ങൾ അടുക്കളയെ പഞ്ചനക്ഷത്ര പദവിയിലെത്തിക്കുകയും ചെയ്തു. എങ്കിലും പഴയൊരു കാലം ഇങ്ങനെയുണ്ടായിരുന്നു എന്നോർക്കാൻ എല്ലാവരേയും പ്രേരിപ്പിച്ചേക്കാം ഈ വാക്കുകൾ ... പ്രാദേശികഭേദം കൊണ്ട് ഇതിൽ നിന്നൂർന്നുപോയ വാക്കുകൾ വായനക്കാർക്ക് കളഞ്ഞുകിട്ടിയേക്കും. അവ ശേഖരിച്ച് ഈ ശബ്ദകോശം ഇനിയും വിപുലമാക്കാം... ഇതൊരു ജനകീയ സമൂഹ നിർമ്മിതിയായാലേ സാർത്ഥകമാവൂ!

**ചിരവ**

ആവശ്യം കഴിഞ്ഞാൽ അടുക്കള മൂലയിൽ ചാരുന്ന 'ചിരവ പോലെ' എന്നത് പറഞ്ഞു പഴകിപ്പോയ ഒരു പ്രയോഗമാണ്. ഒരു കാലത്ത് നമ്മുടെ അടുക്കളയിലെ സന്തത സഹചാരിയായിരുന്നു 'ചിരവ'. പ്രത്യേകമായ ആകൃതിയിൽ തടികൊണ്ടുള്ള ഒരു ഇരിക്കയും അതിന്റെ മുൻഭാഗത്തായി ഇരുമ്പുകൊണ്ടുള്ള ഒരു നാക്കും ഘടിപ്പിച്ചിരിക്കും. ചിരവപ്പുറത്തിരുന്നാണ് തേങ്ങ ചിരകുന്നത്. അടുക്കളയിൽ നിലത്തിരുന്ന് ഭക്ഷണം കഴിക്കുന്ന പഴയകാലത്ത് ഇരിക്കുന്നതും മിക്കപ്പോഴും ചിരവ പുറത്തായിരിക്കും. അങ്ങാടി മരുന്ന് ചെറുതാക്കുന്നതിനും ഇറച്ചി നുറുക്കുന്നതിനും ചിരവത്തടി ഉപയോഗിച്ചിരുന്നു.

**തുടുപ്പ്**

ഈ പുതിയ കാലത്ത് 'തുടുപ്പ്' കേട്ടുകേഴ്വിപോലുമില്ലാത്ത ഒരു സാധനമായിരിക്കും. ഇളക്കുന്നതിനുള്ള കോൽ എന്നാണ് ശബ്ദതാരാവലിയിൽ തുടുപ്പിന് നൽകിയിട്ടുള്ള നിർവ്വചനം. മരിച്ചീനിയും ചക്കയും മറ്റും പുഴുക്കിനായി പാകം ചെയ്യുമ്പോൾ കറിക്കൂട്ടുകൾ അരച്ചു ചേർത്ത അരപ്പിട്ട് നന്നായി പുഴുക്ക് ഇളക്കിയെടുക്കണം. ഇതിനായി ഉപയോഗിച്ചിരുന്ന കോലാണ് 'തുടുപ്പ്'. തടികൊണ്ടും, മടലുകൊണ്ടും തുടുപ്പ് ഉണ്ടാക്കിയിരുന്നു. 'തുടുപ്പെടുത്തടിക്കുക' എന്ന ഒരു പ്രയോഗംതന്നെ നിലവിലുണ്ട്.

**തിരിക**

പഴയ അടുക്കളയിലും പതാമ്പുറത്തും ഒന്നു രണ്ട് തിരിക തീർച്ചയായും ഉണ്ടാവും. അടുപ്പിൽ നിന്നും പാകം ചെയ്തെടുക്കുന്ന ഭക്ഷ്യസാധനങ്ങളോടുകൂടിയ ചട്ടിയും കലവും വാങ്ങി വെയ്ക്കുന്നത് ഈ തിരികയിലാണ്. കമുകിന്റെ ഉണങ്ങി വീഴുന്ന ഓല അതായത് തണുങ്ങുകൊണ്ടാണ് ഈ തിരികയുണ്ടാക്കുന്നത്. പാത്രങ്ങൾ ഇറക്കിവെയ്ക്കാൻ പാകത്തിൽ വൃത്താകൃതിയിലാണ് തിരികയുണ്ടാക്കുന്നത്. പിന്നീട് കയറുകൊണ്ടും തിരികയുണ്ടാക്കിയിരുന്നു. ഇന്നിപ്പോൾ സ്റ്റീലുകൊണ്ടുള്ള 'തിരിക'യാണ് പ്രചുരപ്രചാരത്തിലുള്ളത്.

**അടപലക**

പേരുകൊണ്ടുതന്നെ ഇതിന്റെ ഉപയോഗം വ്യക്തമാണ്. അടച്ചുവെയ്ക്കുന്ന പലക തന്നെ. കലത്തിൽ അരി അടുപ്പിൽ വെച്ച് തിളച്ച് വേവായി കഴിഞ്ഞാൽ അടുപ്പിലെ തീ കുറച്ച് കലം അടുപ്പുകല്ലിൽ ചേർത്ത് താഴേയ്ക്ക് കമഴ്ത്തി കഞ്ഞിവെള്ളം മറ്റൊരു കലത്തിലേയ്ക്ക് വാർത്ത് മാറ്റണം. ഇപ്രകാരം കലം അടച്ച് വെള്ളം വാർക്കുന്നതിനായി കലത്തിന് മുകളിൽ വയ്ക്കുന്ന പലകയാണ് അടപലക. ഇതിന് 'അടച്ചോറ്റി' എന്നും പറയാറുണ്ട്.

**തുടം**

*അളക്കുമ്പോൾ തുടം തുളുമ്പണം.*

*തുടത്തിന് തേവിയാൽ*
*കണ്ടം കവിയുമോ?*

*ഓട്ടവീണ തുടം പോലെ*

തുടവുമായി ബന്ധപ്പെട്ട ചൊല്ലുകളാണിവ. ഏതെങ്കിലും ദ്രവരൂപത്തി





**കാലം മാറിയപ്പോൾ അടുക്കള യന്ത്രവല്ക്യതമാവുകയും ആധുനിക സൗകര്യങ്ങൾ അടുക്കളയെ പഞ്ചനക്ഷത്ര പദവിയിലെത്തിക്കുകയും ചെയ്തു. എങ്കിലും പഴയൊരു കാലം ഇങ്ങനെയുണ്ടായിരുന്നു എന്നോർക്കാൻ.....**

ലുള്ള പദാർത്ഥം നിറയ്ക്കാൻ പാകത്തിലുള്ള ചെറിയ കുഴിയനും അതോടു ചേർന്ന് നീളത്തിലുള്ള പിടിയും-ഇരുമ്പ് കൊണ്ടാണ് തുടം നിർമ്മിക്കുന്നത്. വെളിച്ചെണ്ണ, മരോട്ടിയെണ്ണ, ആവണക്കെണ്ണ എന്നിവയെല്ലാം തുടംകൊണ്ടാണ് അളന്നിരുന്നത്. നാലു തുടമാണ് ഒരു നാഴി. അളക്കുമ്പോൾ 'തുടം തുളുമ്പണം ' അതാണ് അളവിന്റെ കണക്ക്.

### പരണ്

'അതിനുള്ള പൂതി അങ്ങ് പരണത്തു വച്ചാൽ മതി' എന്ന് സംസാരത്തിനിടയിൽ അല്പം രോഷത്തോടെ ചിലരെങ്കിലും പറയാറുണ്ട്. കോൺക്രീറ്റ് പലകകൾ സാർവ്വത്രികമാകുന്നതിന് മുമ്പ് നമ്മുടെ അടുക്കളയിലെ വിറകടുപ്പിന് മേലെയായി ഉണ്ടായിരുന്ന ഏറെ പ്രയോജനകരമായ ഒരു വിവിധോദ്ദേശ സംവിധാനമാണ് പരണ്. അടുപ്പിന് നേരേ മേലെ ബലമുള്ള കയറിൽ പാകത്തിന് തടിക്കഷ്ണങ്ങൾ കെട്ടി നിർത്തി അതിന്മേൽ തടിക്കഷ്ണങ്ങളും മറ്റും അടുക്കി ഒരു തട്ടിൻപുറത്തിന്റെ രീതിയിലാക്കുന്നു. മടലും വിറകും കുടമ്പുളിയും ജാതിപത്രിയും ഉണക്കിയെടുക്കുന്നത് പരണത്തിലായിരുന്നു. വാഴക്കുലകൾ ചാക്കിൽ കെട്ടി പരണത്ത് വെച്ച് പഴുപ്പിച്ചെടുക്കുമായിരുന്നു.

### ഉറി

പൂച്ചയുടെയും എലിയുടെയും ഉറുമ്പിന്റെയും മറ്റും ഉപദ്രവമുണ്ടാകാതെ ഭക്ഷണസാധനങ്ങൾ ചട്ടിയിലും കലത്തിലുമായി സുരക്ഷിതമായി സൂക്ഷിക്കുവാൻ പര്യാപ്തമായ നാടൻ സംവിധാനമാണ് ഉറി. മുമ്പ് ഏതൊരു വീട്ടിലെയും അടുക്കളയിൽ രണ്ടോ മൂന്നോ ഉറിയുണ്ടാകും. ആദ്യകാലങ്ങളിൽ ഓല ഉറിയും പിന്നീട് കയറ്റുറിയും പ്രചാരത്തിലായി. തെങ്ങിന്റെ ഓല ചെറിയ മൂന്ന് കഷ്ണങ്ങളാക്കി മുറിച്ച് അവ മെടഞ്ഞ് കൂട്ടിയോജിപ്പിച്ചാണ് ഉറിയുണ്ടാക്കുന്നത്. "എന്താണിങ്ങനെ ഉറിപോലെ നില്ക്കുന്നത്"? ഇതൊരു ശൈലിയും പ്രയോഗവുമാണ്. ഒന്നിനോടും പ്രതികരിക്കാതെ വളരെ നിർവ്വികാരതയോടെ നില്ക്കുന്നവരോടുള്ള ചോദ്യമാണിത്.

### മത്ത്

തൈരു കടയുന്നതിനായി വീടുകളിൽ നാം സാർവ്വത്രികമായി ഉപയോഗിച്ചു പോന്നിരുന്ന തടികൊണ്ടുള്ള ലഘു ഉപകരണം. അല്പം നീളമുള്ള ഉരുണ്ട ഒരു തണ്ടും ചുവട്ടിലായി ഏതാണ്ട് ഫാനിന്റെ മിനിയേച്ചർ രൂപത്തിലുള്ള കടയുന്ന ഭാഗവും ചേരുന്നതാണ് മത്ത്. ഭാരം താരതമ്യേന വളരെക്കുറവുള്ള 'നാരകം' പോലെയുള്ളവയുടെ വിളഞ്ഞ തടിയാണ് 'മത്ത്' ഉണ്ടാക്കുവാൻ എടുക്കുന്നത്. അമൃത മഥനത്തിനായി ദേവന്മാരും അസുരന്മാരും ചേർന്ന് പാൽക്കടൽ കടയുമ്പോൾ മത്ത് അഥവാ കടകോലായി ഉപയോഗിച്ചത് മന്ഥര പർവ്വതത്തെയാണ്.

### കുരണ്ടി

പഴയകാലത്ത് അതിഥികൾ വന്നാൽപ്പോലും ഇരിക്കുന്നത് നിലത്താണ്. ഭക്ഷണം കഴിക്കുന്നതും നിലത്തിരുന്നാണ്. ഇരിക്കുന്നതിനായി നൽകുന്നത് കുരണ്ടിയാണ്. മിക്ക വീടുകളിലും നാലും അഞ്ചും കുരണ്ടിയുണ്ടാകും.'ഇരിപ്പാനുള്ള പലക' എന്നാണ് ശബ്ദതാരാവലിയിൽ കുരണ്ടിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഇരിക്കാൻ പാകത്തിലുള്ള പരന്ന പ്രതലമുള്ള തടിപ്പലകയാണ് പഴയ കാലത്ത് കുരണ്ടി. രണ്ട് പൊക്കം കുറഞ്ഞ തടിക്കഷ്ണത്തിൽ ഈ പരന്ന പലക ഉറപ്പിച്ചു കഴിഞ്ഞാൽ അല്പം കൂടി പരിഷ്ക്കരിച്ച കുരണ്ടിയായി.

*കുരണ്ടിമേലിരുന്നു കുരണ്ടിതപ്പുക*
*പൊക്കമില്ലാത്തവന് കുരണ്ടിപൊക്കം.*
*കുരണ്ടിയായാലും മാമ്പലക വേണ്ട*

എന്നിങ്ങനെ കുരണ്ടിയുമായി ബന്ധപ്പെട്ട ചൊല്ലുകളും ശൈലികളും നിരവധിയുണ്ട്.

### ഉപ്പുമരവി

മരംകൊണ്ടുള്ള പാത്രത്തിനാണ് മരവി എന്നു പറയുന്നത്. ഉപ്പും ലോഹങ്ങളും തമ്മിൽ പ്രതിപ്രവർത്തിക്കാൻ സാദ്ധ്യതയുണ്ടെന്ന് അനുഭവത്തിലൂടെ അറിഞ്ഞ കാരണവന്മാർ മരം, മണ്ണ്, കരിങ്കല്ല് എന്നിവ കൊണ്ടുള്ള പാത്രങ്ങളിലാണ് അവ സൂക്ഷിച്ചിരുന്നത്. കല്ലുപ്പ് മരവികളിൽ സൂക്ഷിക്കുകയും അത് ചൂടുവെള്ളത്തിൽ കാച്ചി കറകളഞ്ഞ് കലക്കി ഉപ്പു മരവിയാക്കി അടുക്കളയിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. കാതലുള്ള മരത്തിന്റെ കടഭാഗം മരവിയുണ്ടാക്കാൻ ഉപയോഗിച്ചിരുന്നു. കരിങ്കല്ലു കൊണ്ടും ഉപ്പുമരവി നിർമ്മിച്ചിരുന്നു. പലകകൊണ്ടുള്ള അടപ്പോടുകൂടിയ ഒരു തരം കുഴിയാണിത്. ഈ അടപ്പ് വശങ്ങളിലേയ്ക്ക് നീക്കിമാറ്റാൻ പാകത്തിൽ ഒരു ചുഴിക്കുറ്റിമേൽ ഉറപ്പിച്ചിരിക്കുകയാണ്. ■

(തുടരും)

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 8

# ബാങ്ക് റിക്കൺസീലിയേഷൻ

പഞ്ചായത്തിനെപ്പോലെ എല്ലാ സ്ഥാപനങ്ങളും സൂക്ഷിക്കുന്ന അക്കൗണ്ട് പുസ്തകമാണ് കാഷ്ബുക്ക്. ഇതൊരു സവിശേഷ ജേണൽ ആണ്. ഇടപാടുകൾ ഈ പുസ്തകത്തിൽ പ്രാഥമികമായി രേഖപ്പെടുത്തുന്നു (Book of Original Entry). കാഷ്ബുക്ക് സൂക്ഷിക്കുന്നതിനാൽ കാഷ്/ബാങ്ക് ഇടപാടുകൾ ജേണലിൽ രേഖപ്പെടുത്തുന്നില്ല. അതേ സമയം തന്നെ കാഷ്/ബാങ്ക് അക്കൗണ്ടുകൾക്കുള്ള ലെഡ്ജർ കൂടിയാണ് കാഷ്ബുക്ക്. കാഷ്ബുക്ക് സൂക്ഷിക്കുമ്പോൾ കാഷ് അക്കൗണ്ടിനോ ബാങ്ക് അക്കൗണ്ടുകൾക്കോ വേറെ ലെഡ്ജർ ആവശ്യമില്ല.

**കംപ്യൂട്ടർവൽകൃത അക്കൗണ്ടിംഗ്**

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം പഞ്ചായത്തിൽ നടപ്പിൽ വരുത്തുന്നത് കംപ്യൂട്ടർവൽകൃതമായിട്ടായിരിക്കും. നഗരസഭകളിൽ 2010 -11 മുതൽ തന്നെ ഈ സമ്പ്രദായം നിലവിൽ വന്നു കഴിഞ്ഞു. ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച 'സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ്' ആപ്ലിക്കേഷൻ ഇതിനായി എല്ലാ നഗരസഭകളിലും വിന്യസിച്ചു കഴിഞ്ഞു. എല്ലാ നഗരസഭകളും പുതിയ സാംഖ്യ ഉപയോഗിച്ചാണ് അക്കൗണ്ടിംഗ് നിർവഹിക്കുന്നത്. കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് മാന്വൽ (2007) ആണ് ഇതിനടിസ്ഥാനം.

നഗരസഭകളുടെ അതേ മാതൃകയിൽ, പഞ്ചായത്തിനാവശ്യമായ മാറ്റങ്ങൾ വരുത്തിയായിരിക്കും പുതിയ

# പദ്ധതിരേഖ ബജറ്റിൽ

നിയമലംഘനം ആരും ഇഷ്ടപ്പെടുന്ന കാര്യമല്ല-അവനവന്റെ കാര്യത്തിലായാലും മറ്റുള്ളവരുടെ കാര്യത്തിലായാലും. ബോധപൂർവ്വമല്ലെങ്കിലും പതിവു ചിട്ടകളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന കാര്യം ബോദ്ധ്യപ്പെടാത്തതിനാൽ ബജറ്റിന് അനുസൃതമായ ചെലവിന്റെ കാര്യത്തിൽ മിക്കവാറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമം ലംഘിക്കേണ്ടി വരുന്നുണ്ട്.

"175-ാം വകുപ്പുപ്രകരാം തയ്യാറാക്കി അംഗീകരിക്കുന്ന വികസനപദ്ധതിച്ചെലവുകൾ ബജറ്റിൽ ഉൾപ്പെടുത്തണം....ബജറ്റിൽ ഉൾപ്പെടുത്താത്ത തുക ചെലവു ചെയ്യരുത്....... ബജറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ തുക ചെലവു ചെയ്യരുത്." കേരളപഞ്ചായത്ത്രാജ് നിയമത്തിന്റെ 214-ാം വകുപ്പിലെ ഈ വ്യവസ്ഥകളാണ് ലംഘിക്കപ്പെടുന്നത്.

**കേന്ദ്ര-സംസ്ഥാന ബജറ്റുകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബജറ്റിന്റെ അനുബന്ധമാണ് പദ്ധതിരേഖ. കൃത്യമായ പ്ലാൻ ചെലവുകൾ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കും. ഇല്ലെങ്കിൽ സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കി പാർലമെന്റിന്റേയോ നിയമസഭയുടെയോ അംഗീകാരം നേടും. ബജറ്റിൽ ഉൾപ്പെടുത്താത്ത ഒരു തുകയും പിൻവലിക്കാൻ കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ പേ ആൻഡ് അക്കൗണ്ട്സ് ഓഫീസോ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെ ട്രഷറിയോ അനുവദിക്കുകയില്ല.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം പുറത്തു നിന്നൊരു നിയന്ത്രണമില്ല. ബജറ്റ്പ്രകാരമാണോ ചെലവ് എന്ന കാര്യത്തിൽ സ്വയം നിയന്ത്രണമാണ് നിയമത്തിൽ നിർദ്ദേശിക്കുന്നത്. ട്രഷറിയാകട്ടെ, ബജറ്റിൽ ഉൾപ്പെടുത്തിയോ എന്നല്ല, പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയോ, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയോ എന്ന കാര്യം മാത്രമേ പരിശോധിക്കൂ.

**വർഷാരംഭത്തിനുശേഷമാണ് പദ്ധതി രേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതെങ്കിൽ പദ്ധതി രേഖ ഉൾക്കൊള്ളാൻ പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് പഞ്ചായത്തിന്റെ അംഗീകാരം നേടണം**

അധികം താമസിയാതെ, വർഷാരംഭത്തിനുമുമ്പേ പദ്ധതിരേഖ തയ്യാറാക്കാനും അങ്ങനെ കൃത്യമായ പദ്ധതി ചെലവുകൾ ബജറ്റിലെ ബന്ധപ്പെട്ട ഹെഡ്ഓഫ് അക്കൗണ്ടുകളിൽ ഉൾപ്പെടുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയുമെന്നു പ്രത്യാശിക്കാം.

**എന്തുചെയ്യാൻ കഴിയും?**

എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ എന്തു ചെയ്യാനാവുമെന്നാണ് ഇപ്പോൾ പരിശോധിക്കേണ്ടത്. പദ്ധതിരേഖയുടെ അഭാവത്തിൽ പദ്ധതിച്ചെലവുകൾ ഏകദേശം കണക്കു കൂട്ടി ബജറ്റിൽ ഉൾക്കൊള്ളിക്കുന്നു. പിന്നീട്

സാംഖ്യ പഞ്ചായത്തുകളിൽ വിന്യസിക്കുക. ഇതിനടിസ്ഥാനമായ പുതിയ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ സർക്കാർ താമസിയാതെ പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കുന്നു.

കംപ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ കാഷ് അക്കൗണ്ടിന് കാഷ്ബുക്കും ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടിനും ഓരോ ബാങ്ക് ബുക്കും കംപ്യൂട്ടറിൽ ഉണ്ടായിരിക്കും. ഇവ എഴുതി സൂക്ഷിക്കേണ്ടതില്ല. ഓരോ ദിവസവും വൈകുന്നേരം ഇവയുടെ പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റ് സൂപ്രണ്ടിനോ സെക്രട്ടറിക്കോ സമർപ്പിക്കണം.

നിലവിലുള്ള കാഷ് അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിൽ കാഷ്ബുക്കിൽ മൂന്ന് 'മണി' കോളങ്ങളാണുള്ളത്: i. കാഷ് അക്കൗണ്ടിന് ii. എല്ലാ ട്രഷറി അക്കൗണ്ടുകൾക്കും ചേർന്ന് iii. എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും ചേർന്ന്. ഓരോ ട്രഷറി/ബാങ്ക് അക്കൗണ്ടിനും ഒരു ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നു. ഇത് കംപ്യൂട്ടർവൽകൃത അക്കൗണ്ടിംഗിലെ ബാങ്ക് ബുക്കുകൾക്ക് സമാനമാണ്.

**ബാങ്ക് സ്റ്റേറ്റ്മെന്റ്**

കാഷ്ബുക്ക് ദിനംപ്രതി ബാലൻസ് ചെയ്യുന്നു (ഇനി മുതൽ കാഷ്ബുക്ക്, ബാങ്ക് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ എന്നിവയ്ക്കു പകരം 'കാഷ്ബുക്ക്' എന്ന പദമായിരിക്കും ഈ അദ്ധ്യായത്തിൽ ഉപയോഗിക്കുക. കംപ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നിട്ടില്ലാത്തതിനാലും നിലവിലുള്ള സമ്പ്രദായവുമായി ചേർത്ത് പരിശോധിക്കുന്നതിനുള്ള സൗകര്യത്തിനു വേണ്ടിയുമാണിത്.)

കാഷ്ബുക്കിന്റെ മാസാവസാന ദിവസത്തെ ബാലൻസും ലഭ്യമാണ്. മാസാവസാനത്തിൽ, കാഷ്ബുക്കിൽ ഒരു മാസം രേഖപ്പെടുത്തിയ ഇടപാടുകൾ ബാങ്ക് ഏതു രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നു പരിശോധിക്കുന്നു. ഇതിനായി ട്രഷറി/ബാങ്കിൽ നിന്ന് ബന്ധപ്പെട്ട മാസത്തെ സ്റ്റേറ്റ്മെന്റ് വാങ്ങണം. ഇല്ലെങ്കിൽ വിവരങ്ങൾ പാസ്ബുക്കിൽ പതിച്ചുവാങ്ങണം. (ബാങ്ക് അക്കൗണ്ട് കംപ്യൂട്ടർവൽകൃതമല്ലെങ്കിൽ മാത്രം).

പഞ്ചായത്തിനുവേണ്ടി ബാങ്ക് അവരുടെ ലെഡ്ജറിൽ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിന്റെ പകർപ്പാണ് ബാങ്ക് സ്റ്റേറ്റ്മെന്റ്. താത്വികമായി പഞ്ചായത്തിന്റെ കാഷ്ബുക്കിലെ ഓരോ ഇടപാടും അതിനോടു നിരക്കുന്ന രീതിയിൽ ബാങ്കിന്റെ സ്റ്റേറ്റ്മെന്റിൽ കാണേണ്ടതാണ്.

പഞ്ചായത്തിന്റെ കാഷ്ബുക്കിൽ വരവുഭാഗം ഡെബിറ്റും ചെലവുഭാഗം ക്രെഡിറ്റുമാണ്. പഞ്ചായത്തിന് ലഭിച്ച ചെക്കുകളും പഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച കാഷും പഞ്ചായത്തിന്റെ കാഷ്ബുക്കിൽ ബാങ്ക് കോളത്തിൽ ഡബിറ്റ് ആയിട്ടായിരിക്കും രേഖപ്പെടുത്തുക. എന്നാൽ ബാങ്കിന്റെ

**ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്ന് തയ്യാറാക്കാനാകും?**

ബാങ്ക്/ട്രഷറി അവരുടെ തെറ്റ് തിരുത്തി തരാത്തതിനാൽ ബാങ്ക്/ട്രഷറി റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനാവുന്നില്ല എന്ന പരാതി അപൂർവ്വമായെങ്കിലും ചിലരെങ്കിലും ഉന്നയിച്ച് കണ്ടിട്ടുണ്ട്. ഈ ധാരണ ശരിയല്ല. ബാങ്ക്/ട്രഷറി റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഏതു ദിവസവും തയ്യാറാക്കാം. ബാങ്കിൽ/ട്രഷറിയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് ലഭിച്ചിരിക്കണമെന്ന് മാത്രം. അതിന്റെ അടിസ്ഥാനത്തിൽ കാഷ്ബുക്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്താം. ഉടൻതന്നെ ബാങ്ക്/ട്രഷറി തെറ്റ് തിരുത്തി തരുമെങ്കിൽ അങ്ങനെയും ചെയ്യാം. എന്നാൽ അതിനായി കാത്തിരിക്കേണ്ടതില്ല. Directly debited by Bank/Directly credited by bank എന്നതിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാം.

# സമന്വയിപ്പിക്കണം

പദ്ധതി രേഖ തയ്യാറാക്കി, ചർച്ചചെയ്ത്, വേണമെങ്കിൽ ഭേദഗതികൾ വരുത്തി, അംഗീകരിച്ചു കഴിയുമ്പോഴേയ്ക്ക് ബജറ്റിലെ പ്ലാൻ ചെലവുകളും പദ്ധതി രേഖയിലെ ചെലവുകളും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. ഈ വ്യത്യാസം പരിഹരിക്കാൻ 214-ാം വകുപ്പിൽതന്നെ വ്യവസ്ഥയുണ്ട്.

"തന്നാണ്ടിലെ ബജറ്റ് എസ്റ്റിമേറ്റുകളിൽ മാറ്റം ആവശ്യമാണെങ്കിൽ സപ്ലിമെന്ററി ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടണം".

ചുരുക്കം ചില മാറ്റങ്ങൾ മതിയെങ്കിൽ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിക്കണം. സമഗ്രമായി മാറ്റം വരുത്തണമെങ്കിൽ പുതുക്കിയ ബജറ്റ് തന്നെ വേണം. പഞ്ചായത്തുകളുടെ ബജറ്റുകളിൽ 50 മുതൽ 80 വരെ ശതമാനം പദ്ധതിച്ചെലവുകളായിരിക്കും. അതിനാൽ കൃത്യമായ പദ്ധതിച്ചെലവുകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ, പദ്ധതിരേഖ പ്രകാരം ഉൾപ്പെടുത്തി, പുതുക്കിയ ബജറ്റ് തയ്യാറാക്കാം. വരവുകളുടെ കാര്യത്തിലും ശമ്പളം തുടങ്ങിയ നോൺ പ്ലാൻ ചെലവുകളുടെ കാര്യത്തിലും നേരത്തേ തയ്യാറാക്കിയ ബജറ്റിന് കൃത്യതയില്ലെന്ന് ബോദ്ധ്യമായാൽ പുതുക്കിയ ബജറ്റിൽ അവയിലും മാറ്റം വരുത്താവുന്നതാണ്. ബജറ്റിൽ തുകയില്ലെന്ന് ബോദ്ധ്യമായാൽ പ്രമേയം മൂലം പ്രതീക്ഷിത ചെലവ് അംഗീകരിക്കുന്ന ചില തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. വേണ്ടത് പ്രമേയമല്ല, സപ്ലിമെന്ററി ബജറ്റാണ്.

**വർഷാവസാനത്തെ പുതുക്കിയ ബജറ്റ് പരിഹാരമല്ല**

അടുത്ത വർഷത്തെ ബജറ്റിന്റെ കൂടെ തന്നാണ്ടത്തെ പുതുക്കിയ ബജറ്റ് അവതരിപ്പിക്കുന്നതോടെ നേരത്തേ നടത്തിയ ബജറ്റ് ലംഘനങ്ങൾക്ക് പരിഹാരമായെന്നു കരുതുന്നവരുണ്ട്. ബജറ്റ് ഒരു സാമ്പത്തിക പ്ലാൻ ആണ്. ചില കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്ത്, അതേ രീതിയിൽ ചെലവുചെയ്യുകയാണ്. ബജറ്റ് അവതരിപ്പിക്കുന്നതോടൊപ്പം, ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന-ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച പ്രഖ്യാപനം പ്രസിഡന്റ് നടത്തുന്നുണ്ട്. പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തുമ്പോഴേ, അക്കൗണ്ടബിലിറ്റിയെന്ന ഉത്തരവാദിത്തം നിറവേറുന്നുള്ളു. അതിനാൽ ഏതു ചെലവു ചെയ്യുന്നതിനു മുമ്പും, ബജറ്റിൽ തുകയുണ്ടെന്ന് ഉറപ്പുവരുത്തണം. ഇല്ലെങ്കിൽ സപ്ലിമെന്ററി ബജറ്റ്/പുതുക്കിയ ബജറ്റ് വഴി ഉൾപ്പെടുത്തണം. ബജറ്റിൽ ഉൾപ്പെടുത്താത്ത തുക ചെലവുചെയ്ത് നിയമത്തിന്റെ 214-ാം വകുപ്പു ലംഘിച്ചശേഷം ഏതു പുതുക്കിയ ബജറ്റ് അവതരിപ്പിച്ചാലും നിയമലംഘനം ഇല്ലാതായിത്തീരുകയില്ല. വർഷാവസാനത്തിൽ കൃത്യതയോടെ അവതരിപ്പിക്കുന്ന തന്നാണ്ടത്തെ പുതുക്കിയ ബജറ്റ് അടുത്തവർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സഹായകമായിത്തീരുമെന്നു മാത്രം.

സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ ക്രെഡിറ്റ് കോളത്തിലായിരിക്കും. കാരണം ചെക്ക് ആയോ കാഷ് ആയോ തുക ലഭിച്ചപ്പോൾ ബാങ്ക് അവരുടെ അക്കൗണ്ടിൽ ഡെബിറ്റ് ആയും പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയും രേഖപ്പെടുത്തി.

അതുപോലെ തന്നെ പഞ്ചായത്ത് ഇഷ്യൂചെയ്ത ചെക്കുകളും ബാങ്കിൽ നിന്നു സെൽഫ് ചെക്ക് മുഖേന പിൻവലിച്ച കാഷും പഞ്ചായത്തിന്റെ കാഷ് ബുക്കിൽ, ബാങ്ക് കോളത്തിൽ ക്രെഡിറ്റ് ആയി രേഖപ്പെടുത്തുന്നു. ഇവ ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഡെബിറ്റ് ആയിട്ടായിരിക്കും പ്രത്യക്ഷപ്പെടുക.

പിൻവലിച്ച തുകയേക്കാൾ കൂടുതൽ നിക്ഷേപമുണ്ടെങ്കിൽ കാഷ്ബുക്കിൽ ബാങ്ക് കോളത്തിൽ ഡെബിറ്റ് ബാലൻസായിരിക്കും. അതേസമയം അത് ക്രെഡിറ്റ് ബാലൻസായിരിക്കും ബാങ്ക് സ്റ്റേറ്റ്മെന്റിൽ.

**വ്യത്യാസം-കാരണങ്ങൾ**

കാഷ്ബുക്കിലെ വിവരങ്ങൾ അതേപടി ബാങ്ക് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കേണ്ടതാണെങ്കിലും രണ്ടുംതമ്മിലുള്ള വ്യത്യാസങ്ങൾ സാധാരണ ഗതിയിൽ ഉണ്ടാവും. രണ്ടു കാരണങ്ങളാണ് ഇതിനുള്ളത്.

i. രേഖപ്പെടുത്തുന്നതിലെ സമയവ്യത്യാസം

ii. രേഖപ്പെടുത്തുന്നതിലെ തെറ്റുകൾ

**സമയവ്യത്യാസം**

എല്ലാ ഇടപാടുകളും ഒരേ സമയം ബാങ്കിനും പഞ്ചായത്തിനും രേഖപ്പെടുത്താനാവുകയില്ല. ഇവയെ നാലായി തരംതിരിക്കാം.

i. പഞ്ചായത്ത് ഇഷ്യൂചെയ്തവയും ബാങ്കിൽ എത്തിച്ചേരാത്തവയുമായ ചെക്കുകൾ (Cheques issued but not presented for payment)

ii. പഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചെങ്കിലും ബാങ്കിന് കളക്ഷൻ ലഭിച്ചിട്ടില്ലാത്ത ചെക്കുകൾ/ഡ്രാഫ്റ്റുകൾ (Cheques deposited but not collected)

iii. ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തവ (Directly debited by Bank) ഉദാ: ബാങ്ക് കളക്ഷൻ ചാർജ്ജുകൾ, ഡിസ്ഓണർ ആയ ചെക്കുകൾ.

iv. ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തവ (Directly credited by bank) ഉദാ: ബാങ്ക് പലിശ, ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ നേരിട്ട് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുകകൾ.

**തെറ്റുകൾ**

i. പഞ്ചായത്ത് വരുത്തിയ തെറ്റുകൾ, ഏതെങ്കിലും തുക വിട്ടുപോയിരിക്കാം. അല്ലെങ്കിൽ തെറ്റായിട്ടായിരിക്കാം രേഖപ്പെടുത്തിയത്. ഈ തെറ്റുകൾ ഉടൻതന്നെ തിരുത്തണം.

ii. ബാങ്ക് വരുത്തിയ തെറ്റുകൾ, വിട്ടുപോയതാവാം; അല്ലെങ്കിൽ മറ്റേതെങ്കിലും അക്കൗണ്ടിലേയ്ക്കു പോകേണ്ട ഡബിറ്റോ ക്രെഡിറ്റോ ആകാം. അതുമല്ലെങ്കിൽ തുക രേഖപ്പെടുത്തിയപ്പോൾ തെറ്റു പറ്റിയതാവാം. (ഇതിനെ മുഴുവനും Directly debited by bank അല്ലെങ്കിൽ Directly credited by bank എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.)

**പൊരുത്തപ്പെടൽ**

പഞ്ചായത്തിന്റെ കാഷ്ബുക്കും ബാങ്കിന്റെ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടേണ്ടതുണ്ട്. ഇതിനായി കാഷ്ബുക്കിലെ (മറ്റൊരു രീതിയിൽ പറഞ്ഞാൽ ബാങ്ക് ബുക്കിലെ അഥവാ ചെക്ക് ഇഷ്യൂ രജിസ്റ്ററിലെ) തുകകൾ ഒരു ഭാഗത്തും ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകൾ മറുഭാഗത്തും വെച്ച് പരിശോധിക്കണം. അതോടൊപ്പം കഴിഞ്ഞ മാസത്തെ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റും ഉണ്ടായിരിക്കണം. പൊരുത്തപ്പെടുത്താവുന്ന തുകകൾ കണ്ടെത്തി ടിക്ക്(✓) ചെയ്യുക. കുറെ തുകകൾ ടിക്ക് മാർക്ക് ഇല്ലാതെ അവശേഷിക്കും. ഇത്തരത്തിലുള്ള ഓരോ തുകയും കാണുമ്പോൾ കാരണം കൂടി കണ്ടെത്തുക. പഞ്ചായത്ത് വരുത്തിയ തെറ്റാണെങ്കിൽ കാഷ്ബുക്കിൽ തിരുത്തുക.

ഇതിനുപുറമേ ബാങ്ക്/ട്രഷറി നേരിട്ടു രേഖപ്പെടുത്തിയ ഡെബിറ്റ്/ക്രെഡിറ്റ് ഓരോന്നും പരിശോധിച്ച്, ശരിയാണെന്നു ബോദ്ധ്യപ്പെടുകയാണെങ്കിൽ കാഷ്ബുക്കിൽ രേഖപ്പെടുത്തുക (ഉദാ: ബാങ്ക് പലിശ, ബാങ്ക് ചാർജസ്). എന്നാൽ ഇപ്രകാരം വന്ന തെറ്റ് ബാങ്ക്/ട്രഷറി വരുത്തിയതാണെങ്കിൽ അവ പ്രത്യേകം രേഖപ്പെടുത്തുക. ഉടൻതന്നെ തിരുത്തിക്കിട്ടുന്നതാണെങ്കിൽ അപ്രകാരം ചെയ്യുക. ഇല്ലെങ്കിൽ ആ തുക വ്യത്യാസമായി ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുക. ആവശ്യമായ ഇടങ്ങളിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചശേഷം തുടർനടപടികൾ കൈക്കൊള്ളുക.

സമയവ്യത്യാസം കൊണ്ടുണ്ടാകുന്ന വ്യത്യാസങ്ങൾ ഉടൻതന്നെ പരിഹരിക്കാനാവുകയില്ല (ഉദാ: cheques issued but not presented, cheques deposited but not collected). ഇവ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുക.

ഇപ്പോൾ നാലുതരം വ്യത്യാസങ്ങൾ അവശേഷിക്കും:

1. പഞ്ചായത്ത് ഇഷ്യൂ ചെയ്തതും ബാങ്കിൽ എത്തിയിട്ടില്ലാത്തതുമായ ചെക്കുകൾ (Cheque issued but not presented)
2. ബാങ്കിൽ നിക്ഷേപിച്ചതും എന്നാൽ കളക്ഷൻ ആയിട്ടില്ലാത്തതുമായ ചെക്കുകൾ (Cheques deposited but not collected).
3. ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തവ (Directly debited by bank)
4. ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തവ (Directly credited by Bank)

മേൽ പറഞ്ഞവയോരോന്നിന്റെയും ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ കാഷ് ബുക്കിലെ ബാലൻസും പാസ്ബുക്കിലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുത്തിയ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനാവും.

**ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്**

കാഷ്ബുക്കിലെ തുകയിൽ നിന്നോ പാസ്ബുക്കിലെ തുകയിൽ നിന്നോ ആരംഭിക്കാം. ആദ്യം തന്നെ ഏതു ദിവസത്തെ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ആണെന്നു രേഖപ്പെടുത്തുക. തുടർന്ന് മേൽപ്പറഞ്ഞ നാലു ലിസ്റ്റിലേയും തുകകൾ ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് താഴെ കാണുന്നവിധം തയ്യാറാക്കുക.

**Bank Reconciliation Statement as on .....**

| Sl. No. | Particulars | Amount ₹ |
|---|---|---|
| 1 | Balance as per cash Book | |
| 2 | Add: Cheques issued but not presented for payment | |
| 3 | Add: Directly credited by Bank | |
| 4 | Total | |
| 5 | Less: Cheques deposited but not collected | |
| 6 | Less: Directly debited by Bank | |
| 7 | Balance as per Bank statement | |

ഇപ്രകാരം തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റിൽ കാഷ്ബുക്ക് പ്രകാരമുള്ള ബാലൻസും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും ഒന്നായിരിക്കും.

ബാങ്കിൽ/ട്രഷറിയിൽ പറ്റിയ തെറ്റുകൾ തിരുത്തി കിട്ടുന്നത് ആവശ്യമാണെങ്കിൽ രേഖാമൂലമായ നടപടികൾ കൈക്കൊള്ളുക. ■

(തുടരും)

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 11



റോയ് ചാക്കോ ഇളമണ്ണൂർ

ഡൽഹിയെപ്പറ്റി ചിന്തിക്കുമ്പോൾ ഡൽഹിക്കു പുറത്തുള്ളവരുടെ മനസ്സിലൂടെ ആദ്യം കടന്നുപോകുന്നത് താജ്മഹലാണ്. ലോകപ്രസിദ്ധമായ ഈ സ്മാരകം ഡൽഹിയിലല്ലെങ്കിലും അവിടുത്തെ ഒരു പ്രധാനകാഴ്ചയായി വിദേശ ടൂറിസ്റ്റുകൾ കണക്കാക്കുന്നു. നൂറ് കണക്കിന് വിദേശികൾ ഉൾപ്പെടെ ആയിരക്കണക്കിന് ടൂറിസ്റ്റുകൾ നിത്യവും എത്തുന്നു ആഗ്രയിൽ. ഡൽഹിയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ലോകം താജ്മഹലിനെ കാണുന്നു. ഉത്തർപ്രദേശിലെ ആഗ്രയിലാണ് താജ്മഹൽ. ട്രെയിൻമാർഗ്ഗം ഡൽഹിയിൽ നിന്നും മൂന്നു മണിക്കൂർ യാത്ര. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ഉത്തരാഞ്ചൽ, ജമ്മു കാശ്മീർ എന്നിവയൊഴിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളിൽ നിന്നും ട്രെയിൻ മാർഗ്ഗം ഇന്ത്യയുടെ തലസ്ഥാന നഗരിയിലേയ്ക്ക് യാത്ര ചെയ്യുന്നവർ ആഗ്ര സ്റ്റേഷനിലൂടെയാണ് കടന്നുപോകുന്നത്. ഉത്തർപ്രദേശിലെ 'ത്സാൻസി' കഴിഞ്ഞ് ഒന്നരമണിക്കൂറാകുമ്പോൾ മധ്യപ്രദേശിലെ ഗ്വാളിയാറിലെത്തും. അവിടെനിന്നും പുറപ്പെടുന്ന ട്രെയിൻ ചമ്പൽക്കാടുകൾ താണ്ടി രണ്ടു മണിക്കൂർ കഴിയുമ്പോൾ ആഗ്രയിൽ നിർത്തും. ദീർഘദൂര ട്രെയിനുകൾക്ക് ഇടയ്ക്ക് ഒരിടത്തും സ്റ്റോപ്പില്ല. ഡൽഹിയിൽ നിന്നും നിത്യേന നിരവധി ടൂറിസ്റ്റ് ബസുകൾ ആഗ്രയിലേയ്ക്ക് സർവീസ് നടത്തുന്നുണ്ട്. വളരെ വീതിയുള്ള, മനോഹരമായ റോഡിലൂടെയാണ് യാത്ര എന്നതിനാൽ മൂന്നുമണിക്കൂർ കൊണ്ട് ന്യൂഡൽഹിയിൽ നിന്നും ആഗ്രയിലെത്താം. നാമെപ്പോൾ അവിടെയെത്തിയാലും പത്തിരുപത് ടൂറിസ്റ്റ് ബസുകൾ അവിടെയുണ്ടാകും. അത്രയ്ക്കും ടൂറിസ്റ്റുകൾ എത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥലമാണത്. ശൈത്യകാലം ആരംഭിക്കുന്നതിന് തൊട്ടുമുൻപുള്ള നവംബർ ആദ്യപകുതിയാണ് ഇവിടം സന്ദർശിക്കുവാൻ വളരെ അനുയോജ്യമായ സമയം. ചെരുപ്പ് ഉപയോഗിക്കാൻ അനുവാദമില്ലാത്തതിനാൽ വേനൽക്കാലത്തെത്തിയാൽ കാല് പൊള്ളും. ഡിസംബർ, ജനുവരി മാസങ്ങളിലെത്തിയാൽ ഐസിന്റെ മുകളിലൂടെ നടക്കുന്നതുപോലെയുമായിരിക്കും. അതിനാൽ മെയ്, ജൂൺ, ഡിസംബർ, ജനുവരി മാസങ്ങളിൽ സന്ദർശിക്കാതിരിക്കുന്നതാണ് നല്ലത്. താജ്മഹലിനു സമീപം പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് എത്തുവാൻ അനുവാദമില്ല. വാഹനങ്ങളിൽ നിന്നുള്ള പുകയും മലിനീകരണവും ഈ മാസ്മരിക സ്മാരകത്തിന് അഭംഗി ഉണ്ടാക്കും എന്നതിനാലാണ് ഈ നിരോധനം. ദൂരെ നിർത്തിയിടുന്ന വാഹനങ്ങളിൽ നിന്ന് ഇറങ്ങി ബാറ്ററി കൊണ്ട് പ്രവർത്തിക്കുന്ന ചെറിയ വാഹനങ്ങളിൽ നമുക്ക് താജ്മഹൽ പരിസരത്തെത്താം. തിരികെ ബാറ്ററികൊണ്ടോടുന്ന ഇതേ വാഹനത്തിൽ നമ്മളെത്തിയ ബസിനു സമീപം എത്തുകയും ചെയ്യാം.

താജ്മഹൽ എന്ന 'വെണ്ണക്കൽക്കവിത' സ്ഥിതിചെയ്യുന്ന ആഗ്ര, ന്യൂഡൽഹിയിൽ നിന്നും 203 കിലോമീറ്റർ മാത്രം അകലെയാണ്. ഒരു വൻനഗരത്തിന്റെ വിസ്തൃതി കണക്കാക്കുമ്പോൾ ഇതു വളരെ അകലെയല്ല എന്നുതന്നെ പറയാം. 17-ാം നൂറ്റാണ്ടിൽ മുഗൾ ചക്രവർത്തിയായ ഷാജഹാൻ തന്റെ ഭാര്യയായ മുംതാസിന്റെ സ്മരണയ്ക്കു വേണ്ടി നിർമ്മിച്ച ഈ മാർബിൾ സൗധം ലോകത്തിലെ മഹാത്ഭുതങ്ങളിലൊന്നാണ്. ഡൽഹിയിൽ നിന്ന് ആഗ്രയിലേയ്ക്കുള്ള യാത്രാ മദ്ധ്യേ ശ്രീകൃഷ്ണന്റെ ജന്മസ്ഥലമായി വിശ്വസിക്കപ്പെടുന്ന മഥുരയും സന്ദർശിക്കാം. ന്യൂഡൽഹിയിൽനിന്നും 147 കിലോമീറ്റർ അകലെയാണ് മഥുര. ഉച്ചാരണത്തിൽ ഇതിനു സാമ്യമുള്ള തെക്കൻ തമിഴ്നാട്ടിലെ മധുരയല്ല ഇത്. എഴുതുമ്പോൾ അക്ഷരങ്ങളിലും വ്യത്യാസമുണ്ട്.

ഷാജഹാൻ ചക്രവർത്തിയുടെ ഭരണകാലം 1628 മുതൽ 1658 വരെയായിരുന്നു. മൂന്നാമത്തെ ഭാര്യ മുംതാസ് മഹൽ 1631 ൽ പ്രസവത്തെതുടർന്ന് മരണമടഞ്ഞു. അവരുടെ പതിനാലാമത്തെ



കുട്ടിയുടെ ജനനമായിരുന്നു അതെന്നാണ് രേഖകൾ. 19 വർഷത്തെ സന്തോഷകരമായ ജീവിതത്തിനുശേഷമായിരുന്നു ആ ദാരുണ സംഭവം. അതീവ ദുഃഖിതനായ ഷാജഹാൻ തന്റെ പ്രിയ ഭാര്യയുടെ സ്മരണയ്ക്കായി ഉചിതമായ ഒരു സ്മാരകം പണിയാൻ തീരുമാനിച്ചു. 1630 ൽ പണി തുടങ്ങി 1652ൽ അവസാനിച്ചു എന്ന് ചില രേഖകളിൽ കാണുന്നു. എന്നാൽ 1632ൽ പണി തുടങ്ങി 1648ൽ പൂർത്തിയായി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. താജ്മഹലിന്റെ പണി 18 വർഷം കൊണ്ട് തീരുകയും തുടർന്ന് ഗാർഡൻ മുതലായ അനുബന്ധപണികൾ 4 വർഷംകൊണ്ട് തീരുകയാണുണ്ടായതെന്നും കരുതപ്പെടുന്നു. ഇരുപതിനായിരം തൊഴിലാളികളാണ് പണിയെടുത്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരം ആനകളെയും ഉപയോഗിച്ചിരുന്നതായി ചരിത്രം പറയുന്നു. നിർമ്മാണത്തിന് ചെലവായത് 3 കോടി 20 ലക്ഷം രൂപയാണ് എന്നാണ് പല രേഖകളിലും കാണുന്നത്.

രാജാവിന്റെ ചോദ്യം ചെയ്യാൻ പാടില്ലാത്ത ഉത്തരവ് ഭയത്തോടും വിറയലോടും നിശ്ശബ്ദം പാലിക്കുന്ന അടിമകളായ ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം ഹോമിക്കപ്പെട്ടതിന്റെ ഫലം കൂടിയാണ് താജ്മഹൾ എന്നു കൂടി നാമറിയണം. കൂറ്റൻ മാർബിൾക്കല്ലുകൾ വളരെ ഉയരത്തിൽ മനുഷ്യൻ തലച്ചുമടായി എത്തിച്ചിരിക്കാം. അസുഖം പിടിച്ച് നിരവധി തൊഴിലാളികൾ മരണമടഞ്ഞിരിക്കാം. അപകടങ്ങളിൽ നിരവധിപേർ കൊല്ലപ്പെട്ടിരിക്കാം. രാജാവിന് ഇഷ്ടമുള്ളതൊക്കെ ചെയ്തിരിക്കാം. മുസ്ലീം ഭരണകർത്താക്കളായ മുഗളന്മാർ ഇന്ത്യയിൽ നിർമ്മിച്ച ഏറ്റവും മനോഹരമായ സ്മാരകമാണിത്. ക്രെയിനൊ മെഷീനുകളോ ഒന്നുമില്ലാതിരുന്ന അന്ന് ഈ മന്ദിരത്തിനായി വിയർപ്പ് ഒഴുക്കിയവരും ജീവിതം ഹോമിച്ചവരും അടിമപണി ചെയ്തവരും കുടുംബജീവിതം നീണ്ട



18 വർഷം മറക്കാൻ നിർബന്ധിതരായവരും എന്തിനേറെ ജീവൻ നഷ്ടപ്പെട്ടവരും എത്രയായിരിക്കാമെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. വിയർപ്പിന്റെ മണം തളംകെട്ടി നിൽക്കുന്ന, പച്ചച്ചോരയുടെ, മുറിവുകളുടെ രൂക്ഷമായ ഗന്ധവും സാധുക്കളായ തൊഴിലാളികളുടെ കഠിനാദ്ധ്വാനത്തിന്റെ വേദനകളും ഈ സ്മാരകത്തിന് പറയാനുണ്ടാകും.

ഇന്ത്യയിൽ നിന്നുമാത്രമല്ല ഇറാഖ് മദ്ധ്യേഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലെ ശില്പകലാവിദഗ്ദ്ധർ ചേർന്നാണ് താജ്മഹലിന് രൂപ കല്പന നടത്തിയതെന്ന് ചരിത്രം പറയുന്നു. യമുനാനദിയുടെ തീരത്താണ് താജ്മഹൽ. താജ്മഹലിനുള്ളിൽ മുംതാസിനെയും ഷാജഹാനെയും അടക്കം ചെയ്തിരിക്കുന്നു. താജ്മഹലിനു മുൻപിൽ മനോഹരമായ ഒരുദ്യാനമുണ്ട്. താജ്മഹലിന്റെ നിർമ്മാണത്തിന് വെള്ള മാർബിൾ മാത്രം ഉപയോഗിച്ചിരിക്കുന്നതിനാൽ 'വെണ്ണക്കല്ലിലെ പ്രേമകാവ്യം' എന്നും ഈ ലോകാത്ഭുതത്തെ വിശേഷിപ്പിക്കുന്നു. 1983ൽ ഈ സൗധത്തെ യുനെസ്കോ 'വേൾഡ് ഹെറിറ്റേജ് സൈറ്റു'കളിലുൾപ്പെടുത്തി. പേർഷ്യൻ മുഗൾ ശില്പകലകളുടെ സുന്ദരമായ ഒരു സങ്കലനമാണ് ഇത്. താജ്മഹൽ ഉൾപ്പെടെ ഇന്ത്യയിലെ 16 സ്മാരകങ്ങൾ യുനെസ്കോ 'വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ' ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 1648ൽ ഷാജഹാൻ തന്നെ നിർമ്മിച്ച ഡൽഹിയിലെ ചുവപ്പുകോട്ടയും (ലാൽ കിലാ) ഉൾപ്പെടുന്നു. കൂടാതെ ഡൽഹിയിലെ തന്നെ കുത്തബ്മിനാർ, ഹുമയൂണിന്റെ ശവകുടീരം എന്നിവയും ഒറീസ്സയിലെ കൊണാർക് ക്ഷേത്രം, ഗോവയിലെ പള്ളികൾ, മഹാരാഷ്ട്രയിലെ അജന്താ-എല്ലോറ ഗുഹകൾ എന്നിവയും ഉൾപ്പെടുന്നു. താജ്മഹൽ നിർമ്മിച്ച ഷാജഹാൻ തന്നെയാണ് റെഡ്ഫോർട്ടിനു സമീപമുള്ള ജുമാ മസ്ജിദും നിർമ്മിച്ചത്. ഇന്ത്യയിലെ ഏറ്റവും വലിയ മുസ്ലീം പള്ളിയായിട്ടാണ് ഇത് അറിയപ്പെട്ടിരുന്നത്. 1650ൽ പണിത ഈ പള്ളിക്ക് 10 ലക്ഷം രൂപയായിരുന്നു നിർമ്മാണച്ചെലവ്.

ഷാജഹാൻ ചക്രവർത്തിയെ തന്റെ മകനായ ഔറംഗസീബ് സ്ഥാനഭ്രഷ്ടനാക്കി. രാജകിരീടം കരസ്ഥമാക്കുവാനായി പിതാവിനെ മകൻ ജയിലിലടച്ചു. 8 വർഷം ഷാജഹാൻ ജയിലിൽ ആയിരുന്നു. തന്റെ പ്രിയതമയുടെ സ്മരണയ്ക്കായി നിർമ്മിച്ച മോഹനസുന്ദരമായ താജ്മഹൽ, ജയിലിൽ കിടക്കുമ്പോഴും കാണണമെന്ന് ഷാജഹാൻ ആഗ്രഹം പ്രകടിപ്പിച്ചു. പിതാവിന്റെ ഈ ആഗ്രഹം നിറവേറ്റുവാൻ തക്കവണ്ണം ഷാജഹാനെ ആഗ്രാക്കോട്ടയിലെ കൽത്തുറുങ്കിലാണ് അടച്ചത്. കൽത്തുറുങ്കിൽ കിടന്ന് ഷാജഹാൻ എന്നും താജ്മഹൽ കണ്ടുകൊണ്ടിരുന്നു. ജയിൽ വാസത്തിനിടെത്തന്നെ ഷാജഹാൻ 1666ൽ മരിക്കുകയും





പിസാ ഗോപുരം

ലോകത്തെ നവീന ഏഴ് അത്ഭുതങ്ങളിലൊന്നാണ് താജ്മഹൽ. ഈജിപ്തിലെ പിരമിഡ്, പിസയിലെ ഗോപുരം, 1885ൽ മുൻ അമേരിക്കൻ പ്രസിഡന്റിന്റെ സ്മാരകമായി നിർമ്മിച്ച 555 അടി ഉയരമുള്ള വാഷിംഗ്ടൺ സ്മാരകം, 1887–'89ൽ 948 അടി ഉയരത്തിൽ പാരീസിൽ നിർമ്മിച്ച ഈഫൽ ടവർ എന്നിവയും നവീന 7 അത്ഭുതങ്ങളിൽ ഉൾപ്പെടുന്നു. ന്യൂയോർക്കിലെ എംപയർ സ്റ്റേറ്റ് ബിൽഡിംഗും ഈ പട്ടികയിലുണ്ട്. 1931ൽ പണിത ഇതിന് 1472 അടിയായിരുന്നു ഉയരം. 1951ൽ 222 അടി ഉയരമുള്ള ഒരു ടെലിവിഷൻ ടവർ കൂടി കൂട്ടിച്ചേർക്കുകയുണ്ടായി. ഹഗിയ സോഫിയയാണ് മറ്റൊരു നവീന അത്ഭുതം. AD 537ൽ ജസ്റ്റീനിയൻ ചക്രവർത്തി തുർക്കിയിൽ നിർമ്മിച്ച ക്രിസ്ത്യൻ പള്ളിയാണിത്. 1453ൽ തുർക്കി സുൽത്താൻ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി ഇതൊരു മുസ്ലീം പള്ളിയാക്കി. ഇപ്പോൾ ഒരു ആർട്ട് മ്യൂസിയമാണ്. ഇറ്റലിയിലെ പിസയിൽ 1350ൽ ആണ് ഗോപുരം പൂർത്തിയാക്കിയത്. തൊട്ടരികിലുള്ള പള്ളിയുടെ മണിമാളികയായിട്ടാണ് നിർമ്മിച്ചത്. 179 അടി ഉയരത്തിൽ 8 നിലയായിട്ടാണ് പണിതത്. ഇത് കുറേശ്ശെ ചരിഞ്ഞുകൊണ്ടിരിക്കുകയാണ്. നേർരേഖയിൽ നിന്ന് ഏകദേശം 16 അടി വരെ ചരിഞ്ഞിട്ടുണ്ട്.

ചൈനയിലെ വൻമതിൽ മധ്യയുഗത്തിലെ ഏഴത്ഭുതങ്ങളിലൊന്നാണ്. വടക്കൻ ചൈനയിലൂടെ ഏകദേശം 1500 മൈൽ നീണ്ടുകിടക്കുന്നു. പുറത്തുനിന്നുള്ള ആക്രമണം തടയാൻ നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു.



ഈഫൽ ടവർ

ഈജിപ്തിലെ പിരമിഡുകൾ



ചൈനയിലെ വൻമതിൽ



ചെയ്തു. ഷാജഹാനെ മകൻ ഔറംഗസീബ് മുംതാസിന്റെ ശവകുടീരത്തിനു സമീപം സംസ്ക്കരിച്ചു. അങ്ങനെ ഈ സൗധം ഒരു മുഗൾരാജാവിന്റെയും അദ്ദേഹത്തിന്റെ ഒരു ഭാര്യയുടേയും ശവകുടീരം കൂടിയായി.

താജ്മഹലിൽ വെള്ളിയാഴ്ച ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും സന്ദർശനം അനുവദിക്കും. രാവിലെ 6 മണി മുതൽ വൈകിട്ട് 7 മണി വരെയാണ് സമയം. വിദേശീയർക്ക് 970 രൂപയും ഇന്ത്യയിൽ നിന്നുള്ള ടൂറിസ്റ്റുകൾക്ക് 20 രൂപയുമാണ് ഫീസ്. ഉദയാസ്തമയവേളകളിൽ താജ്മഹൽ സന്ദർശിക്കുന്നതിന് ഇന്ത്യൻ പൗരന്മാർക്ക് 110 രൂപയാണ് ഫീസ്.

ഉത്തർപ്രദേശിന്റെയും ഹരിയാനയുടെയും ഒരതിർത്തിയിലാണ് ദേശീയ തലസ്ഥാനപ്രദേശമായ ഡൽഹിയുടെ കിടപ്പെന്നു പറയാം. കേന്ദ്രഭരണ പ്രദേശമായ ഡൽഹിക്ക് 70 അംഗ അസംബ്ലി ഉണ്ടാക്കാനും ദേശീയതലസ്ഥാനപ്രദേശം എന്ന പേരു നൽകാനും 1991ലാണ് തീരുമാനിച്ചത്. 1991 ഡിസംബർ 20–ാം തീയതി ഇതിനാവശ്യമായ 69–ാം ഭരണഘടനാഭേദഗതി ബിൽ പാർലമെന്റ് പാസാക്കി. ക്രമസമാധാനപാലനം, പോലീസ്, ഭൂമിസംബന്ധമായ കാര്യങ്ങൾ തുടങ്ങിയവ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തന്നെയാണ്.

പാർലമെന്റ് മന്ദിരം, ദേശീയ മ്യൂസിയങ്ങൾ, കാശ്മീരി ഗേറ്റ്, ഇന്ത്യാഗേറ്റ്, രാഷ്ട്രപതിഭവൻ, ജന്തർ മന്ദിർ, ലോട്ടസ് ടെംപിൾ, കുത്തബ്മിനാർ, റെഡ് ഫോർട്ട്, മഹാത്മാക്കളുടെ സമാധിസ്ഥലങ്ങൾ, വേൾഡ് ഫോർട്ട്, സെൻട്രൽ സെക്രട്ടറിയേറ്റ്, വിവിധ രാജ്യങ്ങളിലെ എംബസികൾ തുടങ്ങിയവ ഡൽഹിയെ ഈ രാജ്യത്തിന്റെ ചരിത്രഭൂമി കൂടിയാക്കുന്നു. ഇവയെല്ലാം ഡൽഹി നഗരത്തിന്റെ പല ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. ഡൽഹിയുടെ ഭൂപടം വരച്ചാൽ ഏതാണ്ട് വൃത്താകൃതിയിലാണ്. ഹരിയാനയിലെ ഒരു ചെറിയ പ്രദേശം എന്നു വിശേഷിപ്പിക്കാവുന്ന ഡൽഹിയുടെ അയൽസംസ്ഥാനങ്ങളായി ഉത്തർപ്രദേശ്, രാജസ്ഥാൻ, ഉത്തരാഞ്ചൽ, ഹിമാചൽപ്രദേശ്, പഞ്ചാബ് എന്നിവ സ്ഥിതിചെയ്യുന്നു.

ഏതു സംസ്ഥാനത്തു നിന്നുള്ളവരായാലും അവർക്ക് സ്വന്തം നാടെന്നു തോന്നത്തക്ക രീതിയിൽ എല്ലാ കാര്യത്തിലും ഈ പ്രദേശം സ്വാതന്ത്ര്യം നൽകുന്നുണ്ട്. 'മണ്ണിന്റെ മക്കൾ വാദം' ഇല്ലാത്ത ഈ നാട്ടിൽ ജീവിച്ച് മലയാള സാഹിത്യലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരും നിരവധി. ഒ.വി. വിജയൻ, എം. മുകുന്ദൻ, വി.കെ. മാധവൻകുട്ടി, ഇടമറുക്, വി.കെ.എൻ., എം.പി. നാരായണപിള്ള, സച്ചിദാനന്ദൻ, ആനന്ദ് എന്നിവർ ആ സംഘത്തിൽ പ്രമുഖരാണ്. ■

(തുടരും)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്.*

# സ്ത്രീയായി പിറന്നത് ആഘോഷമാക്കണം



വിദ്യാ ബാലൻ

**പുരുഷ മനോഭാവവും സ്ത്രീക്ക് അവളോടുതന്നെയുള്ള കാഴ്ചപ്പാടും സ്ത്രീ ശാക്തീകരണത്തിന്റെ വഴിയിൽ ഏറ്റവും വലിയ തടസ്സമാകുന്നു**

സ്ത്രീ ശാക്തീകരണം (Women empowerment) എന്നതിന് പല അർത്ഥതലങ്ങളും ഉണ്ട്. തൊഴിൽ ചെയ്യുകയും സ്വന്തം കാലിൽ നിൽക്കാൻ കഴിയുകയും എന്നത് മാത്രമല്ല സ്ത്രീ ശാക്തീകരണം. സ്ത്രീ ശാക്തീകരണം എന്നാൽ ഓരോ സ്ത്രീക്കും തന്റെ രീതിക്കനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം എന്നാണ് അർത്ഥമാക്കുന്നത്.

നമ്മുടെ രാജ്യത്ത് ഇന്നും ഒരു സ്ത്രീയുടെ വേറിട്ടുള്ള അഭിപ്രായം ആർക്കും അംഗീകരിക്കാനാവുന്നില്ല. സ്ത്രീക്ക് സ്വയം അവളുടെ ശക്തിയെക്കുറിച്ച് ബോധ്യമാകാത്ത രീതിയിൽ പുരുഷമേധാവിത്വത്തിന്റെ സ്വാധീനം അത്ര കണ്ട് ഗഹനമാണ്.

വളരെ ഉന്നത സമൂഹങ്ങളിലും സ്ത്രീ-പുരുഷന്മാർ തമ്മിൽ ലിംഗ വ്യത്യാസം ഇല്ല തന്നെ. ഇരുകൂട്ടർക്കും തുല്യമായ അവകാശങ്ങൾ ലഭ്യമാണ്. സ്ത്രീ ശാക്തീകരണത്തിന്റെ പേരിൽ സ്ത്രീകൾ തങ്ങളുടെ ശക്തി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നോ, അനുദിനം സംഘർഷം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നുവെന്നോ എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച് അവളോടു കാണിക്കുന്ന ഒരു രണ്ടാംതരം പെരുമാറ്റ രീതിയിൽ നിന്നും മോചനം ലഭിക്കുക എന്നുള്ളതാണ്. ഇവിടുത്തെ പിതൃസത്താത്മകവും പുരുഷമേധാവിത്വം പുലർത്തുന്നതുമായ സമൂഹം അവൾക്ക് തുല്യപദവി നൽകുന്നതിന് എന്തുകൊണ്ട് തയ്യാറാകുന്നില്ല എന്നതിലാണ് ഭാരതീയ സ്ത്രീകളുടെ മുഴുവൻ പ്രതിഷേധം.

**ഹീറോ-ഹീറോയിൻ വ്യത്യാസം**

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിൽ സ്ത്രീകളുടെ അവസ്ഥയിൽ പല ഗുണകരമായ മാറ്റങ്ങളും കാണാൻ കഴിഞ്ഞിട്ടുണ്ട്. മാറ്റം വന്നിട്ടുണ്ട്. ഫൈനാൻസ്, മീഡിയ, കോർപ്പറേറ്റ് വേൾഡ്, സൈന്യം തുടങ്ങിയ മുൻപ് സ്ത്രീകൾക്ക് വളരെയൊന്നും റോളുകൾ ഇല്ലാതിരുന്ന മേഖലകളിലും ഇന്ന് സ്ത്രീകൾ കയറിപ്പറ്റാൻ തുടങ്ങിയിരിക്കുന്നു. കുറച്ചു ദശകങ്ങൾക്ക് മുൻപ് എങ്ങനെയായിരുന്നുവോ അവിടെനിന്നും നാം ഏറെ മുന്നോട്ടു പോയിരിക്കുന്നു. എന്നിരുന്നാലും ഇപ്പോഴും ലക്ഷ്യം വളരെ അകലെത്തന്നെയാണ്. സിനിമയിൽ മുൻകാലങ്ങളിൽ ഹീറോയിനെ ഹീറോയുടെ കാമുകി എന്ന നിലയിൽ മാത്രമാണ് അവതരിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് അവൾക്ക് മുഖ്യറോളുകൾ നൽകാൻ തുടങ്ങിയിരിക്കുന്നു. അവൾക്ക് നായ



കന്റെ തുല്യ പദവി ലഭിക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ പ്രതിഫലത്തിന്റെ കാര്യത്തിൽ ഹീറോയുടെയും ഹീറോയിന്റെയും കാര്യത്തിൽ വലിയ വ്യത്യാസം കാണുന്നു എന്നത് ഖേദകരമായ ഒരു വസ്തുത തന്നെയാണ്.

**വീട്ടുജോലികളുടെ കമ്പോള മൂല്യം**

വാസ്തവത്തിൽ ഈ വ്യത്യാസത്തിനുള്ള കാരണം നമ്മുടെ കാഴ്ചപ്പാടാണ്. നാടിന്റെ സാമ്പത്തിക വളർച്ചയിൽ സ്ത്രീകൾക്കും തുല്യ പങ്കാളിത്തമാണുള്ളതെന്ന് സമൂഹം അംഗീകരിക്കുന്നതിന് കുറച്ച് സമയമെടുക്കും. ഒരു വീട്ടമ്മ വളരെ സന്തോഷത്തോടെ തന്റെ കുട്ടികളെ പരിപാലിക്കുകയും അവരെ വളരെ യോഗ്യരായ പൗരന്മാരായി വളർത്തിയെടുക്കുകയും ചെയ്യുന്നു; എന്നാൽ നാം ഇതിന് വലിയ വില കല്പിക്കുന്നില്ല. സ്ത്രീ വീട് സംരക്ഷിക്കുമ്പോൾ നാം അതിനെ സൗജന്യമായ ഒരു കാര്യമായി കാണുന്നു. ഭർത്താവ് വീട്ടിലെ കുട്ടികളെക്കുറിച്ച് വേവലാതിപ്പെടാതെ സമ്പാദിക്കുകയാണെങ്കിൽ അത് വീട്ടിൽ അവരെ സംരക്ഷിക്കുവാൻ ആരെങ്കിലും ഉള്ളതുകൊണ്ടാണെന്ന് ആരും ചിന്തിക്കുന്നില്ല. അമേരിക്കയിൽ കുറച്ചു വർഷങ്ങൾക്ക് മുൻപ് വീട്ടിലിരുന്ന് വീട്ടുകാര്യങ്ങൾ നോക്കുന്ന സ്ത്രീകളെക്കുറിച്ച് ഒരു ഗവേഷണ പഠനം നടന്നിരുന്നു. ഈ പഠനത്തിൽ ഇവരുടെ ജോലിയുടെ മൂല്യം മാർക്കറ്റ് റേറ്റനുസരിച്ചാണ് നൽകിയത്. ജനങ്ങൾ ഈ തുകയുടെ പട്ടികകൾ കണ്ട് അത്ഭുതപ്പെട്ടു പോയി. എന്നാൽ ഇതിൽ അത്ഭുതപ്പെടാൻ മാത്രം ഒന്നുമില്ലായിരുന്നു. നമ്മുടെ നാട്ടിൽ വീട്ടിൽ കഴിയുന്ന സ്ത്രീകൾക്ക് വലിയ പ്രാധാന്യം നൽകാറില്ല. അവരുടെ പ്രവർത്തികളുടെ പ്രാധാന്യം തിരിച്ചറിയപ്പെടുന്നില്ല. വികസനകാര്യത്തിൽ അവരുടെ സംഭാവന ആരും പരിഗണിക്കാറേയില്ല.

നമുക്ക് ഹോംമേക്കറുടെ പങ്കിന് കൂടുതൽ മാന്യത നൽകുന്ന ഒരു സംസ്കാരം രൂപപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു. ഇതിന് സ്ത്രീകളും മുന്നോട്ടു വരേണ്ടതുണ്ട്. അവർ തങ്ങളുടെ പെൺമക്കളെ ആൺമക്കളേക്കാൾ കുറച്ച് കാണുന്നത് ഉപേക്ഷിക്കേണ്ട സമയമായി. പാരമ്പര്യമായി പെൺകുട്ടികളെ മാത്രം എല്പിച്ചിരുന്ന ജോലികൾ ആൺകുട്ടികളേയും ഏല്പിക്കേണ്ടിയിരിക്കുന്നു. ആൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് വലിയ താല്പര്യം കാണിക്കുന്നതുപോലെ തന്നെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും അതീവ താല്പര്യം കാണിക്കണം.

കഴിഞ്ഞ കുറേ ദശകങ്ങളായി സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾക്കെതിരെ ജാഗ്രത പുലർത്തി നേടിയെടുത്ത വളർച്ചയുടെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. എന്നാൽ നഗര-ഗ്രാമീണ സ്ത്രീകൾ തമ്മിൽ ഇപ്പോഴും ചില പൊരുത്തക്കുറവുകൾ ഉണ്ട്. നഗരത്തിലെ സ്ത്രീകൾക്ക് ഒരു വലിയ പരിധിവരെ അവരുടെ അവകാശങ്ങൾ ലഭിക്കുവാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഗ്രാമീണ സ്ത്രീകൾ ഇന്നും ഇരുട്ടിൽ ജീവിക്കുകയാണ്. ഒരു സന്നദ്ധസംഘടനയോടൊപ്പം പ്രവർത്തിക്കുമ്പോൾ എനിക്ക് മനസ്സിലായത് വിദൂര ഉൾനാടൻ പ്രദേശങ്ങളിൽ ഒരേ യൂണിഫോം നാല് കുട്ടികൾക്കു വരെ പങ്കുവച്ച് ധരിക്കേണ്ടി വരുന്നു എന്നതാണ്. ഇങ്ങനെ വരുമ്പോൾ പെൺകുട്ടികളുടെ സ്ഥാനം അവസാനത്തേതാകുന്നു. അങ്ങനെ

■ **പുരുഷമേധാവിത്വത്തിന്റെ സ്വാധീനത്തിൽപ്പെട്ട് സ്ത്രീ തന്റെ ശക്തി തിരിച്ചറിയുന്നില്ല.**

■ **തങ്ങളുടെ പെൺമക്കളെ ആൺമക്കളേക്കാൾ ചെറുതായി കാണുന്ന പ്രവണത സ്ത്രീകൾ ഉപേക്ഷിക്കണം.**

■ **ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ സ്ത്രീകൾ അവരുടെ ആരോഗ്യത്തെ തികച്ചും അവഗണിക്കുന്നു.**

അവൾക്ക് മിക്കവാറും വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ശാരീരികവും ജീവശാസ്ത്രപരവുമായ വ്യത്യാസം നിലനിൽക്കെ, പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾക്ക് ആരോഗ്യസംരക്ഷണ സൗകര്യങ്ങൾ കൂടുതലായി ആവശ്യമുണ്ട്. എന്നാൽ ഗ്രാമീണ മേഖലകളിൽ അടിസ്ഥാനപരമായ ആരോഗ്യസേവന സൗകര്യങ്ങൾപോലും ലഭ്യമല്ല. അവിടുത്തെ സ്ത്രീകളുടെ ആരോഗ്യത്തെ ഇത് വളരെ പ്രതികൂലമായി ബാധിക്കുന്നു.

സ്ത്രീകളുടെ മോശമായ ആരോഗ്യസ്ഥിതിക്ക് ഒരു കാരണം അവർ തന്നെയാണ്. ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ സ്ത്രീകൾ തങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് തികച്ചും ശ്രദ്ധയില്ലാത്തവരാണ്. എല്ലാകാര്യങ്ങളിലും അവർ തങ്ങൾക്ക് അവസാനത്തെ സ്ഥാനമാണ് കല്പിക്കുന്നത്. കുടുംബത്തെ മുഴുവൻ തീറ്റിപ്പോറ്റിയതിനുശേഷം ബാക്കി ശേഷിക്കുന്നത് കൊണ്ട് വയറ് നിറയ്ക്കുന്ന പരമ്പരാഗതമായ ചിന്താഗതി ഇന്നും അവരിൽ ആഴത്തിൽ കടന്നുകൂടിയിരിക്കുകയാണ്. വീട്ടമ്മമാർ കുടുംബത്തിന്



മുൻതൂക്കം നൽകി തങ്ങളുടെ ആവശ്യങ്ങളെ അവഗണിക്കുമ്പോൾ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് ജീവിക്കാൻ വേണ്ടി നിത്യേനയുള്ള അവരുടെ നെട്ടോട്ടത്തിനിടയിൽ തങ്ങളെ സംരക്ഷിക്കാനുള്ള സമയംതന്നെ കണ്ടെത്താൻ കഴിയുന്നില്ല.

**അമ്മമാരാകുക എന്ന അതുല്യമായ ശക്തി**

ഇങ്ങനെ നോക്കുമ്പോൾ പുരുഷമനോഭാവവും സ്ത്രീക്ക് തന്നോട് തന്നെയുള്ള കാഴ്ചപ്പാടും അവരുടെ ശാക്തീകരണത്തിന്റെ ദിശയിൽ ഏറ്റവും വലിയ തടസ്സമായിരിക്കുകയാണ്. സമൂഹം അവളിൽ വേണ്ടത്ര ആത്മവിശ്വാസം ജനിപ്പിക്കുന്നില്ല. ഏതെങ്കിലും സ്ത്രീയുടെ വളർച്ചയെ ഒരു സ്വന്തം നേട്ടമായി കാണത്തക്കരീതിയിൽ ഭാരതീയ സമൂഹം ഇന്നും പക്വത നേടിയിട്ടില്ല എന്ന് പറയാം. പുരുഷനുമായി ഒരു ഏറ്റുമുട്ടൽ സൃഷ്ടിക്കാതെ തന്നെ തങ്ങളുടെ വിജയത്തിന്റെ പാത തെളിയിച്ചെടുക്കുക എന്നതാണ് മാതൃകാപരമായ നിലപാട്. തങ്ങളുടെ അവകാശ സമരങ്ങൾ നയിക്കുമ്പോൾതന്നെ തങ്ങളുടെ നൈസർഗ്ഗികമായ ഗുണങ്ങളെ ത്യജിച്ചു കളയരുതെന്ന് ഞാൻ സ്ത്രീകളോട് ഒരു അഭ്യർത്ഥനകൂടി നടത്തുവാൻ ആഗ്രഹിക്കുന്നു. പ്രകൃതി സ്ത്രീക്ക് അമ്മയാകുവാനുള്ള അതുല്യമായ ഒരു ശക്തി നൽകിയിട്ടുണ്ട്. സ്ത്രീ ഇതിൽ അഭിമാനം കൊള്ളണം. സ്ത്രീ പുരുഷനാകേണ്ടതില്ല എന്ന് ഓർമ്മയിരിക്കട്ടെ. അവർ പുരുഷനും കുടുംബത്തിനും ഇടയിൽ സന്തുലിതമായ ഒരു സ്ഥിതി കൈവരിച്ച് സ്ത്രീ ആയി പിറന്നതിനെ ആഘോഷമാക്കി മാറ്റണം. അപ്പോൾ മാത്രമേ നമ്മുടെ സമൂഹത്തിൽ ദൂരവ്യാപകമായ മാറ്റങ്ങൾ സംഭവിക്കൂ. ■

*നവഭാരത് ടൈംസിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് മുംബൈയിൽ നടന്ന ചടങ്ങിൽ നവഭാരത് ടൈംസിന്റെ ഗസ്റ്റ് എഡിറ്റർ എന്ന നിലയിൽ, പ്രശസ്തയായ ബോളിവുഡ് താരം വിദ്യാ ബാലൻ ചെയ്ത പ്രസംഗം 29.06.2010ലെ നവഭാരത് ടൈംസിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ മലയാള പരിഭാഷ.*

*വിവർത്തനം:* ***ഡോ. എം.എസ്.ആർ. പിള്ള***

(കടപ്പാട്: നവഭാരത് ടൈംസ്, 29.06.2010)

ഡോ: മരിയ ലിസ മാത്യു





സംസ്ഥാന സർക്കാരിന്റെ മികച്ച പൗൾട്രി ഫാർമറിനുള്ള ഇരുപത്തയ്യായിരം രൂപയുടെ സംസ്ഥാന അവാർഡ് ലഭിച്ച വിവരം അറിയിച്ചപ്പോൾ പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് പഞ്ചായത്തിലെ ടി.വി. റംലത്ത് സന്തോഷാശ്രു പൊഴിച്ചു.

13 വർഷം മുമ്പ് മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ നേഴ്സറി തുടങ്ങാൻ റംലത്തിനെ പ്രേരിപ്പിച്ചത് വെറ്ററിനറി ഡോക്ടറായ സഹോദരൻ അഷറഫായിരുന്നു. *എന്താണീ കോഴിക്കുഞ്ഞുങ്ങളുടെ നേഴ്സറി?* റംലത്ത് നിഷ്കളങ്കമായി ചോദിച്ചു.

*ഒരു ദിവസം പ്രായമുള്ള കുഞ്ഞുങ്ങളെ വാങ്ങി 2 മാസം വരെ വളർത്തി വില്ക്കുന്ന സംരംഭത്തിനാണ് എക്ഷർ നേഴ്സറീന്ന് പറയുന്നത്. വിരയിളക്കണം, പ്രതിരോധ കുത്തിവെപ്പെടുക്കണം, അതൊക്കെ ഞാൻ പഠിപ്പിക്കാം,* എന്നിട്ടും റംലത്ത് മടിച്ചു.

കോഴിക്കോട് ഹോട്ടലിൽ ജോലിയായിരുന്ന ഭർത്താവ് മൊയ്തുണ്ണിയോട് കാര്യങ്ങൾ വിസ്തരിച്ച് പറഞ്ഞു. നേഴ്സറി തുടങ്ങാൻ സമ്മതം മൂളുമ്പോൾ മെയ്തുണ്ണിക്ക് ധൈര്യം അളിയൻ അഷറഫായിരുന്നു.

800 കോഴിക്കുഞ്ഞുങ്ങളെ വളർത്താവുന്ന ഒരു ഷെഡ്ഡാണ് ആദ്യം പണിതത്. മലമ്പുഴയിലുള്ള സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്ന് ഒരു ദിവസം പ്രായമുള്ള 800 കോഴിക്കുഞ്ഞുങ്ങളുമായി റംലത്ത് നേഴ്സറിക്ക് തുടക്കം കുറിച്ചു.

# പാലക്കാടിന്റെ മുറ്റം നിറച്ച റംലത്തിന്റെ കോഴിക്കുഞ്ഞുങ്ങൾ

**റംലത്തിന്റെ സംരംഭം പലർക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് വലിയ പ്രചോദനമാണ്. അടുക്കള മുറ്റത്തെ കോഴിവളർത്തൽ തുടങ്ങുന്നവരുടെ എണ്ണം പാലക്കാട് ജില്ലയിൽ കൂടിക്കൊണ്ടിരിക്കുന്നു.**

കുഞ്ഞുങ്ങളുടെ ബ്രൂഡിംഗ് പരിപാലനം, പ്രതിരോധ കുത്തിവെയ്പ്പുകൾ എല്ലാം പടിപടിയായി റംലത്ത് പഠിച്ചെടുത്തു. കോഴിക്കുഞ്ഞുങ്ങളുടെ രോഗങ്ങളും മരണവും ഇടയ്ക്കുണ്ടായി.. കുഞ്ഞുങ്ങളെ വിറ്റഴിക്കാനാവാത്ത സന്ദർഭങ്ങളും ഉണ്ടായി. പ്രതിസന്ധികളിൽ തളരാതെ താങ്ങായി സഹോദരൻ.

800 കോഴിക്കുഞ്ഞുങ്ങളെ വളർത്തി 2 മാസമാവുമ്പോൾ മുഴുവനും വിറ്റ് അണുനശീകരണത്തിനായി 2 ആഴ്ച കഴിഞ്ഞ് അടുത്ത ബാച്ചിനെ എടുക്കുന്ന രീതിയാണ് റംലത്ത് സ്വീകരിച്ചിരുന്നത്. മുട്ടക്കോഴിക്കുഞ്ഞുങ്ങൾക്ക് ആവശ്യക്കാരേറുകയും റംലത്തിന്റെ ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളുടെ ഖ്യാതി പ്രചരിക്കുകയും ചെയ്തതോടെ റംലത്ത് കൂടുതൽ ഷെഡ്ഡുകൾ പണിതു. കോഴിക്കുഞ്ഞുങ്ങളെ വിവിധ പ്രായത്തിൽ വിവിധ ഷെഡ്ഡുകളിൽ വളർത്തുവാൻ തുടങ്ങി. ആദായം വർദ്ധിച്ചതോടെ വീട് പുതുക്കിപ്പണിതു. മക്കൾ 3 പേർക്കും നല്ല വിദ്യാഭ്യാസം നൽകി. മൂത്ത മകളെ വിവാഹം ചെയ്തയച്ചു.

45 ദിവസം മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴിക്കുഞ്ഞിന് വില 50 രൂപയായിരിക്കുന്നത് സർക്കാർ ഉയർത്തി 60 രൂപയാക്കി. ഇത് വലിയ ആശ്വാസമായെന്ന് റംലത്ത്. 6 ആഴ്ച പ്രായമാകുമ്പോൾ വിരയിളക്കി ഒരാഴ്ച കഴിഞ്ഞ് കോഴി വസന്തയ്ക്കെതിരെ കുത്തിവെയ്പ് എടുത്ത് 45 ദിവസം പ്രായമായാൽ കോഴിക്കുഞ്ഞുങ്ങളെ വില്ക്കാമെങ്കിലും നിശ്ചിത തൂക്കമെത്താതെ റംലത്ത് വില്ക്കില്ല. ക്ഷീണമുള്ളതിനേയും തൂക്കം കുറവുള്ളതിനേയും കൂടുതൽ ദിവസം പ്രത്യേക പരിചരണവും തീറ്റയും കൊടുത്ത് ആരോഗ്യവും തൂക്കവും ഉറപ്പാക്കിയിട്ടേ വില്ക്കൂ. അതു തന്നെയാണ് റംലത്തിന്റെ കോഴിക്കുഞ്ഞുങ്ങളുടെ ഖ്യാതി പാലക്കാടും കടന്ന് അന്യജില്ലകളിലുമെത്താൻ കാരണം. സബ്സിഡിയൊന്നും കിട്ടിയിട്ടില്ലെങ്കിലും കാക്കക്കേടു തീർന്ന, വിരയിളക്കിയ, പ്രതിരോധ കുത്തിവെയ്പ്പെടുത്ത ആരോഗ്യമുള്ള കോഴിക്കുഞ്ഞുങ്ങളെ കിട്ടിയാൽ വളർത്താൻ താല്പര്യമുള്ള ധാരാളം ആളുകൾ ഉണ്ടെന്നാണ് അനുഭവത്തിന്റെ വെളിച്ചത്തിൽ റംലത്ത് പറയുന്നത്. വെറ്ററിനറി ഡോക്ടർമാർ ഇത് ശരിവെയ്ക്കുന്നു. പാലക്കാടു ജില്ലയിൽ റംലത്തിന്റെ കോഴിക്കുഞ്ഞുങ്ങൾ എത്താത്ത പഞ്ചായത്തുകൾ ഇല്ല. അതുകൊണ്ടുതന്നെ ഇന്ന് പാലക്കാടിന്റെ മുറ്റം നിറയെ റംലത്തിന്റെ കോഴികളും, അവയുടെ കുഞ്ഞുങ്ങളുമാണ്.

ഒറ്റപ്പാലത്തു വെച്ച് കഴിഞ്ഞ വർഷം മൃഗസംരക്ഷണ വകുപ്പ് നടത്തിയ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സ്വന്തം അനുഭവം പങ്കുവെച്ച് അവിടെ വന്നിരുന്ന സംരംഭകർക്ക് പ്രചോദനമായി റംലത്ത്. പഠിപ്പും പത്രാസുമൊന്നുമില്ലാത്ത വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന തനിക്ക് ഇത്രയും വലിയ ഒരു സദസ്സിനോട് സംസാരിക്കാനുള്ള അവസരവും ധൈര്യവും നൽകിയത് തന്റെ എക്ഷർ നേഴ്സറിയാണെന്ന് സംതൃപ്തിയോടെ റംലത്ത് പറഞ്ഞു. കൈ പിടിച്ച് കൂടെ നടക്കുന്ന സഹോദരനും പ്രോത്സാഹനവുമായി കൂടെ നില്ക്കുന്ന ഭർത്താവുമാണ് തന്റെ പ്രസ്ഥാനം വിജയിക്കാൻ കാരണമെന്ന് നന്ദിയോടെ റംലത്ത് ഓർക്കുന്നു.

റംലത്തിന്റെ സംരംഭം പലർക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് വലിയ പ്രചോദനമാണ്. അടുക്കള മുറ്റത്തെ കോഴിവളർത്തൽ തുടങ്ങുന്നവരുടെ എണ്ണം പാലക്കാട് ജില്ലയിൽ കൂടിക്കൊണ്ടിരിക്കുന്നു. 50 മുതൽ 100 മുട്ടകോഴികളെ വളർത്തുന്ന ചെറുകിട യൂണിറ്റുകൾ തുടങ്ങുന്നവരും ഉണ്ട്. വളർത്തലിന്റെ വിവിധ വശങ്ങൾ ആരാഞ്ഞ് ദിവസേന ഫോണിലും അല്ലാതെയും എത്തുന്ന അന്വേഷണങ്ങൾക്ക് മറുപടിയും കോഴി വളർത്തൽ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് ആത്മധൈര്യവും നൽകുന്ന റംലത്തിന് സംസ്ഥാന സർക്കാരിന്റെ ഈ അംഗീകാരം തികച്ചും അർഹതപ്പെട്ടതുതന്നെ. ■

*ലേഖിക*
*പാലക്കാട് ജില്ലാ മൃഗസംരക്ഷണ*
*ഓഫീസറാണ്*



**ശശി മാവിൻമൂട്**



# പെൺമനസ്സ്

ചില നേരങ്ങളിൽ
തെളിഞ്ഞൊരാകാശം
ചിലപ്പോൾ ശോകം
വന്നെരിച്ച കാർമേഘം
നിലാവുപോൽ മെല്ലെ
ചിരിച്ചുപൂക്കവേ
മഴക്കണ്ണീർപോലെ
പതിക്കുന്നു താഴെ
വെളിച്ചമേകുവാൻ
തിരക്കു കൂട്ടുമ്പോൾ
ഇരുട്ടു വന്നെടു–
ത്തെറിഞ്ഞുടയ്ക്കുന്നു.
കുടത്തിനുള്ളിലെ
വിളക്കുപോൽ സ്വയം
വെളിച്ചമേകുവാൻ
കൊതിച്ചിരിക്കുന്നു.
എരിഞ്ഞു തീരുന്ന
മെഴുകുതിരി നാളം
എരിച്ച ചാരം പോൽ
പുകഞ്ഞ നൊമ്പരം
കദന സാഗരം
മുറിച്ചു നീന്തുമ്പോൾ
കളിയരങ്ങിലെ
കഥ നീയാകുന്നു.
നീയമാവാസി
വിശുദ്ധ പഞ്ചമി
പുതിയ പുഞ്ചിരി
നിറച്ച പൗർണ്ണമി ■




### അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ്: മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ്/ഉത്തരവുകൾ നൽകുമ്പോൾ പാലിച്ചിരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന പല നോട്ടീസുകളും ഉത്തരവുകളും നിയമാനുസൃതമായിട്ടല്ലാത്തതിനാൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാൻ നിർവാഹമില്ലാതെ വരുന്നതിനാലാണ് സർക്കാർ ഇതു സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചത്. നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുമ്പോൾ ചട്ടം ലംഘിക്കുന്നുണ്ടെന്ന് സ്ഥലം പരിശോധിച്ച ശേഷമേ ഉറപ്പാക്കാവൂ. സ്ഥല പരിശോധനയിൽ ചട്ടം ലംഘിച്ചിട്ടുണ്ടെന്ന് ഉറപ്പാകുന്നപക്ഷം കക്ഷിക്കു നൽകുന്ന നോട്ടീസുകളിൽ ചട്ടത്തെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണം നൽകിയിരിക്കണം. കെ.എം.ബി.ആർ. 1999ലെ റൂളിന്റെ നമ്പരും വിവരങ്ങളും കാണിച്ചിരിക്കണം. പഞ്ചായത്തുകളിൽ പഞ്ചായത്ത് രാജ് വകുപ്പുകളും, മുനിസിപ്പൽ/കോർപ്പറേഷനുകളിൽ മുൻസിപ്പാലിറ്റി ആക്ടിന്റെ സെക്ഷനും കാണിച്ചുകൊണ്ടായിരിക്കണം നോട്ടീസ് നൽകേണ്ടത്. മുനിസിപ്പാലിറ്റി/പഞ്ചായത്ത് ആക്ട് കെട്ടിട നിർമ്മാണ ചട്ടം എന്നിവ ഉൾപ്പെടെ മറ്റു ചട്ടങ്ങളും ബാധകമാകുന്ന പക്ഷം അവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ രീതിയിൽ ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം നോട്ടീസ് നൽകേണ്ടത്. ടൗൺ പ്ലാനിങ് സ്കീമുകൾ ഉള്ള പക്ഷം അവയ്ക്ക് അനുസൃതമായല്ല നിർമ്മാണം നടത്തുന്നത് എങ്കിൽ അവ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. തീരദേശ പരിപാലന നിയമം ലംഘിക്കുന്ന പക്ഷം അവ വ്യക്തമായി നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട നോട്ടീസ് കക്ഷികൾക്ക് നൽകുന്നത് ചട്ടത്തിൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരമോ, അല്ലാത്തപക്ഷം സർക്കാർ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കേണ്ടതാണ്. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട നോട്ടീസുകൾ നൽകുമ്പോൾ വ്യക്തവും കൃത്യവുമായ അളവുകൾ കാണിച്ചുകൊണ്ടുള്ള മഹസ്സർ തയ്യാറാക്കേണ്ടതും മഹസ്സർ തയ്യാറാക്കുമ്പോൾ ഒരു ഫോട്ടോ എടുത്ത് മഹസ്സറിനോടൊപ്പം സൂക്ഷിച്ചിരിക്കേണ്ടതുമാണ്. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകുമ്പോൾ അതിൽ കൃത്യമായ ദിവസങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽ ദിവസങ്ങൾക്കുള്ളിൽ തന്നെ നടപടി സ്വീകരിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമ്പോഴോ, പെർമിറ്റ് റദ്ദു ചെയ്യുമ്പോഴോ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം അപേക്ഷകനെ കേൾക്കുന്നതിനുള്ള അവസരം നൽകുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### അംഗൻവാടികളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് പെട്ടി വാങ്ങാം.

അംഗൻവാടികളിൽ ഭക്ഷ്യസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ധാന്യപ്പെട്ടികൾ ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. പ്രത്യേക സ്പെസിഫിക്കേഷനുകളിലുള്ള പെട്ടികളിൽനിന്നും അനുയോജ്യമായത് തെരഞ്ഞെടുത്ത് സിഡ്കോയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സിഡ്കോ സെയിൽസ് എംപോറിയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി അംഗൻവാടികൾക്ക് ലഭ്യമാക്കാവുന്നതാണ്. ഇതിന് മെയിന്റനൻസ്/വികസന/തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. (11.08.2010 ലെ നം. 31852/ഡിസി2/10/തസ്വഭവ നംപർ സർക്കുലർ)

### സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി

പൂരകപോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നംപർ 39033/ഡിസി2/10/തസ്വഭവ, തീയതി 3.9.2010)

### കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 60 – സ്പഷ്ടീകരണം

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 60ന് സ്പഷ്ടീകരണ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചു. വഴിയോ, കെട്ടിട നിർമ്മാണം അസാധ്യമാക്കുന്ന മറ്റു തടസ്സങ്ങളുള്ള ഭാഗമോ ഒഴികെ, യഥാർത്ഥത്തിൽ നിർമ്മാണത്തിനു ലഭ്യമാകുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 125 ചതുരശ്ര മീറ്റർ വരെയെ ഉള്ളുവെങ്കിൽ പ്രസ്തുത പ്ലോട്ടിനെ ചെറിയ പ്ലോട്ടായി പരിഗണിച്ച് അതിന്റെ ആനുകൂല്യം 150 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള ഒറ്റ വാസഗൃഹങ്ങൾക്ക് നൽകാവുന്നതാണ്. എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ വിസ്തൃതി ജില്ലാ ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. (30.08.2010 ലെ സ.ഉ.(എം.എസ്)നം.187/10/തസ്വഭവ ഉത്തരവ് നംപർ)

### അംഗൻവാടി വർക്കർ പെൻഷൻ ഭേദഗതി ചെയ്തു

ഈ വർഷം ഏപ്രിൽ 30 വരെ 60 വയസ്സ് പൂർത്തിയാക്കി ജോലിയിൽ തുടരുന്ന അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ആഗസ്റ്റ് 31ന് സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കി സെപ്റ്റംബർ 1 മുതൽ പെൻഷൻ അനുവദിച്ചു ഉത്തരവായി.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 **PANCHAYATRAJ** (Monthly) September 2010 Annual Subscription ₹ 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

**DGS&D**
RATE CONTRACT

# ഒമേഗാ
# സൗരോർജ്ജ ഉത്പന്നങ്ങൾക്ക്
# DGS&D റേററ് കോൺട്രാക്ട്



**Solar lantern**

*Model-1: Rs. 3421.00*
*Model-2: Rs. 3802.00*



**Solar Home System**

*Model-1: Rs. 7653.00*
*Model-2: Rs. 13005.00*
*Model-3: Rs. 13155.00*
*Model-4: Rs. 22823.00*
*Model-5: Rs. 22914.00*



**Solar Streetlight**

*Model-1: Rs. 25187.00*
*Model-2: Rs. 35614.00*
*Model-3: Rs. 36514.00*

ഒമേഗാ ഇലക്ട്രോണിക്സിന്റെ സൗരോർജ്ജ ഉത്പന്നങ്ങളായ സോളാർ ലാന്റേൺ, സോളാർ ഹോംസിസ്റ്റം, സോളാർ സട്രീററ്ലൈററ് എന്നിവക്ക് Director General of Supplies & Disposals (DGS&D) ന്റെ റേററ് കോൺട്രാക്ട് (RC) അപ്രൂവൽ ലഭിച്ചിരിക്കുന്നു. ഇതു പ്രകാരം പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോർപറേഷനുകൾ, മററു ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവക്ക് ഈ ഉപകരണങ്ങൾ DGS&D R.C നിരക്കിൽ ഒമേഗയിൽ നിന്നും വാങ്ങാവുന്നതാണ്.

**OMEGA**
ELECTRONICS

**Only DGS&D RC supplier in Kerala for Solar Products**

* *Price inclusive of 4.04% VAT*
* *Price inclusive of 2 year warranty*
* *Price inclusive of Installation (Applicable for Solar Home system & Streetlight only)*

**OMEGA ELECTRONICS**
Industrial Estate, Pappanamcode,Trivandrum, Kerala-695 019
e-mail: omega@ammini.com, Website:www.ammini.com

കൂടുതൽ വിവരങ്ങൾക്ക് **94473-20011; 0471-249 0508**